ക്കൂടി വർദ്ധിപ്പിക്കാൻ കഴിയുമോ എന്നുള്ള കാര്യത്തെപ്പററി ആലോചിച്ചപ്പോഠം പ്രധാനപ്പെട്ട കാര്യങ്ങളിൽ ബുദ്ധിമുട്ടുണ്ട്. ഇപ്പോഠം ശമ്പള പരിഷ്കരണം നടത്തിയതേയുള്ളു. ഇപ്പോഠം അവർ സ്കൂളുകളിൽ പോയി അടിച്ചു വാരാൻ പറഞ്ഞാൽ വൈകുന്നേരം വരെ നിന്നു ജോലി ചെയ്യുന്നുണ്ടോ എന്ന് അറിയുകയില്ല. കെയററിൻെറ ആഹാരം വിളമ്പുന്നുണ്ടോ എന്നു ചോദിച്ചാൽ അതൊക്കെ നടക്കും, അതു നാട്ടു നടപ്പാണ്. അതിനൊക്കെ പേ ചെയ്യണമെന്നു പറഞ്ഞാൽ ബുദ്ധിമുട്ടുള്ള കാര്യമാണ്. പാർട്ട്ടൈം എന്നു പറഞ്ഞാൽ അതിനു പറയുന്ന മണിക്കൂർ ജോലി ചെയ്താൽ മതി. ബാക്കി സമയം വേറെപോയി ജോലി ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് ഈ സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നത്, അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് തീർച്ചയായും ആലോചിക്കാമെന്നാണ്. അതേപ്പററി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പ്രതിനിധികളുമായി അതേപ്പററി സംസാരിക്കാൻ തയ്യാറാണ്. അതുകൊണ്ട് അവർ ഇപ്പോഠം ആരംഭിച്ചിട്ടുള്ള സമരത്തിൽനിന്നു പിൻതിരിയണം. പരമാവധി അവർക്ക് ചെയ്യാൻ കഴിയുന്ന എല്ലാ ആനുകൂല്യങ്ങളും ഗവൺമെൻറ് ചെയ്തുകൊണ്ടിരുന്നു. ഇപ്പോഠം ചെയ്യാൻ തയ്യാറാണ്. അവരുടെ മാനുഷികമായ പ്രശ്നങ്ങളിൽ ഗവൺമെൻറിന് ഇപ്പോഴും അനുഭാവമുണ്ടെന്നു ഞാൻ പറയുകയാണ്.

ശ്രീ. എം. വി. രാഘവൻ: പാർട്ട്ടൈമാണെങ്കിലും അവർ ഫുഠംടൈം ജോലി ചെയ്യുന്നുണ്ട്. വൈകുന്നേരം പോയാൽ പിറേറന്നു രാവിലെ തിരിച്ചു പോകാൻ കഴിയുകയുള്ളു. അവർ എൽ. പി. സ്കൂളുകളിൽ ഫുഠംടൈം ജോലിയാണ് ചെയ്യുന്നത്. പ്രസവകാലാനുകൂല്യം മററുള്ളവർക്ക് മൂന്നു മാസം കൊടുക്കുമ്പോഠം പാർട്ട്ടൈമായതുകൊണ്ട് ഇവർക്ക് ഒന്നരമാസം കൊടുത്തു കൂടേ?

III. റിപ്പോർട്ടു സമർപ്പണം

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററിയുടെ 18-ാമതു റിപ്പോർട്ട്

ശ്രീ എം. കെ. കൃഷ്ണൻ: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററിയുടെ 18-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

[Mr. Deputy Speaker in the Chair]

IV. നിയമനിർമ്മാണകാര്യം

1978-ലെ കേരള ഡിസ്ട്രിക്ററ് അഡ്മിനിസ്ട്രേഷൻ ബിൽ

പരിഗണനക്കെടുക്കൽ ചർച്ച (തുടർച്ച)

ഫസ്ററ് ഷെഡ്യൂഠം

മി. ഡെപ്യൂട്ടി സ്പീക്കർ: സെലക്ററു കമ്മിററി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ജില്ലാ ഭരണ ബില്ലിൻെറ ഒന്നാം ഷെഡ്യൂളിലെ എൻട്രി നമ്പർ ഒന്നിന് ശ്രീ. പി. പി. എസ്തോസിന് ഭേദഗതി അവതരിപ്പിച്ചു സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Shri P. P. Esthose: Sir, I move:

In the first Schedule in Entry I add the following item (3):

"(3) Acquisition of land for public purpose of the District Administration"

ഇത് 1971-ൽ സഭയുടെ മുമ്പാകെ പരിഗണനയ്ക്ക് വന്ന റിപ്പോർട്ടിലും പരിഗണിച്ചിട്ടില്ല. സെലക്ററു കമ്മിററിയുടെ റിപ്പോർട്ടിൽ ഷെഡ്യൂൾ ഒന്നിൽ Administration of land revenue വിൽ Assignment of Government lands and (2) Maintenance of revenue records എന്നു മാത്രമാണ് പറഞ്ഞിരിക്കുന്നത്. മെയിൻറനൻസ് ഓഫ് റവന്യൂ റിക്കാർഡ് എന്നു പറഞ്ഞാൽ സെലക്ററു കമ്മിററിയുടെ സ്റേറജിൽ പോലും വളരെക്കൂടുതൽ ചർച്ച വന്നതും മനസ്സിലാക്കാൻ കഴിയാത്ത മറുപടികൊണ്ട് തൃപ്തിപ്പെടേണ്ടതായിവന്നതുമാണ്. കാരണം റിക്കാർഡ് മെയിൻറനൻസ് ചെയ്യണമെങ്കിൽ അതിൻെറ അഡ്മിനിസ്ട്രേഷൻ കൺട്രോളും മെയിൻറനൻസ് ചെയ്യുന്ന ഡിപ്പാർട്ടുമെൻറിനുണ്ടായിരിക്കണം. അങ്ങനെയല്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിന് അല്ലെങ്കിൽ സമിതിക്ക് എങ്ങനെയാണ് റിക്കാർഡ് മെയിൻറനൻസ് പരിമിതപ്പെടുത്താൻ കഴിയുമെന്നുള്ളതിന് വിശദീകരണം ഈ സഭയ്ക്ക് ലഭിച്ചാൽ മാത്രമേ അത് അംഗീകരിക്കാൻ കഴിയുകയുള്ളു. കാരണം സെലക്ററു കമ്മിററി സ്റേറജിൽ വേണ്ടത്ര വിശദീകരണം ലഭിക്കുകയുണ്ടായില്ല. എൻെറ ഭേദഗതി എന്താണെന്നു വച്ചാൽ അക്വിസിഷൻെറ കാര്യത്തിലാണ്. ലാൻറ് അക്വിസിഷൻ ആക്ററ് ഈ ഭേദഗതി അംഗീകരിച്ചാൽ അതിനു സൂട്ടബിളായി മോഡിഫൈ ചെയ്യേണ്ടി വരും. ജില്ലാ കൗൺസിലിന് ലാൻറ് അക്വിസിഷൻ നടത്തുന്നതിനുള്ള നടപടി റവന്യൂ ഡിപ്പാർട്ടുമെൻറിനെക്കൊണ്ട് ചെയ്യിക്കത്തക്ക വിധത്തിൽ ഭേദഗതി വേണ്ടി വരും. ലാൻറ് അക്വിസിഷനെ സംബന്ധിച്ച ഭേദഗതിയെപ്പററി സെലക്ററു കമ്മിററിയുടെ വിയോജനക്കുറിപ്പിൻെറ ഭാഗമായി വിശദീകരിക്കുകയുണ്ടായി. നമ്മുടെ റവന്യൂവിൻെറ ഭാഗമായി ഇന്നു നിൽക്കുന്ന അക്വിസിഷൻ റൈററ് അർജൻറ് ക്ലാസിൽ ഇപ്പോൾ എടുത്തു ഉപയോഗിക്കുവാൻ കഴിയുന്ന ഒരു ക്ലാസാണെന്നു ഇതുവരെയുള്ള അനുഭവം എടുത്തു പരിശോധിച്ചാൽ എനിക്കില്ല. വളരെ പ്രധാനപ്പെട്ട, നാഷണൽ ഹൈവേയുടേയോ, ഇറിഗേഷൻ പ്രോജക്ററുകളുടേയോ അതുപോലുള്ള വളരെ പ്രധാനപ്പെട്ട ആവശ്യങ്ങളുടെ പേരിൽ മാത്രമാണ് ലാൻറ് അക്വിസിഷന് അർജൻറ് ക്ലാസിൽപ്പെടുത്തി നടപടി സ്വീകരിക്കാൻ കഴിയുകയുള്ളു. അങ്ങനെയല്ലാത്തതിന് ഒട്ടേറെ പ്രതിബന്ധങ്ങളുണ്ട്. ഒരു ഉദാഹരണം എനിക്ക് പറയാനുള്ളത്, ഈ സഭയിലെ ഒരംഗമായിരുന്ന പരേതനായ ശ്രീ. കെ. എം. ജോർജിൻെറ പേരിൽ ഒരു മെമ്മോറിയൽ ഹാൾ കെട്ടുന്നതിന് മൂവാററുപുഴ മുനിസിപ്പാലിററി തീരുമാനിച്ചു. രണ്ടു മൂന്നു വർഷങ്ങൾ കഴിഞ്ഞു. അതിനുവേണ്ടി വിട്ടു കിട്ടിയ സ്ഥലത്തിൻെറ തൊട്ട് അഞ്ചോട്ട് എൻട്രിയായിട്ടു കിടക്കുന്ന ഒരു ചെറിയ പോർഷൻ സർവ്വേ നമ്പരിൽ എന്തോ പിശകു വന്നു എന്നതിൻെറ പേരിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. അക്വിസിഷനിൽ പെട്ടില്ല. അതിനുശേഷം വീണ്ടും റെക്ററിഫൈ ചെയ്തുകൊണ്ട് അക്വിസിഷൻ പ്രൊസീഡിംഗ്സ് ആരംഭിച്ചപ്പോൾ ഗവൺമെൻറിൽനിന്നും സ്റേറ വാങ്ങി. അതിൻെറ പിന്തുണയോടു കൂടി ആ സ്റേറയുടെ കാലാവധി തീരുന്നതിനു മുമ്പ് കോടതിയിൽനിന്ന് മറെറാരു സ്റേറ വാങ്ങി. അങ്ങനെ കോടതിയിൽനിന്നും ഗവൺമെൻറിൽ നിന്നും സ്റേറ വാങ്ങിയതിൻെറ ഫലമായി ഇന്നും ആ സ്ഥലം എടുക്കാൻ കഴിയാതെ മെമ്മോറിയൽ ഹാളിൻെറ പണി സ്തംഭിച്ചിരിക്കുകയാണ്. ഇത് വളരെ പ്രാധാന്യമുള്ള ഒരു പൊതുസ്ഥാപനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വില്ലേജു റോഡിനുവേണ്ടി ക്ലാസ് 2 മൈനർ ഇറിഗേഷന്നുവേണ്ടി ഒരു സെൻറാ അല്ലെങ്കിൽ രണ്ടു സെൻറാ സ്ഥലം കൂടി എടുത്താൽ മാത്രമേ ചാനൽ വെട്ടാൻ കഴിയൂ. അതിനെ അർജൻസി ക്ലാസിൽപ്പെടുത്തുക എളുപ്പമുള്ള കാര്യമല്ല. ഏതെങ്കിലും ഒരു ഭൂവുടമക്ക് അതിനടുത്ത് നിലമുണ്ടായാൽ അയാളുടെ സ്ഥലത്ത് ഒരു പക്ഷേ നാലോ അഞ്ചോ തെങ്ങോ മററു ഇംപ്രൂവ്മെൻറാ ഉണ്ടായി എന്നു വരും. ആ കാരണത്താൽ അവർ സ്വയം വിട്ടു കൊടുക്കുകയില്ല. അത് അക്വയർ ചെയ്യുന്ന നടപടി സ്വീകരിക്കുകയെന്നു വച്ചാൽ ദീർഘകാലം വേണ്ടി വരും. ഒന്നോ രണ്ടോ കൺസ്ട്രക്ഷൻ സീസൺ നഷ്ടപ്പെട്ടുപോയി എന്നുവരും. വർഷകാലത്ത് കുളം കുഴിക്കാൻ ഒക്കുകയില്ല.

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോഠംതന്നെ ലാൻറ് അക്വിസിഷനൊക്കെയുള്ള അധികാരങ്ങഠം കളക്ടർക്കുണ്ടല്ലോ. ആ നിലയിൽ ഇപ്പോഠം ഭേദഗതി വരുത്തേണ്ട ആവശ്യമില്ല. സ്പെഷ്യൽ കേസ്സിൽപ്പെടുത്തി അക്വയർ ചെയ്യാനുള്ള അധികാരങ്ങളുണ്ട്. ആ നിലയ്ക്ക് ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യമുണ്ടോ?

ശ്രീ. പി. പി. എസ്തോസ്: അതു ശരിയല്ല. ഇവിടെ കളക്ടർക്ക് രണ്ടു പദവിയാണുള്ളത്. കളക്ടർ എന്നുള്ള പദവി മാറുന്നില്ല. റവന്യൂ അധികാരി എന്നുള്ള നിലയിൽ കളക്ടറുടെ മുകളിൽ ആരുമില്ല. റവന്യൂ അധികാരി എന്ന നിലയിൽ കളക്ടർക്ക് അധികാരം കിട്ടണമെങ്കിൽ ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻെറ ഫസ്റ്റ് ഷെഡ്യൂളിലെ പ്രവർത്തനങ്ങഠംക്കുമാത്രമേ ഡിസ്ട്രിക്റ്റ് കൗൺസിലിൽ നിന്ന് ഡയറക്റ്റീവ് കൊടുക്കാൻകഴിയൂ. അതല്ലാതെ ഡയറക്ററായി കളക്ടർ എന്ന നിലയിലാണ് കിട്ടുന്നത്. പഞ്ചായത്തിൽ നിന്നായാലും മുനിസിപ്പാലിററിയിൽ നിന്നായാലും കിട്ടിക്കൊണ്ടിരിക്കുന്നത് കളക്ടർക്കാണ്. അതേ സമയത്ത് ഫസ്റ്റ് ഷെഡ്യൂളിൽ ഉഠംപ്പെടുത്തുന്നതിൻെറ ഫലമായി ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ കൗൺസിലിന് കൺട്രോഠം വരും. ഇപ്പോഠം സെക്രട്ടറിക്ക് ഡയറക്ഷൻ കൊടുക്കാൻ കഴിഞ്ഞാൽ സെക്രട്ടറിക്ക് ഇംപ്ലിമെൻറു ചെയ്യാൻ ബാദ്ധ്യതയുണ്ട്. മറിച്ച് കളക്ടർ എന്ന നിലയിൽ ഒന്നിച്ച് കമ്മിററി കൂടുന്ന സമയത്ത്, ഇങ്ങനെയൊരു പ്രശ്നമുണ്ട്, അതുകൂടി പരിഗണിക്കണമെന്നു പറയാമെന്നതൊഴിച്ചാൽ പിന്നെ കളക്ടർ എന്ന പദവിയാണുണ്ടാകുക. ജില്ലാ കൗൺസിലിൻെറ സെക്രട്ടറി കളക്ടർ അല്ലാതായിത്തീരുന്നില്ല. കളക്ടർ എന്ന നിലക്ക് ഒട്ടേറെ ചുമതലകഠം അദ്ദേഹത്തിനുണ്ട്. അതും ഇതും ഒരാളായി വരും എന്നുള്ളതുകൊണ്ട് രണ്ടു തരത്തിൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളു. മുൻസിഫും മജിസ്ട്രേട്ടും ഒരാളായി വരും. രണ്ടും രണ്ടു വകുപ്പനുസരിച്ചാണ് കാര്യങ്ങഠം നടത്തുന്നത്. മുൻസിഫിന് മുൻസിഫിൻെറ അധികാരപരിധിയിലുള്ള കാര്യങ്ങളേ ചെയ്യാൻ കഴിയുകയുള്ളു.

ശ്രീ. ഇ. അഹമ്മദ്: മുൻസിഫ് മജിസ്ട്രേട്ട് വേറെയുണ്ട്

ശ്രീ. പി. പി. എസ്തോസ്: അവർക്ക് രണ്ടുതരത്തിൽ മാത്രമേ ജോലി ചെയ്യാൻ പററുകയുള്ളു. ഈ കാര്യത്തിൽ ജില്ലാ ഭരണസമിതിക്ക് വികസന പ്രവർത്തനങ്ങളാണ് അതിൻെറ മുഖ്യമായ ചുമതല എന്നുള്ള നിലയ്ക്ക് ആ വികസന പ്രവർത്തനങ്ങളുടെ പ്രധാന ഘടകം,

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങളുണ്ട്. ഒരു വില്ലേജ് റോഡിന് അല്ലെങ്കിൽ വായനശാലക്ക് ശകലം സ്ഥലം വേണം. ഒരു പ്ലോട്ടു കൊടുക്കുന്നു, മറെറാരു പ്ലോട്ട് കൊടുക്കുന്നില്ല. രണ്ടു സെൻറിൻെറ കാര്യം വരുന്നു. അതുപോലെ ഒരു പൊതുകിണറു വേണം. അതിന് രണ്ടു പാർട്ടികൾ സ്ഥലം കൊടുക്കാൻ തയ്യാറല്ല. ഇങ്ങനെയുള്ള നൂറു നൂറു പ്രശ്നങ്ങൾ ലാൻറ് അക്വിസിഷനുമായി ബന്ധപ്പെട്ട്, അടിയന്തിരമായി ആ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കേണ്ടതുണ്ടെങ്കിൽ അതിനുവേണ്ടി പണം നീക്കിവച്ചാൽ പോലും സാങ്കേതികമായ തടസ്സങ്ങൾ ഉന്നയിക്കുന്നതുകൊണ്ട് അതിനു വേണ്ടി കോടതിയിലും മററും കയറി നടക്കുന്നത് ഒഴിവാക്കാൻ കഴിയണമെങ്കിൽ അതിൻെറ നെസസിററി മനസ്സിലാക്കിക്കൊണ്ട് അർജൻസി ക്ലാസിൽപ്പെടുത്തി നടപടി നടത്താൻ കഴിയുന്ന അഡ്മിനിസ്ട്രേഷൻ കൺട്രോൾ ഡിസ്ട്രിക്ററ് കൗൺസിലിനു വേണം. അങ്ങനെ വേണമെങ്കിൽ ഫസ്ററ് ഷെഡ്യൂളിൽ ഉൾക്കൊള്ളിക്കണമെന്നുള്ളതാണ് ഞാൻ ഈ അമെൻറുമെൻറ്കൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ശ്രീ എസ്തോസ് അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ എതിർക്കുന്നു. ലാൻറ് അക്വിസിഷൻ ആക്ററുപ്രകാരമാണ് അക്വിസിഷൻ നടത്തേണ്ടത്. അതുകൊണ്ട് ഇത് ഉൾപ്പെടുത്തേണ്ടതില്ലെന്നാണ് എൻെറ അഭിപ്രായം.

The amendment moved by Shri P. P. Esthose was put and lost.

The question that Entry No. 1 stands part of the First Schedule was put and carried.

Entry No. 1 was added to the First Schedule.

Entry Nos. 2 to 4

The question that Entry Nos. 2 to 4 stand part of the Bill was put and carried.

Entry Nos. 2 to 4 were added to the First Schedule.

Entry No. 5

Shri P. P. Esthose: Sir, I move: "In the First Schedule, in Entry V add the following as item No. (1) and renumber the existing items:—

(1) --Administration of Co-operative Societies."

നമ്മുടെ നാട്ടിൽ "അന്യരുടെ പന്തലിൽ തൻെറ വിളമ്പിൻെറ സാമർത്ഥ്യം പ്രകടിപ്പിക്കുന്നു" എന്നൊരു പഴമൊഴിയുണ്ട്. അതിൻെറ തെളിവാണിത്. കോ-ഓപ്പറേററീവ് സൊസൈററികളെ സംബന്ധിക്കുന്ന അഡ്മിനിസ്ട്രേററീവ് കൺട്രോൾ തികച്ചും ഗവൺമെൻറിലാണ് സ്ഥിതി ചെയ്യുന്നത്. സ്റേററ് റജിസ്ട്രാർ, ഡെ: റജിസ്ട്രാർ, അസിസ്ററൻറ് റജിസ്ട്രാർ, സർക്കിൾ യൂണിയൻ ഇൻസ്പെക്ടർ ഇങ്ങനെ ഇതിനൊരു അഡ്മിനിസ്ട്രേററീവ് സെററപ്പുണ്ട്. ഇതിനൊരു സെൻട്രൽ ഓർഗനൈസേഷനുണ്ട്. ഈ സെൻട്രൽ ഓർഗനൈസേഷനാണ് അഡ്മിനിസ്ട്രേററീവ് കൺട്രോൾ ഉള്ളത്. ഡിസ്ട്രിക്ററ്

LIBRARY ARCHIVES Kerala Legislative Assembly

നിലവാരത്തിൽ ക്യാമ്പയിൻ വർക്ക് നടത്തണമെങ്കിൽ, അത് സ്റേററ് ഒട്ടാകെയുള്ള സൊസൈററികളെ സംബന്ധിച്ചിടത്തോളം ധാരാളം ആരോപണങ്ങളുണ്ട്. അത് നല്ലതാകാം, ചീത്തയാകാം, ശരിയാകാം, തെററാകാം. പല സൊസൈററികളെ സംബന്ധിച്ചും പറയുന്നത് ശരിയായിരിക്കണമെന്നില്ല. എങ്കിലും അനവധി സൊസൈററികളെ സംബന്ധിച്ച് ശരിയാണെന്ന് ഈ സഭയിൽത്തന്നെ പല സന്ദർഭങ്ങളിലായി വ്യക്തമാക്കിയിട്ടുണ്ട്. അനവധി അന്വേഷണങ്ങൾ നടക്കുന്നുണ്ട്. രാഷ്ട്രീയ കാരണങ്ങളാൽ പിരിച്ചു വിടപ്പെട്ട സൊസൈററികളെപ്പററിയല്ല പറയുന്നത്. അതു ധാരാളമായി നടന്നു വരുന്നുണ്ട്. അതല്ലാത്ത കാരണത്താൽ അഴിമതിയുടെ മൂർത്തീമദ്ഭാവമായ പല സൊസൈററികളേയും പിരിച്ചു വിടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ സഭയിൽത്തന്നെ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം കാരണം ഒരു അഡ്മിനിസ്ട്രേററീവ് കൺട്രോളിന്റെ അഭാവമാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾ ഡിസ്ട്രിക്ററ് കോ ഓപ്പറേററീവ് സൊസൈററികൾ ചെയ്യണമെന്നുണ്ടെങ്കിൽ പ്രധാനമായി വരുന്നത് കോ ഓപ്പറേററീവ് മാർക്കററിംഗ് സൊസൈററി, ഡെപ്പോസിററ് ഫോർമുലേഷൻ ഇതിനൊക്കെ വീക്കർ സെക്ഷനുവേണ്ടി ലോൺ കിട്ടാനുള്ള റൂറൽ ബാങ്കിന്റെ പ്രവർത്തനങ്ങൾ ഇങ്ങനെ തുടങ്ങി കൃഷിക്കാർക്കാവശ്യമുള്ള സഹായങ്ങൾ ചെയ്യുക, കൃഷിക്കാരെ സഹകരണസംഘങ്ങളുടെ പ്രിൻസിപ്പിൾസ് പഠിപ്പിക്കുക, കുടിശ്ശിക കൊടുക്കാൻ പ്രേരിപ്പിക്കുക, കടം കിട്ടാനുള്ള പ്രവർത്തനം ചെയ്യുക ഇതെല്ലാം ഡിസ്ട്രിക്ററ് അഡ്മിനിസ്ട്രേഷൻ കൗൺസിലിലാണ് നടത്തുന്നത്. പക്ഷേ ഇതൊക്കെ പ്രാധാന്യമില്ലാത്ത പത്രത്തിൽ പ്രസ്താവന കൊടുക്കുന്ന പ്രാധാന്യത്തിൽക്കവിഞ്ഞ് മററു യാതൊന്നിന്നും ഡിസ്ട്രിക്ററ് അഡ്മിനിസ്ട്രേററീവ് കൗൺസിലിനു കഴിയുകയില്ല. ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേററീവ് കൗൺസിലിന് ഇതിന്റെ പുറത്ത് ഓവർ ആം സൂപ്പർവിഷൻ, അഡ്മിനിസ്ട്രേററീവ് കൺട്രോൾ ഇല്ല എന്നുണ്ടെങ്കിൽ ഡിസ്ട്രിക്ററ് കൗൺസിലിന്റെ കീഴിൽ കോ ഓപ്പറേററീവ് സൊസൈററികളുടെ പ്രിൻസിപ്പിൾസ് നടപ്പാക്കുന്ന കാര്യത്തിൽ അത് ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുമ്പോൾ ആ സൊസൈററികൾ എപ്രകാരമാണ് നടക്കുന്നതെന്ന ആക്ഷേപം ജില്ലാ കൗൺസിൽ അംഗങ്ങൾ—അവരാണ് പ്രധാനമായും ജോലി ചെയ്യുന്നത്. അവരെ നേരിടുന്ന ചോദ്യങ്ങൾക്ക് പരിഹാരം കണ്ടുപിടിക്കുന്നതിന് ഏതെങ്കിലും തീർത്തിലുള്ള ഒരു നിയന്ത്രണാധികാരം സമിതിക്കുണ്ടാകുന്നില്ല, സമിതിയുടെ മുകളിൽ ഉണ്ടാകുന്നില്ല, കോ ഓപ്പറേററീവ് സൊസൈററികളുടെ മുകളിൽ ഉണ്ടാകുന്നില്ല.

10 A.M.] ശ്രീ.ഇ. അഹമ്മദ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട എസ്തോസ് സെലക്ററു കമ്മിററി മെമ്പറായിരുന്നു. അദ്ദേഹം ഭിന്നാഭിപ്രായക്കുറിപ്പും എഴുതിയിരുന്നു. ഈ പറയുന്ന വകുപ്പിനെ സംബന്ധിച്ച് അദ്ദേഹം യാതൊരു ഭിന്നാഭിപ്രായക്കുറിപ്പും എഴുതിയിട്ടില്ല. അതുകൊണ്ട് സെലക്ററു കമ്മിററി മെമ്പറായിരുന്നു എന്ന നിലയിൽ ഇതിനെ എതിർത്തു സംസാരിക്കുന്നതു ശരിയാണോ?

ശ്രീ. പി.പി. എസ്തോസ്: സർ, ഞാൻ സെലക്ററു കമ്മിററി.....

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ അമെൻറുമെൻറു തന്നിട്ടുണ്ട്. ആ നിലയിൽ അദ്ദേഹത്തിനു സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. എസ്തോസ്: ഞാൻ സെലക്റ്റു കമ്മിററി സ്റേറജിൽത്തന്നെ വാദിച്ചിട്ടുള്ള കാര്യമാണിത്. അതു സെലക്റ്റു കമ്മിററി മിനിററ്സ് നോക്കിയാൽ കാണാൻ കഴിയും. ഭിന്നാഭിപ്രായക്കുറിപ്പ് മൈനൂട്ടായ കാര്യങ്ങളിൽ വന്നിട്ടില്ലെന്നുള്ളതു ശരിയാണ്. അതു മാററണമെന്നല്ല ഞാൻ വാദിക്കുന്നത്. അതു ആഡ് ചെയ്യണമെന്നാണു ഞാൻ വാദിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ തെററിദ്ധരിച്ചത് ഞാൻ ഒഴിവാക്കണമെന്നു പറഞ്ഞു എന്ന് ആണ്. 1-ാമത്തെ ഷെഡ്യൂളിലെ 5-ാമത്തെ എൻട്രി നടപ്പിലാക്കാൻ കഴിയണമെന്നുണ്ടെങ്കിൽ 1 മുതൽ 7 വരെയുള്ള കാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ ഒന്നാമതായി അഡ്മിനിസ്ട്രേഷൻ ഓഫ് കോ-ഓപ്പറേററീവ് സൊസൈററീസ് എന്നുകൂടി ചേർക്കണം. അങ്ങനെ അഡ്മിനിസ്ട്രേററീവ് കൺട്രോൾകൂടി കിട്ടത്തക്കവിധത്തിൽ കോ-ഓപ്പറേററീവ് സൊസൈററികളുടെ മുകളിൽ പൊതുവായ ഒരു കൺട്രോൾ ഉണ്ടാകത്തക്ക രീതിയിൽ ഈ ഒരു ഐററംകൂടി ചേർത്താൽ മാത്രമേ ഒരു ഓവർ ആൾ കൺട്രോൾ ജില്ലാഭരണ സമിതിക്കു ഉണ്ടാകുകയുള്ളു. അതുകൊണ്ട് ഇതുകൂടി ചേർക്കണമെന്നാണ് ഞാൻ പറയുന്നത്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദ് കോയ): ഈ സൊസൈററികൾ കോ-ഓപ്പറേററീവ് സൊസൈററീസ് ആക്റ്റു പ്രകാരമുള്ളതാണ്. അതു ഈ ഷെഡ്യൂളിൽ ചേർക്കേണ്ട എന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം. ഏതെല്ലാം ചേർക്കാമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. അഡ്മിനിസ്ട്രേഷൻ ചേർക്കാൻ ഉദ്ദേശിക്കുന്നില്ല.

The amendment moved by Shri P.P. Esthose was put and lost.

The question that Entry No. V stands part of the First Schedule was put and carried.

Entry No. V was added to the First Schedule.

Entries No. 6 to 11

The question that Entries No. 6 to 11 stand part of the First Schedule was put and carried.

Entries No. 6 to 11 were added to the First Schedule.

Entry No. 12

Shri C. Vasudeva Menon: Sir, I move: "In the First Schedule, in entry XII, delete item (5) and renumber the remaining item.

ഐററം 5 ഡിലീററു ചെയ്യണമെന്നു പറയാൻ കാരണമുണ്ട്. അതു പഞ്ചായത്ത് അമെൻറുമെൻറ് ആക്റ്ററിൽ ഞാൻ ആഡു ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. ഈ ന്യൂട്രീഷൻ പ്രോഗ്രാം നടത്തുന്നതിനു ഇന്നു ഒരു ജില്ലയിൽ ഒന്നും ചില ജില്ലകളിൽ രണ്ടു ജില്ലകൾക്കുകൂടി ഒന്നും ന്യൂട്രീഷൻ ഇൻസ്പെക്ററർ ആണുള്ളത്. ഒരു ജില്ലയിൽ നൂറിലധികം സെൻറേഴ്സുണ്ട്. ഒരു ന്യൂട്രീഷൻ ഇൻസ്പെക്റററർക്ക് ഇതു മുഴുവൻ സൂപ്പർവൈസ് ചെയ്യാൻ പ്രയാസമുണ്ട്. ഞാൻ അതിനെപ്പററി പരാതിപ്പെട്ടപ്പോൾ ഒരു ന്യൂട്രീഷൻ ഇൻസ്പെക്റററെക്കൊണ്ട് ഇതു

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ സാധ്യമല്ലെന്നവരും സമ്മതിച്ചിട്ടുണ്ട്. എന്നു മാത്രവുമല്ല ഇതു വളരെയധികം ദുരുപയോഗപ്പെടുത്തുന്ന കാര്യം ഞാൻ പലപ്പോഴും ശ്രദ്ധയിൽപ്പെടുത്തിയപ്പോഴം അതു ശരിയാണെന്നു ന്യൂട്രീഷൻ ഇൻസ്പെക്ടർക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇത്രയധികം സെൻററുകൾ നേരിട്ടു സൂപ്പർവൈസു ചെയ്യാൻ പ്രയാസമാണ്. അതുകൊണ്ട് ഇതു ദുരുപയോഗപ്പെടുത്താതെ പാവപ്പെട്ട കുട്ടികൾക്കും ഗർഭിണികൾക്കും ഉപയോഗപ്പെടുത്താൻ വേണ്ടി ഫലപ്രദമായി നടത്തണമെങ്കിൽ അതു പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുന്നതായിരിക്കും നല്ലത്. അതിനാവശ്യമായ ഫ്യൂവൽ, യൂട്ടൻസിൽസ് എല്ലാം വിതരണം ചെയ്യാനും കാര്യക്ഷമമായി നടത്താനും അതായിരിക്കും നല്ലത്. അതുകൊണ്ട് ഇതിനെ കണ്ണടച്ച് എതിർക്കാതെ ഇതു ഡിലീററു ചെയ്യുന്നതായിരിക്കും നല്ലത്.

ശ്രീ. ഇ. അഹമ്മദ്: ഡിസ്ട്രിക്ററ് കൗൺസിലിനു കിട്ടുന്ന ഈ അധികാരം പഞ്ചായത്തുകളെക്കൊണ്ട് നടത്തിക്കുവാൻ ഡിസ്ട്രിക്ററ് കൗൺസിൽ തീരുമാനിച്ചാൽ പോരെ? ജനങ്ങളുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ഡിസ്ട്രിക്ററ് കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതല്ലേ നല്ലത്?

ശ്രീ. സി. വാസുദേവ മേനോൻ: ഏതായാലും ബഹുമാനപ്പെട്ട മെമ്പർ അതിനോടു യോജിക്കുന്നല്ലോ; ആ നിലയിൽ പഞ്ചായത്തുകൾ നടത്തുന്നതായിരിക്കും നല്ലത്. അങ്ങനെ അഭിപ്രായമുള്ളപ്പോൾ നേരിട്ടു പഞ്ചായത്തുകൾക്കുതന്നെ കൊടുക്കുന്നതല്ലേ നല്ലത്? ഡിസ്ട്രിക്ററ് കൗൺസിലിനു കൊടുത്തിട്ടു പിന്നെ പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുന്നതിനു പകരം നേരിട്ടുതന്നെ പഞ്ചായത്തുകൾക്കു കൊടുക്കുന്നതാണ് നല്ലത്. അതുകൊണ്ടാണ് ഇതു ഡിലീററു ചെയ്യണമെന്നു പറയുന്നത്. ഇത് അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സി.എച്ച്. മുഹമ്മദ് കോയ: ഇതംഗീകരിക്കാൻ നിവൃത്തിയില്ല. അതിനുള്ള ലോക്കൽ കോൺസ്ട്രിബ്യൂഷൻ ജില്ലാ കമ്മിററിയാണ് ഉണ്ടാക്കേണ്ടത്. ജില്ലാടിസ്ഥാനത്തിലുള്ള പരിപാടികൾ അതിലുണ്ടാകും. വേണമെങ്കിൽ ചിലതു പഞ്ചായത്തുകളെക്കൊണ്ട് ചെയ്യിക്കുവാൻ തടസ്സമില്ല. അതുകൊണ്ട് ഷെഡ്യൂളിൽ അതുതന്നെ കിടക്കട്ടെ എന്നാണ് ഗവൺമെൻറിന്റെ ഉദ്ദേശം.

The amendment moved by Shri C. Vasudeva Menon was put and lost.

The question that Entry No. XII stands part of the First Schedule was put and carried.

Entry No. XII was added to the First Schedule.

Entry No. XIII

Shri T. M. Jacob: Sir, I move: In the First Schedule in Entry XIII in item (1) after the word "except" add the words "District Hospitals".

സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി വളരെ പ്രസക്തമായ ഒന്നാണ്. ഈ സംസ്ഥാനത്തെ സംബന്ധിച്ചു പറയുമ്പോൾ ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം മുതലായവ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ചുമതലകളാണ്. ഇക്കാര്യത്തിൽ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നമ്മുടെ സ്റേററ് വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്നു വളരെയേറെ അഭിമാനിക്കാനുള്ള അവകാശം നമുക്കുണ്ട്. അതു പോലെതന്നെ ആരോഗ്യസംരക്ഷണത്തിന്റെ കാര്യത്തിലും നമ്മുടെ സംസ്ഥാനം വളരെയേറെ മുമ്പിലാണ്. ഞാൻ നൽകിയിരിക്കുന്ന ഭേദഗതി എൻട്രി 13 ൽ ഒന്നാമതായി പറഞ്ഞിട്ടുള്ള കാര്യത്തിൽ എക്സപ്ററ് എന്ന വാക്ക് കഴിഞ്ഞാൽ ഡിസ്ട്രിക്ററ് ഹോസ്പിററൽസ് എന്നു കൂടി ചേർക്കണമെന്നുള്ളതാണ്. ഒന്നാമതായി പറഞ്ഞിട്ടുള്ളത് 'Establishment and maintenance of Hospitals, Primary Health Centres and Dispensaries except Medical College Hospitals, T.B. Sanatorium, Leprosy Hospitals and mental Hospitals'.

എന്നാണ്. നമ്മുടെ സംസ്ഥാനത്ത് നാല് മെഡിക്കൽ കോളേജുകളുണ്ട്. രണ്ടു മെൻറൽ ഹോസ്പിററൽസും ഉണ്ട്. ചുരുക്കമായി ടി. ബി. സാനട്ടോറിയവും ലെപ്രസി ഹോസ്പിററലുമാണുള്ളത്. ഈ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒന്നാണ് ഡിസ്ട്രിക്ററ് ഹോസ്പിററൽസ്. നമ്മുടെ 11 ജില്ലകളിലായി 11 ഡിസ്ട്രിക്ററ് ഹോസ്പിററൽസ് ഉണ്ട്. ഇപ്പോഠം തന്നെ ജില്ലാ ആശുപത്രികളുടെ പ്രവർത്തനം നല്ല നിലയിലല്ല നടക്കുന്നതെന്ന അഭിപ്രായം നമുക്കുണ്ട്. ഒരു ജില്ലയെ സംബന്ധിച്ചു പറയുമ്പോഠം ആ ജില്ലയിലെ ജനങ്ങഠംക്ക് ഏററവും നല്ല നിലയിൽ ആരോഗ്യ സംരക്ഷണം കിട്ടേണ്ടത് ജില്ലാ ആശുപത്രിയിൽ നിന്നാണ്. ഇന്നും അതിന്റെ സൗകര്യങ്ങഠം വർദ്ധിപ്പിക്കണമെന്നു പറയുന്നു. അധികാരവികേന്ദ്രീകരണം നല്ല കാര്യമാണ്. പക്ഷേ ആദ്യപടിയിൽത്തന്നെ ജില്ലാ ആശുപത്രികഠം കൂടി ജില്ലാ ഭരണത്തിനു വിട്ടു കൊടുക്കുന്നത്, അങ്ങനെ പരീക്ഷണം നടത്തുന്നത് ശരിയല്ല. താലൂക്കാശുപത്രികഠം നല്ല നിലയിൽ പ്രവർത്തിക്കുന്നില്ലെന്നും ആളുകഠംക്കു പരാതിയുണ്ട്. താലൂക്കാശുപത്രികഠം വരെ ജില്ലാ സമിതിക്കു തൽക്കാലം നൽകുകയും ജില്ലാശുപത്രികഠം സംസ്ഥാനത്തിന്റെ നിയന്ത്രണത്തിൽ നടത്തുകയും ചെയ്യുന്നതായിരിക്കും നല്ലത്. നമ്മുടെ സംസ്ഥാനത്തിന്റെ ബഡ്ജററു പരിശോധിച്ചാൽ ഏകദേശം 15 ശതമാനത്തോളം ഇവിടത്തെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി ചെലവാക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനു 40 ശതമാനം ചെലവാക്കുന്നുണ്ട്. ബഡ്ജററിന്റെ സിംഹഭാഗവും 55 ശതമാനത്തോളം ഈ രണ്ടു വകുപ്പുകഠംക്കുവേണ്ടി ചെലവാക്കുന്നുണ്ട്. അതിനു പ്രധാനപ്പെട്ട ചില ലക്ഷ്യങ്ങളുണ്ട്. ആ ലക്ഷ്യം സാക്ഷാൽക്കരിക്കണമെങ്കിൽ തീർച്ചയായും ജില്ലാ ആശുപത്രികളുടെ നിയന്ത്രണം സംസ്ഥാനത്തിനു വേണം. ഈ 11 ആശുപത്രികളും ഡിസ്ട്രിക്ററിനു വിട്ടുകൊടുത്താൽ പരാതികളുണ്ടാകും. അതുപോലെ തന്നെ ഇതിനെല്ലാം ഒരു കോമൺ പാറേറൺ വേണമെന്നുള്ളതു തീർച്ചയാണ്. 11 ജില്ലാ ആശുപത്രികഠംക്കും ഉണ്ടായിരിക്കേണ്ട സൗകര്യം ഒന്നുപോലെ ആയിരിക്കണം. ജില്ലാ കൗൺസിലിനു വിട്ടുകൊടുത്താൽ ഇതിൽ ഏററക്കുറച്ചിലുകഠം ഉണ്ടാകും. ഇപ്പോഠം നാലു ജില്ലകളിൽ നാലു മെഡിക്കൽ കോളേജുകഠം ഉണ്ടെങ്കിലും ജില്ലാആശുപത്രികളാണ് അവിടത്തെ ആളുകളെ സംബന്ധിച്ചിടത്തോളം പ്രധാന ആശ്രയകേന്ദ്രം. അതുകൊണ്ടാണ് ജില്ലാ ആശുപത്രികളെകൂടി ഇതിൽ ഉഠംക്കൊള്ളിക്കണമെന്നു പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ആശുപത്രികളെ സംബന്ധിച്ചു പറയുമ്പോൾ പല ആശുപത്രികളെ സംബന്ധിച്ചും പരാതികളുണ്ട്. ഡോക്ടറൻമാരുടെ കാര്യത്തിൽ തർക്കമുണ്ട്. അവിടത്തെ മററു സ്ററാഫിൻെറ കാര്യത്തിൽ തർക്കമുണ്ട്. അവിടത്തെ മററു സൗകര്യങ്ങളുടെ കാര്യത്തിൽ പരാതിയുണ്ട്. ഭക്ഷണത്തിൻെറ കാര്യത്തിൽ കുഴപ്പമുണ്ട്. ആളുകളുടെ ചികിൽസാസൗകര്യത്തെ സംബന്ധിച്ചും പരാതിയുണ്ട്. ബഡ്ഡുകളില്ല. അങ്ങനെ നിരവധി പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. രണ്ടരക്കോടി ജനങ്ങൾ താമസിക്കുന്ന ഒരു സംസ്ഥാനമാണ് ഇത്. ജനസാന്ദ്രതയുടെ കാര്യത്തിൽ നമ്മൾ മുമ്പിലാണ്. അങ്ങനെ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്ന ഈ സാഹചര്യത്തിൽ ജില്ലാ ആശുപത്രികളുടെ പ്രവർത്തനംകൂടി താഴോട്ടു വിട്ടുകൊടുക്കേണ്ട ആവശ്യമില്ല. ഒരു പുതിയ നിയമം നടപ്പാക്കുന്ന അവസരത്തിൽ കുറെ കാര്യങ്ങൾ വിട്ടു കൊടുക്കണം. ബാക്കിയുള്ളത് പടിപടിയായിട്ടു വിട്ടു കൊടുക്കുന്നതായിരിക്കും നല്ലത്. പരീക്ഷണമെന്ന നിലയിൽ താലൂക്കു വരെയുള്ള ആശുപത്രികൾ ജില്ലാ കൗൺസിലിനു വിട്ടു കൊടുക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇതു ഡിലീററു ചെയ്താൽ പടിപടിയായിട്ടു കൊടുക്കാൻ പററുകയില്ലല്ലോ?

ശ്രീ. ടി. എം. ജേക്കബ്: ഡിലീററു ചെയ്യണമെന്നല്ല പറഞ്ഞത്. കുറെ ആശുപത്രികൾ വിട്ടു കൊടുക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ ഭേദഗതി സ്വീകരിച്ചാൽ കുറേശെ കുറേശെ വിട്ടുകൊടുക്കാൻ പററുകയില്ലല്ലോ?

ശ്രീ. ടി. എം. ജേക്കബ്: ആക്ടറിൽ ഭേദഗതി വേണം. അതു കൊണ്ടുവരണം. ഭേദഗതി ബില്ലുകളാണ് ഈ സഭ കൂടുതൽ ചർച്ച ചെയ്തിട്ടുള്ളത്. നിയമം പാസായ ഉടനെ ഇവിടെ ഭേദഗതി വരിക സാധാരണയാണ്. അങ്ങനെയുള്ള ഒരു ഘട്ടത്തിൽ നമുക്ക് ഇതു പരീക്ഷിക്കാം. അതായിരിക്കും ഏററവും ബുദ്ധിപരമെന്നാണ് എനിക്കു തോന്നുന്നത്. മന്ത്രിക്ക് പിടിവാശി കാണുകയില്ലെന്നു തോന്നുന്നു. നല്ല ഉദ്ദേശത്തോടുകൂടിയുള്ള ഒരു ഭേദഗതിയാണ് ഇത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ജില്ലാ കൗൺസിലിൻെറ പ്രസിഡൻറിന് ജില്ലാ ആശുപത്രിയിൽ എന്തെങ്കിലും തകരാറുകൾ ഉണ്ടായാൽ അതിൽ ഇൻറർഫിയർ ചെയ്യാൻ പാടില്ലെന്നു പറഞ്ഞാൽ കഷ്ടമല്ലേ?

ശ്രീ. ടി. എം. ജേക്കബ്: 11 ജില്ലകളിലും ഒരേ തരത്തിലുള്ള പാറേറൺ ആവശ്യമാണ്. ജില്ലയിൽ ആയിരിക്കുമ്പോൾ ജില്ലാ പ്രസിഡൻറിനോ വൈസ് പ്രസിഡൻറിനോ പോയി നോക്കാം. ഞാൻ പറയുന്നത് 11 ജില്ലാ ആശുപത്രികളുടേയും പ്രവർത്തനം ഏകീകരിച്ചുകൊണ്ടു പോകണം എന്നാണ്. ജില്ലാ ആശുപത്രികളിൽ ഇന്നുള്ള സൗകര്യം വളരെ പരിമിതമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഓരോ ജില്ലയ്ക്കും ഇത് അഞ്ചു പകർന്നു കൊടുത്താൽ ഏകീകൃത രൂപം ഉണ്ടാകുകയില്ല.

ശ്രീ. ഇ. അഹമ്മദ്: ജില്ലാ ആശുപത്രികളിൽ ധാരാളമായുണ്ടാകുന്ന പരാതികൾ ജില്ലാ തലത്തിൽ പരിഹരിക്കാൻ അവസരമുണ്ടാക്കാതെ തിരുവനന്തപുരത്തു വന്നു പരിഹാരമുണ്ടാക്കുന്നതിനു പകരം ജില്ലാ തലത്തിൽ തന്നെ പരിഹാരമുണ്ടാക്കുന്നതല്ലേ നല്ലത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സുവോ മോട്ടോ (Suo moto) അധികാരം കിടക്കുന്നതുകൊണ്ട് തിരുവനന്തപുരത്തേയ്ക്ക് എല്ലാ കാര്യങ്ങളും വരും. അതുകൊണ്ട് തിരുവനന്തപുരത്തേയ്ക്ക് വരാതിരിക്കുകയെന്നുള്ളതാണ് ഉദ്ദേശം എന്നു പറയുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് ഇതിൽ പിടിവാശിയുടെ കാര്യമില്ല. ജില്ലാ ആശുപത്രികൾ ഗവൺമെൻറിൽ തന്നെ നിൽക്കുന്നതായിരിക്കും നല്ലത്. ഭരണ കക്ഷിയിലെ ഒരംഗമായതുകൊണ്ട് ഇതു പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയരുതേ എന്നു കൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

Shri C. Vasudeva Menon: Sir, I move: In the First Schedule, in Entry XIII, delete item No. (1) and renumber the remaining items ഇവിടെ പലരും സംസാരിച്ചതു പോലെ ജില്ലയിലും ഓരോ ചെറിയ സെക്രട്ടേറിയററും കേന്ദ്രീകരണവും ഉണ്ടാകാൻ പാടില്ല. താഴോട്ടും കൂടുതൽ അധികാരം കൊടുക്കണം. പഞ്ചായത്തുകൾ അഡ്മിനിസ്ട്രേററീവ് യൂണിററുകളായിട്ട് രൂപീകരിക്കണമെന്നുള്ളതാണ് പൊതുവായിട്ട് നമ്മുടെ രാജ്യത്ത് വികേന്ദ്രീകരണത്തെ സംബന്ധിച്ചു സംസാരിക്കുന്ന എല്ലാവരും അംഗീകരിച്ചിട്ടുള്ളത്. പഞ്ചായത്തുകൾതോറും ആശുപത്രികൾ എന്ന് ഇപ്പോൾ പറയുന്നുണ്ട്. ഈ ആശുപത്രികളെ സംബന്ധിച്ചിടത്തോളം അതിൻെറ നടത്തിപ്പും അതിന് ആവശ്യമായിട്ടുള്ള കാര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കലും പഞ്ചായത്തുകളാണ് ചെയ്യേണ്ടത്. ആ നിലയിൽ ഡിസ്പെൻസറികൾ ജില്ലയിൽ കേന്ദ്രീകരിക്കേണ്ട ആവശ്യമില്ല. പ്രത്യേകിച്ചും മററാശുപത്രികളുടെ കാര്യക്ഷമമായ നടത്തിപ്പിൽ ജില്ല ശ്രദ്ധ കേന്ദ്രീകരിക്കുകയും ഡിസ്പെൻസറികളുടെ നടത്തിപ്പു പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുകയും വേണം. അങ്ങനെ കൂടുതൽ താഴോട്ട് അധികാരം പകർന്നു കൊടുക്കണം. അതിനുവേണ്ടി ഈ ഭേദഗതി അംഗീകരിക്കണം.

Shri E. P. Gopalan: Sir, I move.

In the First Schedule, in Entry XIII under the head "Health and Hygiene" after item (12) add the following as item 13 namely:-

(13) "Anti adulteration measures".

സർ, ജില്ലാ ഭരണത്തിനു വിട്ടു കൊടുക്കുന്ന വിഷയങ്ങളിൽ ഒന്നും വിട്ടുകളയണമെന്നല്ല ഞാൻ പറയുന്നത്; ഒന്നുകൂടി കൂട്ടണമെന്നാണ്. കലർപ്പു കൂടിക്കൂടി വന്നിട്ട് ചീത്ത സാധനമാണോ അധികം കലർത്തുന്നത്, അതല്ല ചീത്ത സാധനത്തിൽ നല്ല സാധനമാണോ കലർത്തുന്നത് എന്ന് നിശ്ചയമില്ലാത്ത വിധത്തിൽ കലർപ്പ് എന്ന കല വളർന്നു വന്നിരിക്കുന്നു. ഞാൻ കുറച്ചുകൂടി വ്യക്തമാക്കാം. പണ്ടൊക്കെ പാലിൽ വെള്ളം കൂട്ടുകയായിരുന്നു. ഇപ്പോൾ വെള്ളത്തിൽ പാൽ കൂട്ടുകയാണ്. അപ്പോൾ കലർപ്പിൻെറ വൈഭവം എത്ര ഏറെയാണ്? എന്നാൽ ഇതിനെതിരായ നടപടികൾ നടക്കുന്നുണ്ട്. വാസ്തവത്തിൽ ജില്ലാ കൗൺസിൽപോലുള്ള ഒരു സ്ഥാപനത്തിൻെറ വരുതിയിൽ ഇതു കൂടി കൈകാര്യം ചെയ്യാനുള്ള അവകാശം കൊടുക്കണമെന്നാണ് എൻെറ അഭിപ്രായം. ഇന്നത്തെ നിലയിൽ വിശേഷിച്ചും.

മലബാർ ഡിസ്ട്രിക്ററ് ബോർഡ് ഉണ്ടായിരുന്ന കാലത്ത് ആൻറി അഡൽട്ടറേഷൻ നടപടികൾ ഡിസ്ട്രിക്ററ് ബോർഡായിരുന്നു കൈകാര്യം ചെയ്തിരുന്നത്. പബ്ലിക്ക് ഹെൽത്ത് പൊതുവിൽ ഗവൺമെൻറ് കൈകാര്യം ചെയ്തിരുന്നെങ്കിലും ഡിസ്ട്രിക്ററ് ബോർഡിൻെറ കീഴിൽ ഹെൽത്ത് ഇൻസ്പെക്ററർ മുതൽ താഴോട്ടുള്ള ധാരാളം സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർ പ്രവൃത്തിയെടുത്തിരുന്നു. അവർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ മേൽനോട്ടത്തിലായിരുന്നു. പിന്നോക്കം തിരിഞ്ഞു നോക്കി അതിൻെറ സ്വഭാവം മനസ്സിലാക്കാമെന്നുള്ളതല്ല. പിന്നോക്കം തിരിഞ്ഞുനോക്കുന്ന കൂട്ടത്തിൽ അങ്ങോട്ടു പോകണമെന്ന ആഗ്രഹക്കാരുണ്ട്. അത് ബ്രിട്ടീഷുകാർ ഒപ്പിച്ച ഒരു സൂത്രമായിരുന്നു. അത് അവസാനം രണ്ടു തരത്തിലുള്ള ദ്വിഭരണമായി കലാശിച്ച് ആ ഭരണം മതിയാക്കണമെന്നു നമ്മൾ നിശ്ചയിച്ചു. ഡിസ്ട്രിക്റ്റ് ബോർഡിൻെറ ഉദ്യോഗസ്ഥൻമാരേയും സ്ഥാപനങ്ങളേയും മററും ഗവൺമെൻറ് ഏറെറടുക്കണമെന്ന് അപേക്ഷിച്ചപ്പോൾ ഗവൺമെൻറ് അൽപ്പ സ്വൽപ്പം വൈമനസ്യം കാണിക്കുകയും നിർബന്ധമായിട്ടും ഏറെറടുക്കണമെന്ന് നമ്മൾ പറയുകയും ചെയ്തു. അന്നത്തെ നില അതായിരുന്നു. ഇന്ന് ആ മാതിരി കാര്യങ്ങൾ അതാതു ജില്ലകളിലെ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൊടുക്കണമെന്നുള്ളതാണ് ഉദ്ദേശം. ഇപ്പോഴത്തെ നിലയിലാണെങ്കിൽ ഇത് സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറായിരിക്കും കൈകാര്യം ചെയ്യുക. ഒരു നോട്ടക്കുറവു പററിയതായിരിക്കും. നിയമം ഉണ്ടാക്കുന്നവർക്കൊക്കെ പഴയ കാലത്ത് ബ്രിട്ടീഷ് ഭരണ പ്രദേശങ്ങളിൽ ഡിസ്ട്രിക്ററു ബോർഡ്പോലുള്ള സ്ഥാപനങ്ങൾ ഉണ്ടായിരുന്നു എന്നുപോലും അറിയാത്തവരാണ്. അതുകൊണ്ടാവാം ഇതു വിട്ടുപോയത്. നിയമം നിർമ്മിക്കുന്നവർ ബ്രിട്ടീഷ് ഗവൺമെൻറിൻെറ കാലത്തുള്ള സ്വയംഭരണ നിയമങ്ങൾ ഒന്ന് എടുത്തു പരിശോധിച്ചാൽ ഇത്തരം കാര്യങ്ങൾ കാണാൻ കഴിയും. അതുകൊണ്ട് ഇതു കൂട്ടിച്ചേർക്കാൻ വൈഷമ്യമില്ല. പൊതുജനാരോഗ്യപ്രവർത്തനത്തിൻെറ കാര്യത്തിൽ ജില്ലാ നിലവാരത്തിൽ ജില്ലാ ആശുപത്രികളുടെ കൈകാര്യം ഏൽപ്പിച്ചു കൊടുക്കുന്നതിന് എതിർപ്പു പ്രകടിപ്പിക്കുന്ന അവസരത്തിൽത്തന്നെ ജില്ലാ നിലവാരത്തിൽ കൈകാര്യം ചെയ്യുന്ന ചെറിയ ആശുപത്രികളുടെ കൈകാര്യം താഴോട്ടു പഞ്ചായത്തിന് കൊടുക്കണമെന്ന് ആഗ്രഹിക്കുന്നവരും ഉണ്ട്. അതു തരക്കേടില്ല. സംഗതി ഏതായാലും നന്ന്. കാര്യം വ്യക്തമാക്കാൻ സഹായിക്കും. ഈ രണ്ട് എതിർപ്പുകാരുടേയും മുമ്പിലുള്ള സംഗതി എന്താണെന്നുവച്ചാൽ അത് ജില്ലാ നിലവാരത്തിൽത്തന്നെ നടത്തണമെന്നുള്ളതിന് കൂടുതൽ തെളിവാണ്. ആ അഭിപ്രായത്തെ കൂടുതൽ ശക്തമാക്കുന്നതിനു വേണ്ടിയുള്ള വാദമാണ് ഈ രണ്ടു ഭാഗക്കാരും കൊണ്ടുവരുന്നത് എന്നാണെനിക്കു തോന്നുന്നത്. ജില്ലാ ആശുപത്രികൾ സംസ്ഥാന ഗവൺമെൻറിൻെറ കീഴിൽത്തന്നെയാണ് നടത്തേണ്ടത് എന്ന് ഒരു മെമ്പർ വാദിച്ചു. ഏകീകരണത്തിനു വേണ്ടിയാണ് എന്ന് പറയുന്നു. ഇപ്പോൾ വല്ല ഏകീകരണവുമുണ്ടോ? ഇല്ല. എല്ലാ ജില്ലാ ആശുപത്രികളും ഒരുപോലെയൊന്നുമല്ല നടക്കുന്നത്. അദ്ദേഹം സംശയിക്കുന്ന കാരണങ്ങളുൾപ്പെടെയുള്ള പല കാരണങ്ങളാലും പല തട്ടിലും മട്ടിലുമൊക്കെ ആണ് ഇപ്പോൾ ജില്ലാ ആശുപത്രികൾ പ്രവർത്തിക്കുന്നത്. ജില്ലാകൗൺസിലുകളുടെ ആവിർഭാവത്തിനുശേഷം ജില്ലാ ആശുപത്രികൾ അവയുടെ ഭരണത്തിനു വിട്ടുകൊടുക്കുകയാണെങ്കിൽപ്പിന്നെ അദ്ദേഹം മുന്നോട്ടു കൊണ്ടുവന്നിട്ടുള്ള ആപൽ സൂചനകൾ ഇല്ലാതാകുമെന്നാണ് തോന്നുന്നത്. പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെ ഭരണാധികാരം പഞ്ചായത്തുകൾക്കു കിട്ടണമെന്നു പറഞ്ഞാൽ അത് വെറും പുതി പറയുകയാണ് എന്നല്ലാതെ എന്തു പറയാൻ?

ശ്രീ. സി. വാസുദേവമേനോൻ: ഇതിനു മുമ്പും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പല അമെൻറുമെൻറുകളും കൊടുത്തിരുന്നല്ലോ. അതെല്ലാം പുതിയായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: പൂതിക്കാർക്ക് ബാക്കിയുള്ളവർ പറയുന്നതെല്ലാം പൂതിയാണെന്നു തോന്നും. എനിക്കാക്ഷേപമൊന്നുമില്ല.

പഞ്ചായത്തിന്റെ അതിർത്തിപ്രദേശങ്ങളിലുള്ള ഡിസ്പെൻസറികളും പ്രൈമറി ഹെൽത്ത് സെൻററുകളും പഞ്ചായത്തിന്റെ ഭരണത്തിനു വിട്ടുതന്നാൽ എന്താണ് ചെയ്യുക? ജില്ലാ നിലവാരത്തിൽത്തന്നെ മരുന്നു സപ്ലൈ ചെയ്യുന്നതിനും ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനുമൊക്കെ പ്രയാസമുണ്ട് എന്നു വരുമ്പോഠം, അതിന്റെ തന്നെ പ്രവൃത്തികഠം പൂർത്തിയായിട്ടില്ല എന്നു വരുമ്പോഠം, അതുതന്നെ ഇനി സാധിക്കാനിരിക്കുന്നതേയുള്ളു എന്നു വരുമ്പോഠം, പഞ്ചായത്തിന്റെ കീഴിലുള്ള ആശുപത്രികളുമൊക്കെ ഭരിച്ച് പഞ്ചായത്ത് പ്രസിഡൻറുമാർക്ക് നടക്കാൻ പററും എന്നുള്ളതല്ലാതെ................

ശ്രീ. സി. വാസുദേവമേനോൻ: അതുതന്നെ പൂർത്തിയായിട്ടില്ല എന്നു പറഞ്ഞല്ലോ. ഈ ബിൽ മുഴുവൻ ബഹുമാനപ്പെട്ട മെമ്പർ നോക്കിയില്ലെന്നു തോന്നുന്നു. പഞ്ചായത്തുകഠക്ക് ഈ കാര്യത്തിൽ ഭേദഗതി വരുത്തണമെന്ന് ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. പഞ്ചായത്തുകഠക്ക് കൂടുതലധികാരം കൊടുക്കുന്നതിനെതിരാണെങ്കിൽ ആ കാര്യം പറഞ്ഞാൽ മതിയല്ലോ.

ശ്രീ. ഇ. പി. ഗോപാലൻ: നോക്കിയോ നോക്കിയില്ലയോ എന്നുള്ള കാര്യം വേറെ ഇരിക്കട്ടെ. ജില്ലാ നിലവാരത്തിൽ അധികാരം വികേന്ദ്രീകരിക്കുമ്പോഠം അതു ഫലപ്രദമാകണമെങ്കിൽ ഇന്നു പഞ്ചായത്തുകഠക്കു നൽകിയ അധികാരങ്ങഠ പോലും ജില്ലാ നിലവാരത്തിൽ കേന്ദ്രീകരിക്കേണ്ടിവരും. വിവരം മനസ്സിലായോ? ഇപ്പോഠം പഞ്ചായത്തുകഠക്കു കൊടുക്കുന്ന അധികാരം കൂടി കേന്ദ്രീകരിക്കുകയല്ലേ എന്നു ചോദിക്കുന്നവരോടിതേ പറയാനുള്ളു; കേന്ദ്രീകരണം, വികേന്ദ്രീകരണം എന്ന രണ്ടു വാദംകൊണ്ട് കസർത്തുകളിക്കാനൊന്നും ഞാനില്ല. പഞ്ചായത്ത് അതിർത്തിയിലുള്ള ഡിസ്പെൻസറികളും പ്രൈമറി ഹെൽത്ത് സെൻററുകളും കൊണ്ടു നടക്കാൻ പഞ്ചായത്തുകഠക്ക് അധികാരം കൊടുത്താൽപ്പോലും ഇന്നത്തെ നിലയ്ക്ക് അതു പ്രായോഗികമാകുകയില്ല. അതുകൊണ്ടാണ് പറഞ്ഞത്, എതിർക്കാൻ വേണ്ടിയല്ല.

ശ്രീ.സി. വാസുദേവമേനോൻ: ഇ. പി. യെപ്പോലെ ഇത്ര പരിചയസമ്പന്നരും പാരമ്പര്യമുള്ളവരുമായ മെമ്പർമാർ പ്രായോഗിക വൈഷമ്യത്തിന്റെ കാര്യം പറഞ്ഞാലെങ്ങനെയാണ്? പ്രായോഗിക വൈഷമ്യത്തിന്റെ പിന്നിൽ പറയുന്ന കാരണങ്ങളിതൊക്കെത്തന്നെയാണ്. പ്രായോഗികവൈഷമ്യം പറഞ്ഞിട്ട് അധികാരം താഴോട്ടു കൊടുക്കരുതെന്നാണോ?

ശ്രീ. ഇ. പി. ഗോപാലൻ: എന്റെ സ്നേഹിതൻ വാസുദേവമേനോന് ഇപ്പോഴും സംഗതി പിടി കിട്ടിയിട്ടുണ്ടെന്ന് തോന്നുന്നില്ല. താഴേക്ക്, താഴേക്ക് എന്നു പറഞ്ഞാൽ എവിടേക്ക് ഏത് തലത്തിലേക്ക്, ജില്ലാ നിലവാരം എന്നു പറയുന്നതും താഴെയാണ്. സംസ്ഥാന നിലവാരത്തിനുതാഴെയാണ് ജില്ലാ നിലവാരം. ആ നിലവാരത്തിൽ വികേന്ദ്രീകരണം നടത്തണം അതാണ് കാര്യം. അതിന്റെയും താഴത്തെ കാര്യം പറഞ്ഞാൽ നടപ്പുള്ള കാര്യമല്ല പ്രായോഗികമല്ല. താഴത്തെ ലവലിൽ പഞ്ചായത്തുലവലിൽ അധികാരം വികേന്ദ്രീകരിക്കണം എന്നു പറയുന്നതല്ലാതെ ഒരിടത്തും നടന്നിട്ടില്ല; നടക്കുകയുമില്ല. പിന്നെ പറഞ്ഞിട്ടെന്തു കാര്യം? ജില്ലാ നിലവാരത്തിൽ നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയണം കാര്യമതാണ്. ഇന്നു പഞ്ചായത്തു ലെവലിൽത്തന്നെ അധികാരം വികേന്ദ്രീകരിച്ചു കൊടുത്തിട്ടും നടത്താൻ കഴിയുന്നില്ല. അധികാരം കൊടുക്കുന്നതല്ല കുഴപ്പം പ്രായോഗികമല്ലാതെ വന്നതുകൊണ്ടാണ് കുഴപ്പം. പഞ്ചായത്തു നിലവാരത്തിൽ കൊടുത്താൽ കൊടുത്തു എന്നുള്ളതല്ലാതെ കാര്യങ്ങളൊന്നും നടക്കുകയില്ല. നടന്നിട്ടുമില്ല. ഇതുവരെ അതു മനസ്സിലായിട്ടില്ലേ? കൊടുക്കാത്തതിന്റെ കുഴപ്പമല്ല. കൊടുക്കലിലൊന്നും കാര്യമില്ല. പ്രായോഗികമായി നടപ്പിലാക്കുന്നതിലാണ് കാര്യം. ഇൻഡ്യാ രാജ്യത്ത് പഞ്ചായത്ത് രാജ് നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിലൊക്കെ നില ഇതായിരുന്നു. പഞ്ചായത്തു നിലവാരത്തിൽ അധികാരം വികേന്ദ്രീകരിച്ചു കൊടുത്തിരിക്കുന്നു എന്നാണ് പറയുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് രണ്ടു തട്ടിനും മദ്ധ്യേ രണ്ടു നിലവാരത്തിനു മദ്ധ്യേ, ജില്ലാ നിലവാരത്തിൽ ഏതാനും അധികാരങ്ങൾ പ്രയോഗിച്ചു നോക്കണം. രണ്ടു തട്ടുകളിലും പൂതിക്കാരുണ്ട്. മേലെ നിന്ന് വിടാത്തവർ താഴെ കൈ കാട്ടുന്നവർ. ഏതായാലും ശരി രണ്ടു തട്ടിലുമുള്ള എതിർപ്പിന്റെ മദ്ധ്യേ നമുക്കു വല്ലതും സാധിക്കണമെങ്കിൽ എഴുതി വച്ച നിയമത്തിലെ ഏതാനും ഭാഗമെങ്കിലും പ്രായോഗികമാക്കണമെങ്കിൽ ജില്ലാ നിലവാരത്തിലേ സാധിതപ്രായമാകൂ. സർ, പൊതുജനാരോഗ്യം വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. അതിൽ പ്രധാനമാണ് കലർപ്പു തടയുക എന്നത്. അതിനുവേണ്ടി ജില്ലാ നിലവാരത്തിൽ കൊടുക്കുന്ന അധികാരം ആ നിലയ്ക്കു വികേന്ദ്രീകരിക്കുന്നതിനു വേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. അതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: സർ, ഞാൻ ഒരു ഓറൽ അമെൻറുമെൻറ് അവതരിപ്പിക്കുകയാണ്. ഷെഡ്യൂൾ 13-ൽ I would like to move an oral amendment.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു മിനിസ്റ്ററർക്കല്ലാതെ, ബിൽ പൈലററ് ചെയ്യുന്ന മിനിസ്റ്ററർക്കല്ലാതെ ഒരു മെമ്പർക്ക് ഓറൽ അമെൻറുമെൻറ് മൂവു ചെയ്യാനധികാരമുണ്ടോ, അത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്ററർ അംഗീകരിക്കുകയാണെങ്കിൽ മാത്രമേ അത് അമെൻറുമെൻറായിപ്പോലും എടുക്കുകയുള്ളു.

Sri E. Ahamed: I would like to speak on the amendment which was already moved by the honourable Member Mr. Jacob:

സർ, ഇവിടെ ബഹുമാനപ്പെട്ട ജേക്കബും ഇ. പി. ഗോപാലനും രണ്ടു ഭേദഗതികൾ അവതരിപ്പിച്ചു. ജേക്കബിന്റെ ഭേദഗതിയിലെ തത്വവും ആശയവും നല്ലതാണെങ്കിൽപോലും ജില്ലാ ഭരണസമിതിക്ക് ജില്ലാ ആശുപത്രികളുടെ ഭരണാധികാരം വിട്ടു കൊടുക്കണമെന്നാണെന്റെ അഭിപ്രായം. അദ്ദേഹം പറഞ്ഞതു ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല. ഇന്നു നമ്മുടെ ജില്ലാ ആശുപത്രികളെപ്പററി ഒട്ടനേകം ആക്ഷേപങ്ങളുണ്ട്. ആ ആക്ഷേപങ്ങളൊക്കെ പരിഹരിക്കാനായി ജനപ്രതിനിധികളും പ്രാദേശിക മുനിസിപ്പൽ കൗൺസിലുകളും അതുപോലെയുള്ള സമിതികളുമെല്ലാം തിരുവനന്തപുരത്തേക്കു തീർത്ഥയാത്ര നടത്തി ബന്ധപ്പെട്ട മന്ത്രിയേയും ഉദ്യോഗസ്ഥൻമാരേയും വിഷമിപ്പിക്കുന്നത് ഇന്ന് സർവ്വസാധാരണമായിരിക്കുകയാണ്. ജില്ലാ ഭരണസമിതികൾക്കു വളരെ പ്രധാനപ്പെട്ട അധികാരങ്ങൾ നൽകുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണത്തെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. അപ്പോൾ, ജില്ലയിലെ ജനങ്ങളെ വളരെ സാരമായി ബാധിക്കുന്ന ജില്ലാ ആശുപത്രി ഭരണത്തിനുള്ള അധികാരം നൽകാതിരിക്കുന്നത് ഒട്ടുംശരിയല്ല. വെറുമൊരു റൂറൽ ഡിസ്പൻസറിയുടേയോ താലൂക്കാശുപത്രിയുടേയോ ചുമതല മാത്രം ഏറെറടുക്കാനേ ജില്ലാ ഭരണ സമിതികൾക്ക് അർഹതയുള്ളു എന്നും ജില്ലാ ആശുപത്രികളുടെ ഭരണം ഏറെറടുക്കാൻ കഴിവില്ല എന്നും വിചാരിക്കുന്നതു ശരിയല്ല. മാത്രമല്ല തലസ്ഥാനത്തിരിക്കുന്ന ആരോഗ്യവകുപ്പ് അധികൃതർക്കുള്ള തലവേദന ഒഴിവാക്കാനും പ്രശ്നം പരിഹരിക്കാനും ഈ വിട്ടുകൊടുക്കൽ വഴി സാധിക്കുമെന്നാണെന്റെ അഭിപ്രായം.

ഒരു കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. 13-ാമത്തെ ഐറററത്തിൽ റൂറൽ വാട്ടർ സപ്ലൈയെക്കുറിച്ച് പറയുന്നുണ്ട്. റൂറൽ വാട്ടർ സപ്ലൈ എന്നത് ഒരു സ്കീമാണ്. അതുകൊണ്ട് Rural water supply—protected water supply as well as drinking water from wells എന്നു മാത്രം എഴുതിവച്ചാൽ ശരിയായിരിക്കുകയില്ല. എന്റെ അഭിപ്രായത്തിൽ Establishment and maintenance എന്നു കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ അതു നടപ്പിലാക്കാൻ സാധിക്കുകയുള്ളു. കാരണം, റൂറൽ വാട്ടർ സപ്ലൈ നടപ്പിലാക്കുന്നതും മെയിൻറയിൻ ചെയ്യുന്നതുമെല്ലാം പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വകുപ്പ് ആണ്. റൂറൽ വാട്ടർ സപ്ലൈ സ്കീം നടത്തുന്നതിനാവശ്യമായ പമ്പ് ഓപ്പറേററർമാരുടെ ശമ്പളം പോലും കൊടുക്കുന്നത് പഞ്ചായത്തുകളാണ്. എന്നാൽ പഞ്ചായത്തു സമിതികൾക്ക് അവരെ നിയന്ത്രിക്കാനുള്ള യാതൊരധികാരവുമില്ലതാനും. അതു മുഴുവനും നിർവ്വഹിക്കുന്നത് പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറാണ്. അപ്പോൾ ആ സ്കീമിനെ സംബന്ധിച്ച് Rural water supply—Protected water supply as well as drinking water from wells എന്നു മാത്രം എഴുതിയാൽ പോരാ എന്നാണെന്റെ അഭിപ്രായം. ആശുപത്രികളെപ്പോലെയും സ്വീവേജ് സ്കീമിനെ പോലെയുമൊക്കെ നോക്കി നടത്താനുള്ള ഒരു സ്കീമാണ്. അതിന് ഒരു സാധാരണ ചുമതല മാത്രം ജില്ലാ ഭരണ സമിതിയെ ഏൽപ്പിച്ചാൽ പോരാ അത് എസ്റ്റാബ്ലിഷ് ചെയ്യാനും മെയിൻറയിൻ ചെയ്യാനുമുള്ള അധികാരം കൂടി ജില്ലാ സമിതികൾക്ക് ഉണ്ടായിരിക്കണം. റൂറൽ വാട്ടർ സപ്ലൈ സ്കീംസും മററും നടത്തുന്നതിനുള്ള ചെലവ് വഹിക്കുന്ന പഞ്ചായത്തുകൾക്ക് അത് എങ്ങനെ നടത്തണമെന്നോ എങ്ങനെ നടത്തുന്നു എന്നോ തീരുമാനിക്കാനുള്ള അധികാരം ഇന്നത്തെ ചുററുപാടിലില്ല. ആ അധികാരം കൂടി ജില്ലാ സമിതിക്കു നൽകുകയാണെങ്കിൽ അവ എസ്റ്റാബ്ലിഷ് ചെയ്യാനും മെയിൻറയിൻ ചെയ്യാനുമുള്ള അധികാരവും കൂടി കൊടുക്കണം. അല്ലെങ്കിൽ ഈ രാജ്യത്തെ സാധാരണ ജനങ്ങളെ മർമ്മപ്രധാനമായി ബാധിക്കുന്ന ഒരു സോഷ്യൽ സർവ്വീസ് സ്കീമിൽ നാം ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനൊക്കുകയില്ല. അതുകൊണ്ട് Establishment and maintenance എന്നു കൂടി ചേർക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

<u>ശ്രീ പി. പി. എസ്തോസ്</u>: സർ, അധികാര വികേന്ദ്രീകരണത്തെപ്പററി ചർച്ച നടക്കുമ്പോൾ അധികാര കേന്ദ്രീകരണമാണു ശ്രീമാൻ ടി. എം. ജേക്കബ് ഇവിടെ വീണ്ടും ആവശ്യപ്പെടുന്നത്. നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളൊക്കെ ഇരുന്ന് ചർച്ച ചെയ്തിട്ടാണ് ജില്ലകൾക്കുള്ള ബഡ്ജററ് തയ്യാറാക്കുന്നത്. അങ്ങനെ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുണ്ടാക്കുന്ന ബഡ്ജററ് വിവിധ ജില്ലകൾക്കിടയിൽ ബാലൻസ് ചെയ്യത്തക്ക വിധത്തിൽ ഡിസ്ട്രിബ്യൂട്ടു ചെയ്യാൻ കഴിയാത്ത ഒരു സ്ഥിതിയാണിവിടെ ഉള്ളതെങ്കിൽ അതു താഴോട്ടു പ്രതിഫലിക്കും. മറിച്ച് ഈ സഭ പാസാക്കുന്ന ബഡ്ജററു പ്രകാരമുള്ള പണത്തിന്റെ സാധ്യതകളാണു ജില്ലകൾക്കുള്ളത്. ആ പണം ഉപയോഗിക്കുന്ന ഡിസ്ട്രിക്ററ് കൗൺസിലുകളുടെ കാര്യം പരിശോധിച്ചാൽ അവയ്ക്കു വളരെ പ്രാധാന്യമുണ്ടെന്നു കാണാം. താലൂക്കു ഹോസ്പിററലുകളേയും പ്രൈമറി ഹെൽത്ത് സെൻററുകളെയും റൂറൽ ഡിസ്പൻസറികളേയും കൂട്ടിയിണക്കുന്ന ജനറൽ അഡ്മിനിസ്ട്രേററീവ് കൺട്രോൾ ഇന്നു ഡിസ്ട്രിക്ററ് ഹോസ്പിററലിനാണ്. ഡിസ്ട്രിക്ററ് ഹോസ്പിററലുമായി ബന്ധപ്പെട്ടിട്ടാണ് മരുന്നു സപ്ലൈ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ നടക്കുന്നത്. അതു മാത്രമല്ല, പ്രാദേശികതലങ്ങളിൽ പെട്ടെന്നുണ്ടാകുന്ന പകർച്ചവ്യാധികൾക്കും മററും.............

ശ്രീ. ടി. എം. ജേക്കബ്: ജില്ലാ ഹോസ്പിററൽസ് അടക്കം എല്ലാത്തിന്റേയും അഡ്മിനിസ്ട്രേററീവ് കൺട്രോൾ ഇപ്പോൾ ഇവിടെ തന്നെ അല്ലേ? ജില്ലാ ഹോസ്പിററലുകൾ ഒഴിവാക്കണമെന്നു പറഞ്ഞാൽ അധികാരം കേന്ദ്രീകരിക്കാൻ പറഞ്ഞതല്ല. കൂടുതൽ ഭംഗിയായി നടക്കാൻ ഇപ്പോഴുള്ള സംവിധാനമാണ് നല്ലത്. താലൂക്കു വരെ നല്ല നിലയിലുള്ള വളരെയേറെ വാർഡുകളും പല സ്പെഷ്യാലിററീസും ഒക്കെ ആരംഭിച്ചിട്ടുണ്ട്. ഭംഗിയായി നടത്താൻ ഏതെങ്കിലും നാളിൽ കഴിയുമ്പോൾ കൊടുക്കുന്നതല്ലേ നല്ലത്? കേന്ദ്രീകരിക്കുന്ന പ്രവണതയാണെന്നു പറഞ്ഞതു ശരിയല്ല. കൺട്രോൾ ഉള്ളിടത്തോളം കാലം ഈ കാര്യങ്ങൾ കൂടി പരിക്ഷിക്കുന്നതല്ലേ നല്ലത് എന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. പി. എസ്തോസ്: നേരത്തെ തന്നെ ബഹുമാനപ്പെട്ട ജേക്കബ് വിശദീകരിച്ചതാണ്. അതു തന്നെയാണ് പറഞ്ഞു വരുന്നതും. ഒരു പ്രദേശത്തു പെട്ടെന്നു പകർച്ച വ്യാധികളോ അതു പോലെയുള്ള ബുദ്ധിമുട്ടുകളോ വരികയാണെങ്കിൽ പെട്ടെന്നു മോബലൈസേഷൻ ഡിസ്ട്രിക്ററ് ഹോസ്പിററലിൽ നിന്നാണ് ഇപ്പോൾ കൊണ്ടു വരിക. ഡിസ്ട്രിക്ററ് ഹോസ്പിററൽ എന്നു പറയുന്നത്, തിരഞ്ഞെടുക്കുന്ന ജില്ലാ ഭരണ സമിതിയുടെ പൊതുവായ നിയന്ത്രണത്തിനു വിധേയമായിട്ടാണ്. അങ്ങനെ ജില്ലാ ഹോസ്പിററൽ, താലൂക്കു ഹോസ്പിററൽ, പ്രൈമറി ഹെൽത്ത് സെൻറർ ഇവ പൊതുവായ ഒരു നിയന്ത്രണത്തിനും പൊതുവായ മേൽനോട്ടത്തിനും വിധേയമായി പ്രവർത്തിക്കുന്നു. ഡിസ്ട്രിക്ററ് ഹോസ്പിററൽ ഇൻഡിപെൻഡൻറ് ഇൻസ്ററിററ്യൂഷനായിട്ട്—സംസ്ഥാനമൊട്ടാകെ ബാധകമാകുന്ന മെഡിക്കൽ കോളേജ് ഹോസ്പിററലും സാനിട്ടോറിയങ്ങളും മററു ഹോസ്പിററലുകളും പോലെയല്ല—ആ ജില്ലയിലെ മുഴുവൻ ജനങ്ങളുമായും ബന്ധപ്പെടുന്ന ട്രീററ്മെൻററ് ഫെസിലിററീസ് ഉള്ള, സ്പെഷ്യലൈസ്ഡ് ബ്രാഞ്ചുകളുള്ള, ഒന്നാണ് ഡിസ്ട്രിക്ററ് ഹോസ്പിററൽ. അതിന്റെ നിയന്ത്രണം തീർച്ചയായും ജില്ലാ സമിതിക്കു തന്നെ ഉണ്ടാകണം. അതിൽ രണ്ടു പക്ഷമുണ്ടാകാൻ ഇടയില്ല. തെററിദ്ധാരണ കൊണ്ടായിരിക്കും ശ്രീമാൻ ജേക്കബ് അങ്ങനെ പറഞ്ഞത്. ജില്ലാ നിലവാരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾക്കും നിയമസഭാംഗങ്ങളെപ്പോലെ കുറെ ഉത്തരവാദിത്വം കൊടുക്കുക. ആ അടിസ്ഥാനത്തിൽ അംഗീകരിക്കുക. അതാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ചാക്കോ: സർ, ഗൗരവമായി ചിന്തിക്കേണ്ട ഒരു പ്രശ്നമാണ് ശ്രീ. ടി. എം. ജേക്കബ് ഇവിടെ ഒരു ഭേദഗതി മൂലം അവതരിപ്പിച്ചിരിക്കുന്നത്. ഒരു ജില്ലാ ഹോസ്പിററൽ എന്നു പറഞ്ഞാൽ ഒരു മിനിയേച്ചർ മെഡിക്കൽ കോളേജ് ഹോസ്പിററലാണ്. വളരെയധികം രോഗികറം, ഡോക്ടർമാർ, അതിനു വേണ്ട ഉപകരണങ്ങറം, ജീവനക്കാർ ഇത്രയെല്ലാമുള്ള, വളരെ വിപുലമായ രീതിയിൽ ആരോഗ്യ സംരക്ഷണ വിഷയത്തിൽ കാര്യമായ നേട്ടങ്ങറം നേടിക്കൊണ്ടു നടന്നു വരുന്ന സ്ഥാപനമാണ്. അതാണ് ജില്ലാ കൗൺസിലുകറക്കു വിട്ടു കൊടുക്കാൻ പറയുന്നത്. ഇത് ഇത്ര നിസ്സാരമായി കാണേണ്ടതല്ല. അധികാര വികേന്ദ്രീകരണമെന്നൊക്കെ പറഞ്ഞുകൊണ്ട്, എല്ലാ കാര്യങ്ങളും താഴേക്കു കൊടുക്കുന്നു, അതുകൊണ്ട് എതിരു പറഞ്ഞാൽ അധികാര വികേന്ദ്രീകരണത്തിന് എതിരാണ്. കേന്ദ്രീകരണ വാദമാണ് എന്നൊക്കെ പറയും. പക്ഷേ ഇതു നിസ്സാരമായ ഒരു കാര്യമായി കാണണ്ട.

ശ്രീ. സി. എ. കുര്യൻ: ജില്ലാ ആശുപത്രികളില്ലാത്ത ജില്ലകളുണ്ട്. അത് എങ്ങനെ വിട്ടു കൊടുക്കുക? അതുണ്ടാക്കാൻ ആർക്കാണ് ഉത്തരവാദിത്വമുണ്ടാവുക?

ശ്രീ. കെ. ജെ. ചാക്കോ: ഇടുക്കി ജില്ലയിൽ ജില്ലാ ഹോസ്പിററൽ ഇല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയോടു നിവേദനം നടത്തുക. എന്നോടു നിവേദനം നടത്തിയതു കൊണ്ടു യാതൊരു ഫലവുമില്ല. എനിക്ക് അതിനുള്ള ശക്തിയില്ല, കഴിവില്ല, അർഹതയില്ല, അധികാരമില്ല. ഞാൻ വാദിക്കുന്നത്—ഇതു നിസ്സാരമായി കാണേണ്ട കാര്യമല്ല. എല്ലാ കാര്യങ്ങളും ജില്ലയിലേക്കു കൊടുത്ത ശേഷം കൈയും കെട്ടി കുറച്ചു മന്ത്രിമാർക്ക് ഇരിക്കാം. കുറച്ച് എം. എൽ. എ.–മാർക്ക് ഇരിക്കാം. എല്ലാ ഉത്തരവാദിത്വങ്ങളും കൊടുത്തു എന്നു പറഞ്ഞുകൊണ്ട് ഒരു മാതിരി തലതൊട്ടപ്പൻമാരെപ്പോലെ കഴിഞ്ഞു കൂടാം—എന്നു പറയുന്നതു ശരിയല്ല. വളരെ കാര്യമായി ഗവൺമെൻറിന്റെ ചുമതലകളിൽപ്പെടുന്ന ഒരു കർത്തവ്യം ഇങ്ങനെ ഉത്തരവാദിത്വരാഹിത്യത്തോടു കൂടി മററുള്ളവരെ ഏൽപ്പിച്ച ശേഷം ഭംഗിയായി നടന്നു കൊള്ളുമെന്നാണു ഗവൺമെൻറ് വ്യാമോഹിക്കുന്നതെങ്കിൽ അതു നടക്കാൻ പോകുന്നില്ല. ഇവിടെ എന്തു പറഞ്ഞാലും അധികാരവികേന്ദ്രീകരണത്തിനെതിരായ മുദ്രാവാക്യമാണെന്നു പറയുന്ന ബഹുമാനപ്പെട്ട മെമ്പർമാർ അങ്ങേ ഭാഗത്തും ഇങ്ങേ ഭാഗത്തും ഇരിപ്പുണ്ട്. ഇതു പക്ഷേ അത്ര നിസ്സാരമായി കാണേണ്ടതല്ല. മനുഷ്യന്റെ ആരോഗ്യത്തെ നിയന്ത്രിക്കുന്ന സ്ഥാപനമാണ്; ജീവനെ നിലനിറുത്തുന്ന കേന്ദ്രമാണ്. ജില്ലാ കൗൺസിൽ ഉണ്ടാകാൻ പോകുന്നതേയുള്ളു. നടക്കുമോ എന്നു തന്നെ നമുക്കിപ്പോറം അറിയാൻ പാടില്ലാത്ത ഒരു കാലഘട്ടത്തിൽ ഇതെല്ലാം വിട്ടു കൊടുത്തിട്ട് സുരക്ഷിതമായി നടന്നു കൊള്ളും എന്നൊക്കെ നമുക്കിപ്പോറം പറയാം. വളരെയേറെ സങ്കടകരമായ ഒരു കാര്യമുണ്ട്; ഇവിടെ നാലു മെഡിക്കൽ കോളേജുകറം ഉണ്ട്. ആ നാലു മെഡിക്കൽ കോളേജുകളിലെ ഭരണത്തെപ്പററി ഡെവലപ്മെൻറ് കമ്മിററികളിൽ വരുന്ന ആക്ഷേപങ്ങറം—അവിടെ നടക്കുന്ന കൃത്രിമങ്ങളെപ്പററിയും ആളുകറക്ക് ആശ്വാസം കിട്ടാത്ത കാര്യങ്ങളെപ്പററിയുമൊക്കെ—പറയുമ്പോറം വളരെ സങ്കടമുണ്ട്. ഇത്രമാത്രം കേന്ദ്രീകരിച്ചു നിഷ്കർഷയോടെ നടന്നിട്ടു പോലും ജനങ്ങളുടെ പരാതികറം ഉള്ള ഈ സ്ഥാപനം ജില്ലാ കൗൺസിലുകളെ ഏൽപ്പിക്കണമെന്നാണ് പറയുന്നത്; ഉണ്ടാകാൻ പോകുന്ന ജില്ലാ കൗൺസിലുകളെ അതിന്റെ പെരുമാററം എങ്ങനെയായിരിക്കും, എത്രമാത്രം ഫണ്ടു വിനിയോഗിക്കാൻ സാധിക്കും എന്നൊക്കെ സംശയം മാത്രം അവശേഷിക്കുന്ന ഈ സമയത്ത് ബൃഹത്തായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പദ്ധതി ജില്ലാ കൗൺസിലിനെ ഏൽപ്പിക്കുന്നത് അപകടകരമാണ്; ആരോഗ്യ സംരക്ഷണ വിഷയത്തിൽ ഇത്രയും കാലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ പരാജയപ്പെടാൻ പോകുകയാണ്. അതുകൊണ്ട് ലാഘവ ബുദ്ധിയോടെ ബഹുമാനപ്പെട്ട മെമ്പർമാർ ഇക്കാര്യം കാണരുത്. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇക്കാര്യത്തെപ്പററി ഗൗരവമായി ചിന്തിക്കണമെന്ന് വിനീതമായ ഒരഭ്യർത്ഥന ഞാൻ വയ്ക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: പ്രസംഗം കേട്ടപ്പോൾ ജില്ലാ കൗൺസിലുകൾക്ക് ആദ്യം ഏൽപ്പിച്ചുകൊടുത്തത് ജില്ലാ ആശുപത്രിയാണെന്നു തോന്നി. അങ്ങനെയാണെങ്കിൽ ഇത് അവസാനം ഏൽപ്പിച്ചു കൊടുക്കേണ്ട വകുപ്പായി എങ്കിലും കരുതാമോ?

ശ്രീ. കെ. ജെ. ചാക്കോ: ആദ്യവും വേണ്ട, അവസാനവും വേണ്ട. ഒരിക്കലും വേണ്ടെന്നാണ് എന്റെ പക്ഷം. ഈ കാര്യങ്ങളെല്ലാം സുരക്ഷിതമായിരിക്കണമെങ്കിൽ ഇപ്പോൾ ഇരിക്കുന്ന സ്ഥാനത്ത് തന്നെ ഇരുന്നാൽ മാത്രമേ സാധിക്കുകയുള്ളു. അധികാര വികേന്ദ്രീകരണത്തിന്റെ മുദ്രാവാക്യവുമായി ഈ വിഷയത്തിലേക്ക് കടക്കേണ്ട. അത് വളരെയേറെ ഗൗരവമായ സംഗതിയാണ്. മററ് ഏത് വിഷയം കൊടുത്താലും മനുഷ്യന്റെ ആരോഗ്യത്തെ സംബ ്ധിച്ചിടത്തോളം ഉള്ള പ്രശ്നമായതുകൊണ്ട് ഈ പ്രശ്നം അവരെ ഏൽപ്പിക്കുന്നത് ശരിയല്ല.

ശ്രീ. പി. പി. എസ്തോസ്: നിയമസഭാ സാമാജികൻമാരെ സ ബന്ധിച്ചിടത്തോളം ആശുപത്രികളുടെ ചുമതല ഏൽപ്പിച്ചു കൊടുക്കുന്നതുകൊണ്ട് കുഴപ്പമില്ല. ജില്ലാ കൗൺസിൽ അംഗങ്ങൾക്ക് ഏൽപ്പിച്ചു കൊടുക്കുന്നതുകൊണ്ട് എന്ത് കുഴപ്പമാണ് ഉണ്ടാകാൻ പോകുന്നത്?

ശ്രീ. കെ. ജെ. ചാക്കോ: ബഹുമാനപ്പെട്ട എസ്തോസ് ഞാൻ പറഞ്ഞതിന്റെ ഗൗരവം ശരിക്ക് മനസ്സിലാക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. പുരോഗമനം എവിടേയും എന്തിലും വേണമെന്നു പറയും. കഴിഞ്ഞ 30 കൊല്ലക്കാലമായി നാം പുരോഗമനവും അധികാര വികേന്ദ്രീകരണവുമെല്ലാം പ്രസംഗിച്ചിട്ട് ഇപ്പോൾ നാം എവിടെയാണ് നിൽക്കുന്നത്. പുരപ്പുറത്ത് കയറിനിന്ന് പുരോഗമനം പറഞ്ഞിട്ട് കാര്യമില്ല. നമ്മുടെയെല്ലാം ജീവനെ സംബന്ധിച്ചുള്ള പ്രശ്നമാണ്. രണ്ടു കൊല്ലം ഇവരെ ഈ ആശുപത്രികളുടെ ഭരണം ഏൽപ്പിക്കാമെങ്കിൽ ഒരു പക്ഷേ നമ്മൾ ജീവനോടുകൂടി ഇരിക്കുകയാണെങ്കിൽ പരാതികളുടെ കൂമ്പാരവുമായി നിങ്ങൾ തന്നെ ഈ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഇന്ന് ജില്ലാ കൗൺസിലിന് കൊടുത്തിട്ടുള്ള അധികാരങ്ങൾ കുറവ് ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ഇന്ന് അവർക്ക് കൊടുത്തിട്ടുള്ള അധികാരങ്ങൾ കുറേക്കൂടി കേന്ദ്രീകരിക്കണമെന്നു പറഞ്ഞുകൊണ്ട് ഈ സഭയിലും മന്ത്രിമാരുടെ അടുത്തും വരുന്ന കാഴ്ച നമുക്ക് കണ ൻ കഴിയുമെന്നു മാത്രം ആണ് എനിക്ക് പറയാനുള്ളത്.

ശ്രീ. യു. എ. ബീരാൻ: സർ, ശ്രീ. ഇ. പി. ഗോപാലൻ അവതരിപ്പിച്ച ഭേദഗതി 13 മതായി ''Anti adulteration measures'' ചേർക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. ഇന്ന് നമ്മുടെ രാജ്യത്ത് മായംചേർക്കൽ ഗുരുതരമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. എന്താണ് അതു തടയുന്നതിനുള്ള മാർഗ്ഗങ്ങൾ? അത് കഠിനമായി തന്നെ തടയേണ്ടതാണ്. ജില്ലാ കൗൺസിലിന് അതിന് അധികാരം വേണം.

LIBRARY ARCHIVES Kerala Legislative Assembly

Vigilance against economic offences such as smuggling, tax evasion, food adulteration എന്ന് ഇതിൽ ചേർത്തിട്ടുണ്ട്. ഇത് 13-ാമത് എൻട്രിയായ Social reform activities -ൽ കൊണ്ടുവന്ന് ചേർത്തിരിക്കുകയാണ്. ഇത് ആരോഗ്യവകുപ്പാണ് ചെയ്യുന്നത്. എന്നു മാത്രമല്ല ഇന്ന് ഈ മാതിരിയുള്ള ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിന്നുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് കൂടി ചില അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. പഞ്ചായത്തിന്റെ അധികാരം എന്താണെന്നുവച്ചാൽ പണം ചെലവാക്കുകയെന്നുള്ളതാണ്. ഏതെങ്കിലും ഹെൽത്ത് ഇൻസ്പെക്ടർ സാമ്പിൾ പിടിച്ചാൽ ആ സാമ്പിൾ പരിശോധിക്കാനുള്ള പണം പഞ്ചായത്ത് കൊടുക്കണം. അത് പോരാ. ഇത് ആരോഗ്യപരമായ കാര്യങ്ങളിൽ പെട്ടതായതുകൊണ്ട് ഇത് 18-ാമത് ഐറ്റത്തിൽ Social Reform Activities എന്നുള്ളതിന്റെ കീഴിലാണ് കൊടുത്തിട്ടുള്ളത്. ഇത് Vigilance against economic offences such as smuggling, tax evasion, food adulteration എന്നു പറഞ്ഞുകൊണ്ടാണ് കൊടുത്തിട്ടുള്ളത്. അത് പോരാ anti food adulteration എന്ന പേരിൽ പ്രത്യേകമായി ചേർത്തുകൊണ്ട് ശ്രീ. ഇ. പി. ഗോപാലൻ സജസ്റ്റ് ചെയ്തതുപോലെയുള്ള അധികാരം കൂടി ജില്ലാ കൗൺസിലിന് കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, ശ്രീ. ഇ. പി. ഗോപാലൻ വളരെ ഗൗരവമായ ഒരു സംഗതിയാണ് പറഞ്ഞത്. ഞാൻ വിചാരിച്ചത് anti economic offences such as smuggling, tax evasion മുതലായവ 18 (9) ൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ സ്ഥലം തെറ്റി പോയോ എന്നുള്ള സംശയം ഉണ്ട്. I will look into this അതു പോലെ ഗൗരവമായ കുറ്റമായതുകൊണ്ട് ഇതിൽ പെടുത്തിയത് ആയിരിക്കുമെന്നാണ് എന്റെ വിശ്വാസം. അത് satisfy ചെയ്യും, എന്നാണ് എന്റെ വിശ്വാസം.

ശ്രീ. ഇ. പി. ഗോപാലൻ: അത് നിലവിലുള്ള നിയമവും ഇന്ന് മറ്റൊരു രീതിയിൽ പ്രവർത്തിക്കുന്നതും ആയതുകൊണ്ട് അന്ധവിശ്വാസങ്ങൾക്കെതിരായ സമരമെന്നു പറയുന്ന ആ കാറ്റഗറിയിൽ പെടുത്തിയതാണ്. അത് സ്പെസിഫിക്കായി ഇന്ന് നിലവിൽ വർക്ക്ചെയ്യുന്ന ഒരു ഡിപ്പാർട്ട്മെന്റാണ്.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: There is no objection in accepting this. If we accept this 18 (9) ഡിലീറ്റ് ചെയ്യേണ്ടി വരും. അങ്ങനെ ഒരു കൺഫ്യൂഷൻ ഉണ്ടാക്കേണ്ട പ്രശ്നമുണ്ടോ? ഇതുകൊണ്ട് തന്നെ അഡൽട്രേഷൻ തടയാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. നിയമത്തിന് അതിന് കഴിവുണ്ട്. അത് ഇന്ന സ്ഥലത്ത് വേണമെന്നുണ്ടെങ്കിൽ I have no objection.

പിന്നെ ബഹുമാനപ്പെട്ട ജേക്കബ് ജില്ലാ ആശുപത്രികളെക്കുറിച്ച് പറഞ്ഞ ആ വാദപ്രതിവാദത്തിൽ പങ്ക് ചേരണമെന്നു ആഗ്രഹമില്ല. അദ്ദേഹം, ബഹുമാനപ്പെട്ട മന്ത്രി പിടിവാശി പിടിക്കരുതെന്ന് പറഞ്ഞു. എന്റെ പിടിവാശികൊണ്ടാണ് ഞാൻ അമെൻറുമെൻറിനെ ഒപ്പോസ് ചെയ്യുന്നതെന്നാണ് അദ്ദേഹം വിചാരിക്കുന്നതെങ്കിൽ പ്രയാസമാണ്. ഇത് വളരെ ആലോചിച്ച് തയ്യാറാക്കിയ നിയമമാണ്. സെലക്റ്റ് കമ്മിററി സ്റേറജിൽത്തന്നെ വളരെയധികം പരി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനനൽകിയിട്ടുള്ളതാണ്. ഈ സഭയിലാണെങ്കിൽ ഭൂരിപക്ഷം എതിരഭിപ്രായമുള്ളതുകൊണ്ട് അത് സ്വീകരിക്കുകയില്ലെന്ന് പറയുന്നത് എന്റെ പിടിവാശികൊണ്ടാണെന്ന് പറയരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞ കാര്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: റപ്പററീഷൻ സഭയിൽ വേണ്ടെന്നുള്ളതാണ് എന്റെ അഭിപ്രായം.

The amendment moved by Shri T·M·Jacob was put and lost·

Shri Vakkom Purushothaman: Sir, I demand a poll·

A poll was taken, when the House divided as follows:

AYES : 1

1. ശ്രീ. ടി. എം. ജേക്കബ്

NOES : 76

1. ശ്രീ. ഇ.അഹമ്മദ്
2. ശ്രീ. കെ.അനിരുദ്ധൻ
3. ശ്രീ. എൻ.കെ.ബാലകൃഷ്ണൻ
4. ശ്രീ. ആർ.ബാലകൃഷ്ണപിള്ള
5. ശ്രീ. യു.എ.ബീരാൻ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. പി.ഭാസ്ക്കരൻ
8. ശ്രീ. എൻ.ചന്ദ്രശേഖരക്കുറുപ്പ്
9. ശ്രീ. ചന്ദ്രശേഖരൻ നായർ
10. ശ്രീ. ചടയൻ ഗോവിന്ദൻ
11. ശ്രീ. പി.കെ.ചാത്തൻ മാസ്ററർ
12. ശ്രീ. ജെ.ചിത്തരഞ്ജൻ
13. ശ്രീ. എൻ.ഐ.ദേവസ്സിക്കുട്ടി
14. ശ്രീ. പി.പി.എസ്തോസ്
15. ശ്രീ. പി.ആർ.ഫ്രാൻസിസ്
16. ശ്രീ. എം.പി.ഗംഗാധരൻ
17. ശ്രീ. കെ.ജെ.ജോർജ്
18. ശ്രീ. ഇ.പി.ഗോപാലൻ
19. ശ്രീ. സി.പി.ഗോവിന്ദൻ നമ്പ്യാർ
20. ശ്രീ. കെ.ജെ.ഹർഷൽ
21. ശ്രീ. എ.എൽ.ജേക്കബ്
22. ശ്രീ. ടി.എസ്.ജോൺ
23. ശ്രീ. പി.സി.ജോസഫ്
24. ശ്രീ. പി.ജെ.ജോസഫ്
25. ശ്രീ. കെ.കരുണാകരൻ
26. ശ്രീ. പി.കരുണാകരൻ
27. ശ്രീ. എം.കെ.കേശവൻ
28. ശ്രീ. എം.കെ.കൃഷ്ണൻ
29. ശ്രീ. കെ.കെ.കുമാരപിള്ള
30. ശ്രീ. കെ.ടി.കുമാരൻ
31. ശ്രീ. പി.വി.കുഞ്ഞിക്കണ്ണൻ
32. ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്
33. ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള
34. ശ്രീ. എ.പി.കുര്യൻ
35. ശ്രീ. സി.എ.കുര്യൻ
36. ശ്രീ. ലോനപ്പൻ നമ്പാടൻ
37. ശ്രീ. ഒ.ലൂക്കോസ്
38. ശ്രീ. ടി.എ.മജീദ്

LIBRARY ARCHIVES Kerala Legislative Assembly

39. ശ്രീ. ജി.പി.മംഗലത്തുമഠം
40. ശ്രീ. എം.വി.മാണി
41. ശ്രീ. കെ.എ.മാത്യു
42. ശ്രീ. എൻ.പി.മൊയ്തീൻ
43. ശ്രീ. പി.പി.വി.മൂസ്സ
44. ശ്രീ. സി.എച്ച്. മുഹമ്മദ്കോയ
45. ശ്രീ.കെ.നാരായണക്കുറുപ്പ്
46. ശ്രീ. കല്ലട നാരായണൻ
47. ശ്രീ. ഇ.നാരായണൻ നായർ
48. ശ്രീ. കെ.എസ്.നാരായണൻ നമ്പൂതിരി
49. ശ്രീ. കെ.പി.നൂറുദ്ദീൻ
50. ശ്രീ. ഉമ്മൻചാണ്ടി
51. ശ്രീ. കെ.പങ്കജാക്ഷൻ
52. ശ്രീ. ടി.എ.പരമൻ
53. ശ്രീ. കെ.പി.പ്രഭാകരൻ
54. ശ്രീ. വക്കം പുരുഷോത്തമൻ
55. ശ്രീ. എം.കെ.രാഘവൻ
56. ശ്രീ. എം.വി.രാഘവൻ
57. ശ്രീ. എം.വി.രാജൻ
58. ശ്രീ. കണിയാപുരം രാമചന്ദ്രൻ
59. ശ്രീ. എം.രാമപ്പ
60. ശ്രീ. പി.ബി.ആർ.പിള്ള
61. ശ്രീ. പി.ശങ്കർ
62. ശ്രീ. വി.ടി.സെബാസ്റ്റ്യൻ
63. ശ്രീ. ബി.എം.ഷെറീഫ്
64. ശ്രീ. പി.കെ.ശ്രീനിവാസൻ
65. ശ്രീ. കെ.സുകുമാരനുണ്ണി
66. ശ്രീ. സി.എം.സുന്ദരം
67. ശ്രീ. എ.വി.താമരാക്ഷൻ
68. ശ്രീ. എസ്.തങ്കപ്പൻ പിള്ള
69. ശ്രീ. ആർ.എസ്.ഉണ്ണി
70. ശ്രീ. കെ.സി.വാമദേവൻ
71. ശ്രീ. സി.വാസുദേവമേനോൻ
72. ശ്രീ. പി.കെ.വാസുദേവൻ നായർ
73. ശ്രീ. എൻ.വാസുദേവൻ പിള്ള
74. ശ്രീ. പിണറായി വിജയൻ
75. ശ്രീ. എ.എൻ.യൂസഫ്
76. ശ്രീ. സ്റ്റീഫൻ പാദുവ

Neutrals - Nil

Abstention 1

1. ശ്രീ കെ.ജെ.ചാക്കോ

Mr. Deputy Speaker: for the amendment 1

Against the amendment 76

Neutrals Nil

Abstention 1

Shri K. J. Herschel: May I know the difference between neutral and abstainer?

Mr. Deputy Speaker: He doesn't exercise his voting right.

Shri E. Ahamed: Is there any rule regarding abstaining Members? According to rules there is only Ayes, Noes, and Neutrals.

Shri K. J. Herschel: Sir I want to get an explanation for this.

Mr. Deputy Speaker: He doesn't exercise his voting right.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സഭയിൽ പങ്കെടുക്കുകയും ഫോറോ എഗൻസ്റ്റോ ആയി വോട്ടു ചെയ്യുകയും അല്ലെങ്കിൽ ന്യൂട്രൽ ആകുകയും ചെയ്യുകയല്ലാതെ സഭയിൽ ഹാജരായിട്ട് ഇതിൽ ഒന്നും പങ്കെടുക്കാതിരിക്കുന്നത് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. ഒരു ചട്ടത്തിലും കേട്ടിട്ടുമില്ല, കണ്ടിട്ടുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെ ചെയ്യാം. പലതും പണ്ടില്ലാത്തതാണെങ്കിലും അങ്ങനെയുള്ള നടപടിക്രമങ്ങൾ മദിരാശി നിയമസഭയിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ ഉണ്ടായിട്ടില്ല എന്നു മാത്രമേ ഉള്ളു. ഇപ്പോൾ ആദ്യമായി ഉണ്ടായിരിക്കുകയാണ്.

ശ്രീ കെ. പങ്കജാക്ഷൻ: ഇത് രണ്ടും രണ്ടാണ്. ഒന്ന് ആബ്സൻറിംഗ്, മറേറത് ആബ്സ്റ്റൻഷൻ.

Shri K. J. Harshal: Abstention must be outside the house. Here the members was sitting inside the house. So he must be treated as neutral.

മി. ഡെപ്യൂട്ടി സ്പീക്കർ: ന്യൂട്രൽ എന്നു പറഞ്ഞാൽ അയാൾ ഈ പ്രമേയത്തിന് അനുകൂലവുമല്ല എതിരുമല്ല.

Here abstainer എന്നുള്ള അർത്ഥമാണ്.

The amendment moved by Shri T. M. Jacob was declared lost.

The amendment moved by Shri C. Vasudeva Menon was, by leave withdrawn.

Mr. Deputy Speaker: Shri E. P. Gopalan, do you press your amendment?

ശ്രീ ഇ. പി. ഗോപാലൻ: അത് തത്വത്തിൽ അംഗീകരിക്കുകയും മറെറാരു സ്ഥലത്തുണ്ടെന്നു കാണുകയും ചെയ്തതിന്റെ ഫലമായി അത് നിർബന്ധിക്കുന്നില്ല. പക്ഷേ റിപ്ലൈ ചെയ്യേണ്ടതാണ്.

The amendment moved by Shri E. P. Gopalan was, by leave, withdrawn.

The question that Entry XIII stands part of the First Schedule was put and carried.

Entry No. XIII was added to the First Schedule.

Entry No. - XIV

The question that Entry No. XIV stands part of the First Schedule was put and carried.

Entry No. XIV was added to the First Schedule.

Entry No : XV

Shri P. C. Joseph: Sir, I move: In the First Schedule in Entry XV item (1) add the following at the end namely:

"after getting sanction from Government".

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾ സംസ്ഥാനത്തു പുതിയതായി ആരംഭിക്കുന്നതിനുള്ള അനുവാദം സംസ്ഥാന ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കണമെന്നാണ് എൻെറ അഭിപ്രായം. ഞാൻ ഇതു പറഞ്ഞതുകൊണ്ട് ഞാൻ അധികാര വികേന്ദ്രീകരണത്തിനു എതിരാണെന്നോ അല്ലെങ്കിൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിനെതിരാണെന്നോ സാക്ഷരതാ പ്രചരണത്തിന് അനുകൂലമല്ലെന്നോ അർത്ഥമാക്കരുത്. നമ്മുടെ സംസ്ഥാനം 290 കോടി ഉറുപ്പിക റവന്യൂ വരുമാനമുള്ളപ്പോൾ 275 കോടി ഉറുപ്പിക ശമ്പളം നൽകുന്ന ഒരു ഗവൺമെൻറാണ്. നമ്മുടെ സംസ്ഥാനത്തുള്ള സാമ്പത്തിക പരിതസ്ഥിതിയെപ്പററി നമുക്കെല്ലാവർക്കും അറിയാം. ജില്ലാ കൗൺസിലുകൾക്ക് പുതിയതായി സ്കൂളുകൾ അനുവദിക്കാനുള്ള അനുവാദം നൽകുകയാണെങ്കിൽ സ്വാഭാവികമായും ഉണ്ടാകാവുന്ന സ്കൂളുകളുടെ എണ്ണത്തിൻെറ വർദ്ധനവ് നമുക്കെല്ലാവർക്കും ഊഹിക്കാവുന്നതേയുള്ളു. സാക്ഷരതാപ്രചരണം വളരെ അത്യന്താപേക്ഷിതമായ ഒരു ഘടകമാണെങ്കിൽ പോലും നമ്മുടെ സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി കണക്കാക്കുമ്പോൾ ജില്ലാ കൗൺസിലിന് പുതിയതായി സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള അനുവാദം നൽകുകയാണെങ്കിൽ അത് പ്രായോഗികമായ അനേകം ബുദ്ധിമുട്ടുകൾക്ക് ഇടയാകുമെന്നുള്ളതുകൊണ്ട് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള അധികാരം ജില്ലാ കൗൺസിലുകൾക്കു വിട്ടു കൊടുക്കാതെ സംസ്ഥാന ഗവൺമെൻറിൽ ത്തന്നെ നിക്ഷിപ്തമായിരിക്കണമെന്നുള്ള എൻെറ ഭേദഗതി ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

Shri. C. Vasudeva Menon: Sir, I move: In the First Schedule, in Entry XV item (5), delete the word "Pre-Primary". പ്രീ പ്രൈമറി എന്നുള്ളത് ഡിലീററ് ചെയ്യണമെന്നുള്ളതാണ് എൻെറ ഭേദഗതി. അത് പഞ്ചായത്തിൻെറ ഫങ്ഷനായിട്ട് വിട്ടുകൊടുക്കണമെന്നുള്ള മറെറാരു ഭേദഗതി ഞാൻ കൊടുത്തിട്ടുണ്ട്. ഈ അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത്രാജ് ബില്ലായിട്ടാണ് സഭയിൽ ആദ്യമായി തന്നെ ബിൽ അവതരിപ്പിച്ചത്. ഈ പഞ്ചായത്ത്രാജിനെ സംബന്ധിച്ചിടത്തോളം അഖിലേന്ത്യാതലത്തിലും സംസ്ഥാനതലത്തിലുമുണ്ടായിട്ടുള്ള ചർച്ചകളിലെല്ലാം തന്നെ ഒന്ന്, ഘടകങ്ങൾ തമ്മിൽ ഒരു ബന്ധം ഉണ്ടായിരിക്കണമെന്നും പ്രത്യേകിച്ച് പഞ്ചായത്തുകളെ അടിസ്ഥാനഭരണ ഘടകമായി അംഗീകരിക്കണമെന്നുമായിരുന്നു. ഇന്ന് പേരിനുമാത്രം വികേന്ദ്രീകരണമെന്നു പറയും. ഇതിൽ കാര്യമായിട്ടുള്ള കേന്ദ്രീകരണമെല്ലാം ഉണ്ട്. അഡ്മിനിസ്ട്രേററീവ് മെഷീനറി കൗൺസിലിൻെറ കീഴിലല്ല. ഇന്നും ഗവൺമെൻറിൻെറ കീഴിൽ തന്നെയാണ്. ഗവൺമെൻറിൻെറ ആജ്ഞാനുവർത്തികളായിട്ടുള്ള ഒരു ഇൻസ്ററിററ്യൂഷൻ എന്നുള്ളതിൽ കവിഞ്ഞ് മറെറാരു കാര്യവുമില്ല. പഞ്ചായത്തുകളിലാണെങ്കിൽ ഹൈസ്കൂൾ വരെ കാര്യക്ഷമമായി നടക്കുന്നുണ്ട്. പല പഞ്ചായത്തുകളും പ്രൈമറി സ്കൂളുകളും മററു തരത്തിലുള്ള ഇൻസ്ററിററ്യൂഷൻസും നടത്തി വരുന്നുണ്ട്. ജില്ലാ കൗൺസിലുകൾ ഹൈസ്കൂളുകളിലും അതുപോലെതന്നെ പ്രൈമറി സ്കൂളുകളിലും ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിക്കുകയും പ്രീ പ്രൈമറിയെ സംബന്ധിച്ചിടത്തോളം അത് പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുകയും ചെയ്യണമെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ അതു ജില്ലാ കൗൺസിലുകളുടെ അധികാരപരിധിയിൽനിന്ന് എടുക്കണമെന്നുള്ളതാണ് എൻെറ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഇതിൽനിന്നും എടുത്തുകളയണമെന്നും പഞ്ചായത്തിൻെറ ഭേദഗതി വരുന്ന

2/449—12

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് അത് പഞ്ചായത്തിന്റെ ഫങ്ഷനായി ചേർക്കണമെന്നുമാണ് എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ബഹുമാനപ്പെട്ട ജോസഫ് പറഞ്ഞത് ഒരു വസ്തുതയാണ്. സ്കൂളുകൾ തുടങ്ങുന്നതിന് ജില്ലാ കൗൺസിലിന് അധികാരം കൊടുത്താൽ ഒരുപാട് സ്കൂളുകൾ തുടങ്ങുമെന്നാണ് അദ്ദേഹത്തിന്റെ ഭയം. പക്ഷെ ഫണ്ട് മുഴുവൻ ഗവൺമെന്റിന്റെ കൈയിലാണ്. ഗവൺമെന്റിന്റെ പണം കിട്ടാതെ തുടങ്ങാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇത് വേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. പഞ്ചായത്തുകളിൽ പ്രീപ്രൈമറി വിദ്യാഭ്യാസം നടത്തുന്നതുകൊണ്ട് വിരോധമില്ല. എങ്കിലും അതുകൂടി ജില്ലാ കമ്മിററികളുടെ പരിധിയിൽ ഉണ്ടായിരിക്കണമെന്നാണ് എന്റെ അഭിപ്രായം.

The amendment moved by Shri P. C. Joseph was, by leave, withdrawn.

The amendment moved by Shri C. Vasudeva Menon was put and lost.

The question that Entry No. XV stands part of the First Schedule was put and carried.

Entry No. XV was added to the First Schedule.

Entry No : XVI

The question that Entry No. XVI stands part of the First Schedule was put and carried.

Entry No. XVI was added to the First Schedule.

Entry No : XVII

The question that Entry No. XVII stands part of the First Schedule was put and carried.

Entry No. XVII was added to the First Schedule.

Entry No : XVIII

Shri C. Vasudeva Menon: Sir, I move: that in the First Schedule,
11 A. M] in Entry XVIII under the head "Social Reform Activities" delete item (5). ഇതാണ് എന്റെ ഭേദഗതി. സർ, "Social Reform Activities" item No. 5 delete ചെയ്യണമെന്നും ഇത് പഞ്ചായത്തിന്റെ ഫംഗ്ഷൻസിൽ ചേർക്കണമെന്നും വേറൊരു ഭേദഗതി ഞാൻ കൊടുത്തിട്ടുണ്ട്. ഇത് sanctioning and distribution of pension for widows, old and physically disabled destitutes and allowances for unemployed and couples of Inter-caste marriages in which one party is a member of a Scheduled Caste or Scheduled Tribe എന്നുള്ളതാണ്. സർ, ഇതിൽ പ്രത്യേകിച്ചും അനാഥകളെ സംബന്ധിച്ചിടത്തോളവും അതുപോലെതന്നെ വിധവകളെ സംബന്ധിച്ചിടത്തോളവുമുള്ള പെൻഷനെ സംബന്ധിച്ച് നേരിട്ട് അന്വേഷിക്കാനും യഥാർത്ഥത്തിൽ അർഹരായിട്ടുള്ളവരെ കണ്ടുപിടിക്കുന്നതിനുമെല്ലാം തന്നെ പഞ്ചായത്തുകൾക്കാണ് കഴിയുക. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് നടത്തുന്നതായിരിക്കും കുറേക്കൂടി അർഹിക്കുന്ന ആളുകൾക്ക് ലഭിക്കുന്നതിനുള്ള മാർഗ്ഗം. പഞ്ചായത്തുകൾക്ക് ഈ ഫംഗ്ഷൻ വിട്ടുകൊടുക്കുന്നതായിരിക്കും നല്ലത്. ഇന്നുതന്നെ ഇതിനെ സംബന്ധിച്ചിടത്തോളം അന്വേഷിക്കുന്നതും അതിന് പല സർട്ടിഫിക്കററുകളും കൊടുക്കുന്നതിനും പഞ്ചായത്ത് പ്രസിഡൻറുമാർക്കും ചിലതിൽ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാർക്കും അധികാരം കൊടുത്തിട്ടുണ്ട്. ആയതിലേക്ക് ഇത് പഞ്ചായത്തിൻെറ ഫംഗ്ഷനായിട്ട് വിട്ടുകൊടുക്കണം. അതായിരിക്കും നല്ലത്. കൂടുതൽ അർഹിക്കുന്ന ആളുകൾക്ക് ലഭിക്കുന്നതിനുവേണ്ടി അതായിരിക്കും നല്ലത് എന്നുള്ള അഭിപ്രായത്തോടുകൂടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): അന്വേഷിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുക്കുന്നതിന് വിരോധമില്ല. പക്ഷെ ഈ അധികാരം ജില്ലാ കൗൺസിലിൽ തന്നെ നിക്ഷിപ്തമായിരിക്കണമെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

The amendment moved by Shri C. Vasudeva Menon, was put and lost.

The question that entry No. XVIII stands part of the First Schedule was put and carried.

Entry No. XVIII was added to the First Schedule.

Entry No. XIX

The question that Entry No. XIX stands part of the First Schedule was put and carried.

Entry No. XIX was added to the First Schedule.

The question that First Schedule stands part of the Bill was put and carried.

The First Schedule was added to the Bill.

Second and Third Schedules

The question that Second and third Schedules stand part of the Bill was put and carried.

The Second and Third Schedules were added to the Bill.

Fourth Schedule

Amendments to the Kerala Panchayats Act, 1960 (32 of 1960)

Amendments 1 to 4

The question that amendment numbers 1 to 4 of the Kerala Panchayats Act, 1960 stand part of the Fourth Schedule was put and carried.

Amendment Numbers 1 to 4 were added to the Fourth Schedule.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 5

Shri T. M. Jacob: Sir, I move: In section 8A, proposed to be inserted in the Kerala Panchayats Act, 1960 by amendment No. 5 of the Fourth Schedule, for the words "without any right to vote or hold office," substitute the words "with right to vote but without any right to hold office". അമെൻറുമെൻറ് നമ്പർ 5ൽ 8 എ-യിൽ പറഞ്ഞിരിക്കുന്നത് The members of the District Council to be ex-officio members of the Panchayat - The members of the district council representing a Panchayat area shall be, ex-officio members of that Panchayat without any right to vote or hold office in the Panchayat." എന്നാണ് ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി. "with right to vote, but without any right to hold office" എന്നുള്ളതാണ്. എക്സ് ഒഫീഷ്യോ മെമ്പേഴ്സിന്റെ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച ക്ലാസ് 4.ൽ വന്ന അവസരത്തിൽ ഡിസ്ട്രിക്റ്റ് കൗൺസിലിലേക്കു വരുന്ന എക്സ് ഒഫീഷ്യോ മെമ്പേഴ്സിന്റെ അധികാരങ്ങളെക്കുറിച്ച് അവർക്കുള്ള അവകാശങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞു. അതിനെക്കുറിച്ച് വളരെയേറെ വാദപ്രതിവാദങ്ങൾ ഉണ്ടായതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചിരിക്കുന്ന ഒരു ഭേദഗതി തന്നെ ഇത്തരത്തിലാണ്. സർ, അതുകൊണ്ട് ജില്ലാ കൗൺസിലിലുള്ള അംഗങ്ങൾ ഈ പഞ്ചായത്തു സമിതികളിൽ എക്സ് ഒഫീഷ്യോ മെമ്പറായിട്ടു വന്നാൽ ഇന്നു പറഞ്ഞിരിക്കുന്നതനുസരിച്ച് "without any right to vote or hold office in the Panchayat" എന്നാണ്. സർ, അപ്പോൾ ഈ എക്സ് ഒഫീഷ്യോ മെമ്പേഴ്സിന് ജില്ലാ കൗൺസിലിൽ എം. എൽ. എ. മാർക്ക് കൊടുത്തിരിക്കുന്ന അവകാശങ്ങൾ പഞ്ചായത്തുകളിലേക്കും കൊടുക്കുക എന്നതാണ് പ്രധാനമായും ഞാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഞാൻ ആദ്യം ഇവിടെ എം. എൽ. എ. മാരുടെ കാര്യങ്ങൾ പറഞ്ഞ അവസരത്തിൽ പറഞ്ഞതുപോലെ തന്നെ ജില്ലാ കൗൺസിലിൽ അംഗങ്ങളെ പഞ്ചായത്തു സമിതികളിലേക്ക് എക്സ് ഒഫീഷ്യോ അംഗങ്ങളായി ക്ഷണിക്കുക എന്ന് തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ വരുന്ന ആളുകൾ അവിടെ വെറും കാഴ്ചക്കാരായി ഇരിക്കുക എന്ന് പറയുന്നത് ശരിയല്ല. അതിന്റെ പ്രധാനപ്പെട്ട സംഗതികളിൽ വോട്ടിങ്ങ് സംബന്ധമായ കാര്യങ്ങളിൽ പങ്കെടുക്കാതിരിക്കണമെങ്കിൽ അതിനുള്ള പ്രൊവിഷൻ എഴുതി ചേർക്കാം. പക്ഷേ അവർക്ക് ഓഫീസ് ഹോൾഡ് ചെയ്യാതെ അവർക്ക് വോട്ടിംഗ് റൈററ് എക്സർസൈസ് ചെയ്യാനുള്ള അവകാശം കൊടുക്കുന്നത് നന്നായിരിക്കും. നമ്മൾ ഇവിടെ തത്വത്തിൽ അംഗീകരിച്ചിരിക്കുന്ന ഒരു വ്യവസ്ഥ എന്നുള്ള നിലയിൽ അത് എന്തെങ്കിലും കാരണത്താൽ തള്ളിക്കളയേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കാരണം ഈ നിയമസഭ ഇന്നലെ നമ്മൾ ചർച്ച ചെയ്ത് അംഗീകരിച്ച കാര്യങ്ങൾ, ഉൾക്കൊള്ളുന്ന കാര്യങ്ങൾ തന്നെയാണ് ഞാൻ ഈ ഭേദഗതിയിൽ കൊണ്ടുവന്നിരിക്കുന്നത്. കൂടുതൽ വിശദീകരണം ഈ കാര്യത്തിൽ ആവശ്യമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് അംഗീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ജില്ലാ കൗൺസിലിലുള്ള എം. എൽ. എ.മാർക്ക് വോട്ടിങ്ങ് അധികാരം ഉള്ളതുപോലെ പഞ്ചായത്തുകളിൽ ജില്ലാ കൗൺസിൽ അംഗങ്ങൾക്ക് വോട്ടവകാശം നൽകുന്നതിന് സമാന്തരമായി ചിന്തിക്കുന്നത് ശരിയല്ല.

പഞ്ചായത്തുകളിൽ ജില്ലാ കൗൺസിൽ അംഗങ്ങൾ വെറും ഒബ്സർവർമാരെ പോലെയാണ് പങ്കെടുക്കുന്നത്. അവർ അവിടെ വോട്ടു ചെയ്യുന്നത് ശരിയായിരിക്കുകയില്ല. ഇത് പഞ്ചായത്തുകൾക്കുള്ള പ്രവർത്തനങ്ങൾക്കൊക്കെ വിഷമം ഉണ്ടാക്കും. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ജില്ലാ കൗൺസിൽ സൂപ്പർവൈസ് ചെയ്തുകൊണ്ട് ആ നിലയിൽ അവർ വോട്ടിങ്ങ് അധികാരത്തോടുകൂടി ഇരിക്കുന്നത് ശരിയായിരിക്കുകയില്ല. അതുകൊണ്ട് പഞ്ചായത്ത് സമിതികളിൽ ജില്ലാ കൗൺസിൽ അംഗങ്ങൾ വോട്ടു ചെയ്യുന്നതിനെ ഗവൺമെൻറ് അനുകൂലിക്കുന്നില്ല.

The amendment moved by Shri T.M.Jacob was, by leave, withdrawn.

The question that amendment No. 5 of the Kerala Panchayats Act, 1960 stands part of the Fourth Schedule was put and carried.

Amendment No. 5 was added to the Fourth Schedule.

Amendment Nos. 6 and 7

The question that amendment Nos. 6 and 7 stand part of the Fourth Schedule was put and carried.

Amendment Nos. 6 and 7 were added to the Fourth Schedule.

Amendment No : 8

Minister for Education **(Shri C. H. Mohammed Koya)**: Sir, I move:

For clause (b) of section 16 proposed to be inserted in the Kerala Panchayats Act, 1960, by clause 8, the following clause shall be substituted namely:-

"(b) has completed his twenty first year of age."

The amendment moved by the Minister was put and carried.

The question that amendment No. 8 of the Kerala Panchayats Act, 1960, as amended, stands part of the Fourth Schedule was put and carried.

Amendment No. 8, of the Kerala Panchayats Act, 1960, as amended was added to the Fourth Schedule.

Amendment Nos. 9 to 18

The question that amendment numbers 9 to 18 of the Kerala Panchayats Act, 1960 stand part of the Fourth Schedule was put and carried.

Amendment Nos. 9 to 18 of the Kerala Panchayats Act, 1960 were added to the Fourth Schedule.

Amendment No : 19

Shri N.I. Devass kutty: Sir, I move: (1) "In section 32 of the Kerala Panchayats Act, 1960, proposed to be substituted by clause 19 of the Fourth Schedule for the words "at such rate as may be fixed by the Government from time to time" substitute the words "of two hundred rupees".

LIBRARY ARCHIVES Kerala Legislative Assembly

I also move:

(2) "In section 32 of the Kerala Panchayats Act, 1960 proposed to be substituted by clause 19 of the Fourth Schedule add the following proviso to sub section (2) namely:

"provided that the Vice-President or the Member when acting in charge of the President shall be entitled from the funds of the Panchayat the same monthly allowance as provided in sub-clause (1) of clause 19". സർ, ഈ ബിൽ സെലക്റ്റ് കമ്മിററിക്കു പോകുന്നതിനുമുമ്പ് ഇവിടെ അവതരിപ്പിക്കപ്പെട്ടപ്പോൾ ജില്ലാ കൗൺസിൽ മെമ്പർമാർക്കെന്നപോലെ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനുമെന്നപോലെ പഞ്ചായത്ത് പ്രസിഡൻറിനുമുള്ള അലവൻസ് ഇത്രയായിരിക്കണമെന്ന് പറഞ്ഞിരുന്നു. സർ, വേതനകാര്യത്തെ സംബന്ധിച്ച് ജില്ലാ പ്രസിഡൻറുമാർക്ക് 500 രൂപ പ്രതിഫല അലവൻസായി നൽകണമെന്നാണ്. അതേ പോലെ തന്നെ വൈസ് പ്രസിഡൻറിന് 400 രൂപ, മെമ്പർമാർക്ക് 150 രൂപ എന്ന് 30-ാം സെക്ഷനിൽ ഈ ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ വ്യക്തമായും വ്യവസ്ഥ ചെയ്തിരുന്നു. ഇന്ന് സെലക്റ്റ് കമ്മിററി റിപ്പോർട്ടു വന്നപ്പോൾ ജില്ലാ കൗൺസിൽ മെമ്പർമാർക്കുള്ള വേതനമെല്ലാം കാലസ്ഥിതിക്കനുസരിച്ച് ആനുപാതികമായി വർദ്ധിപ്പിക്കുകയും അത് 30-ാം വകുപ്പിൽ എടുത്തു പറയുകയും ചെയ്തു. 500 ഉണ്ടായിരുന്നത് ജില്ലാ പ്രസിഡൻറിന് 750 രൂപയായി വർദ്ധിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തു. വൈസ് പ്രസിഡൻറിൻേറത് 500 രൂപയായി വർദ്ധിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തു. സ്ററാൻറിംഗ് കമ്മിററി ചെയർമാൻമാർക്ക് 250 രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്തു. അതേ സമയത്ത് പഞ്ചായത്തുകളുടെ കാര്യം വന്നപ്പോൾ വേറൊരു തരത്തിലുള്ള ഒരു മാനദണ്ഡമാണ് സെലക്റ്റ് കമ്മിററി സ്വീകരിച്ചത്. സെലക്റ്റ് കമ്മിററി പറഞ്ഞു. There shall be paid to the President from the funds of the Panchayat a fixed monthly allowance at such rate as may be fixed by the Government from time to time.

പഞ്ചായത്തു മെമ്പറൻമാരുടേയും പ്രസിഡൻറുമാരുടേയും കാര്യത്തിൽ അതാതു കാലം ഗവൺമെൻറ് നിശ്ചയിക്കുന്ന വേതനം എന്ന് സെലക്റ്റ് കമ്മിററി തീരുമാനിച്ചതു ശരിയല്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

Payment of allowance to President and Vice-President: There shall be paid to the President from the funds of the Panchayat a fixed monthly allowance of one hundred rupees to cover incidental expenses and conveyance hire, in connection with the discharge of his duties. എന്നാണ് പറഞ്ഞിരിക്കുന്നത്.

സെലക്റ്റ് കമ്മിററി റിപ്പോർട്ടു ചെയ്തപ്പോൾ ജില്ലാ കൗൺസിൽ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനും മെമ്പർമാർക്കും ഒരു മാനദണ്ഡവും, പഞ്ചായത്ത് പ്രസിഡൻറുമാർക്കും മെമ്പർമാർക്കും വേറൊരു മാനദണ്ഡവും സ്വീകരിക്കുന്നത് തീർച്ചയായിട്ടും ശരിയല്ലെന്നാണ് എൻെറ അഭിപ്രായം. കാരണം ഈ പുതിയ നിയമനിർമ്മാണത്തിൽ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വരുത്തിയിട്ടുള്ള ഏററവും കാത

LIBRARY ARCHIVES Kerala Legislative Assembly

ലായിട്ടുള്ള, നിർണ്ണായകമായിട്ടുള്ള ഭേദഗതി ഈ ബില്ല് പാസ്സായി ക്കഴിഞ്ഞാൽ പഞ്ചായത്ത് പ്രസിഡൻറുമാരെല്ലാം അതാത് പഞ്ചായ ത്തിലെ എക്സിക്യൂട്ടീവ് അതോറിട്ടിയാകുമെന്നാണ്. ഇപ്പോൾ എക്സിക്യൂട്ടീവ് അതോറിട്ടി പഞ്ചായത്ത് ആഫീസറാണ്. ഈ ബിൽ നടപ്പിലാക്കി കഴിഞ്ഞാൽ എക്സിക്യൂട്ടീവ് അതോറിട്ടി പ്രസിഡൻറായി രിക്കുമെന്ന് വരുത്തിയിട്ടുള്ള ഈ മാററം അടിസ്ഥാനപരമായിട്ടുള്ള ഒരു മാററമാണ്. ഒരു മന്ത്രിയും സെക്രട്ടറിയും തമ്മിൽ ഉള്ള ബന്ധം സംസ്ഥാനതലത്തിൽ, ജില്ലാ തലത്തിൽ ജില്ലാ കൗൺസിൽ പ്രസിഡൻറും ജില്ലാ കൗൺസിൽ സെക്രട്ടറിയും ആയിട്ടുള്ള ബന്ധം—സമാനമായിട്ടുള്ള ഒരു ബന്ധമാണ് ഈ ഭേദഗതികൊണ്ട് പഞ്ചായത്ത് പ്രസിഡൻറും പഞ്ചായത്തു സെക്രട്ടറിയും തമ്മിൽ ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇത് കാതലായിട്ടുള്ള ഒരു ഭേദഗതിയാണ്. ആ ഭേദഗതിയുടെ ഫലമായിട്ട് പഞ്ചായത്ത് പ്രസിഡൻറുമാരെ കളിയാക്കിയും പുച്ഛിച്ചും ഒക്കെ പലരും ഇവിടെ സംസാരിച്ചത് എന്നിൽ ഞെട്ടലുണ്ടാക്കി. ബഹുമാനപ്പെട്ട സീതി സാഹിബ് ഇവിടെ ബഹുമാനപ്പെട്ട ഷേണായിയോട് ഒരു ചോദ്യം ചോദിച്ചത് കേരളത്തിലുള്ള മുഴുവൻ പഞ്ചായത്തു പ്രസിഡൻറുമാരേയും വേദനിപ്പിച്ചിട്ടുണ്ട്. രാജിവച്ചു പോകണം ഈ 3 രൂപ കിട്ടാൻ എന്തിന് പ്രസിഡൻറ് സ്ഥാനത്ത് നിങ്ങൾ ചടഞ്ഞുകൂടിയിരിക്കുന്നു എന്നുള്ള ചോദ്യം തീർച്ചയായും ഒരു ജനപ്രതിനിധിയുടെ നാവിൽ നിന്നുംവരാൻ പാടില്ലായിരുന്നു. ഏതായാലും ഇന്ന് പഞ്ചായത്ത് പ്രസിഡൻറുമാർക്ക് എന്തെല്ലാം കുററങ്ങളും കുറവുകളും ഉണ്ടായിരുന്നാലും ഈ സംസ്ഥാനത്തു ചെയ്തിട്ടുള്ള വികസനപരമായിട്ടുള്ള കാര്യങ്ങളും സേവന രംഗ ത്തൊക്കെ നൽകിയിട്ടുള്ള നേട്ടങ്ങളും ആർക്കും കൊച്ചാക്കിക്കാണിക്കാൻ സാദ്ധ്യമല്ല. പല അപവാദങ്ങളുമുണ്ടായിരിക്കാം. എങ്കിലും ഇത്രയും കാലം വ്യക്തിപരമായി ഈ രാജ്യത്തിൻെറ മേൻമക്കും പദ്ധതികൾ നടപ്പിലാ ക്കുന്നതിനും മററെല്ലാ കാര്യത്തിലും കേരളത്തിലെ പഞ്ചായത്തുകൾ വഹി ച്ചിട്ടുള്ള, അതിൻെറ അധിപൻമാരായ പഞ്ചായത്തു പ്രസിഡൻറുമാർ വഹിച്ചിട്ടുള്ള പങ്കിനെ ആരും ചെറുതാക്കി കാണിക്കേണ്ടതില്ല. നിസ്വാ ർത്ഥമായ് സേവനം കാഴ്ചവെച്ചിട്ടുള്ളവരാണ് അവരെന്ന് ഉറപ്പിച്ചു പറയാൻ കഴിയും. അങ്ങനെയുള്ള പഞ്ചായത്ത് പ്രസിഡൻറുമാർക്ക് ഈ ബില്ല് നടപ്പിലാകുന്നതിനു മുമ്പുതന്നെ ഏതാണ്ട് മുഴുവൻ സമയവും പ്രവർത്തിക്കേണ്ടതായി വരുന്നുണ്ട്. അവർക്ക് ഗവൺമെൻറിൽനിന്നു മുള്ള വേതനം എന്താണെന്ന് അറിയുമ്പോഴാണ് പലർക്കും ആശ്ചര്യ മുണ്ടാകുക. സർ, ഇന്ന് മുഴുവൻ സമയവും നാട്ടുകാര്യങ്ങളന്വേഷിച്ചും പഞ്ചായത്തിലെ വികസന കാര്യങ്ങളന്വേഷിച്ചും റോഡും തോടും ആശു പത്രികളുമുണ്ടാക്കുന്നതിനും ലക്ഷം വീടു പദ്ധതിയുണ്ടാക്കാനും ഭവനപരിപാടിയുണ്ടാക്കാനും, എന്ന് വേണ്ട ഗ്രാമീണ വികസന പദ്ധതി കളൊക്കെ നോക്കി രാവും പകലും തല കാഞ്ഞു നടക്കുന്ന ഈ പഞ്ചായത്തു പ്രസിഡൻറുമാർക്കു ഇന്ന് ഗവൺമെൻറ് നൽകുന്നത് വെറും അഞ്ച് രൂപ യാണ്. ഒരു മീററിങ്ങിന് വന്നാൽ പഞ്ചായത്തു മെമ്പർമാർക്ക് മൂന്ന് രൂപയും. സർ, അവരുടെ സാമ്പത്തിക കാര്യങ്ങൾക്കുവേണ്ടി ഇവിടെ വാദിക്കുകയല്ല. അനൗദ്യോഗികമായിട്ടുള്ള ആ നേതൃത്വം ഗ്രാമതലത്തിൽ ചെയ്യുന്ന മഹത്തായ സേവനത്തെ അംഗീകരിക്കാൻ നാം തയ്യാറാകണം. വില കുറച്ച് കാണിക്കാൻ തയ്യാറാകരുത്. അവരെ തള്ളിപ്പറയാൻ തയ്യാറാകരുത്. ജനപ്രതിനിധികൾ പ്രത്യേകിച്ചും പാടില്ല. അവരുടെ സേവനത്തെ കൃതജ്ഞതയോടുകൂടി സ്മരിക്കുന്നുണ്ടെങ്കിൽ തീർച്ചയായിട്ടും ജില്ലാ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനുമുള്ള വേതനം എത്രയെന്ന് ഈ ആക്ററിൽ തന്നെ പറയാമെന്നും സംഖ്യ കഴിഞ്ഞ പ്രാവശ്യം ബില്ല് അവ

LIBRARY ARCHIVES Kerala Legislative Assembly

തരിപ്പിച്ചപ്പോൾ ഉണ്ടായിരുന്നതിൽനിന്നും ആനുപാതികമായിട്ട് കൂട്ടാമെന്നിരിക്കെ പഞ്ചായത്ത് പ്രസിഡൻറുമാരുടെ കാര്യം വന്നപ്പോൾ അതൊന്നും പരസ്യമായിട്ട് പറയേണ്ടതില്ല, അതൊക്കെ ഗവൺമെൻറ് നോട്ടിഫൈ ചെയ്യുമെന്നും അതാതു കാലത്ത് അതിനനുസരിച്ച ശമ്പളം അവർക്ക് കൊടുക്കുമെന്നും പറയുന്നത് ഒരു തരത്തിൽ പറഞ്ഞാൽ പഞ്ചായത്ത് പ്രസിഡൻറുമാരേയും ഗ്രാമതലത്തിലുള്ള ഈ അടിസ്ഥാന ഭരണകൂടത്തേയും അവഹേളിക്കുന്നതിന് തുല്യമല്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് ജില്ലാ പ്രസിഡൻറുമാർക്ക് വർദ്ധിപ്പിച്ചു കൊടുക്കണമെന്ന് പറഞ്ഞപോലെ തന്നെ പഞ്ചായത്തു പ്രസിഡൻറുമാർക്കും എന്റെ ഈ ഭേദഗതിയനുസരിച്ച് ഒരു മാസമുള്ള അലവൻസ് 200 രൂപയായി ഗവൺമെൻറ് ഇവിടെ പ്രഖ്യാപിക്കണം; ഈ നിയമത്തിൽ ഇത് വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ ഭേദഗതി. അത് പറയുന്നതിൽ ഒരു അപാകതയും ഞാൻ കാണുന്നില്ല. ഇവിടെ പറഞ്ഞു കേട്ട വിശദീകരണം ഇവിടെ ഈ പഞ്ചായത്തുകൾക്ക് പല ഗ്രേഡുകളുണ്ട്. സ്പെഷ്യൽ ഗ്രേഡെന്ന് പറഞ്ഞാൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ളത്; ഒരു ലക്ഷം രൂപ വരെ വരുമാനമുള്ളത് ഫസ്ററ് ഗ്രേഡ്. അങ്ങനെ പല ഗ്രേഡുകളുമുണ്ട്; അതുകൊണ്ട് എല്ലാ ഗ്രേഡിലുമുള്ള പ്രസിഡൻറുമാർക്ക് പ്രത്യേകിച്ച് മൂന്നാം ഗ്രേഡിലുള്ള പ്രസിഡൻറുമാർക്ക് ചുരുങ്ങിയ നിശ്ചിത വേതനം കൊടുക്കുന്നത് ശരിയല്ല. പല പഞ്ചായത്തുകൾക്കും പല മാതിരി കൊടുക്കണമെന്നാണ് ഗവൺമെൻറ് പറഞ്ഞിരിക്കുന്നത്. ഞാൻ പറയുന്നത് ഏററവും ചുരുങ്ങിയത് ഇന്നത്തെ കാലസ്ഥിതിയനുസരിച്ച് ഈ പഞ്ചായത്തിന്റെ പ്രസിഡൻറ് എക്സിക്യൂട്ടീവ് അതോറിട്ടിയായി മാറുകയും ദിവസേന ആഫീസിൽ പോയി കാര്യങ്ങൾ പ്രവർത്തിക്കുകയും വേണ്ടി വരുന്ന സാഹചര്യത്തിൽ തീർച്ചയായും ഒരു പഞ്ചായത്ത് പ്രസിഡൻറിന് 200 രൂപ മാസവേതനം കൊടുക്കണമെന്നാവശ്യപ്പെടുന്നത് അധികമാണെന്ന് ആരും പറയുകയില്ല. 200 രൂപയെന്നു പറയുന്നതു മിനിമം കൂലിയേക്കാൾ കുറവാണ്. ഗവൺമെൻറ് നോട്ടിഫൈ ചെയ്തിട്ടുള്ള ഒരു പുരുഷ തൊഴിലാളിയുടെ ഒരു ദിവസത്തെ മിനിമം കൂലിയേക്കാൾ കുറവാണ്. ആറ രൂപയാണ് വരുന്നത് സർ, ഒരു പഞ്ചായത്ത് പ്രസിഡൻറ് ദിവസവും ആഫീസിൽ പോയി ജോലിചെയ്താൽ കൊടുക്കണമെന്നാവശ്യപ്പെടുന്നത്. ഏതായാലും ഭരണപക്ഷത്തിരിക്കുന്നവരാരും അതിനെ എതിർക്കുമെന്ന് കരുതുന്നില്ല. ഏതായാലും അതു സ്വീകരിക്കേണ്ടതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ഇതിപ്പോൾ മൂന്നാം ഗ്രേഡിനുള്ളതല്ലേ? അപ്പോൾ ഗ്രേഡ് മാറുംതോറും കൂടേണ്ടേ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഗ്രേഡു പറയാത്തിടത്തോളം എല്ലാവർക്കും ബാധകമാകും. നേരെമറിച്ച് ബഹുമാനപ്പെട്ട ഇ. പി. ഗോപാലന്റെ പഞ്ചായത്തായ പട്ടാമ്പി പഞ്ചായത്തിന് സ്പെഷ്യൽ ഗ്രേഡാണ് ഉള്ളത്. ആ പഞ്ചായത്തു പ്രസിഡൻറിന് കൂടുതൽ കൊടുക്കണമെങ്കിൽ ഗവൺമെൻറിന്റെ പ്രത്യേക അധികാരത്തിൽ, നിയമത്തിൽ ഉള്ളതനുസരിച്ചു കൊടുക്കാൻ വ്യവസ്ഥയുണ്ട്. ഏതായാലും എല്ലാ പ്രസിഡൻറുമാർക്കുമുള്ള ഒരു വേതനമെന്നുള്ള നിലക്കാണ് ഞാൻ 200 രൂപയെന്നു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

[Shri Vakkom Purushothaman in the Chair]

ഏതായാലും ഗവൺമെൻറിൻെറ യുക്തിക്ക് രണ്ടാമത്തെ ഉപവകുപ്പ് ഞാൻ വിടുകയാണ്. 233-ാമത്തെ ഭേദഗതിയിൽ പറയുന്നത് "provided that the Vice-President or the Member when acting in charge of the President shall be entitled from the funds of the Panchayat the same monthly allowance as provided in sub-clause (1) of clause 19". അതായത് പഞ്ചായത്ത് ആക്ററനുസരിച്ച് പ്രസിഡൻറിൻെറ അഭാവത്തിൽ വൈസ് പ്രസിഡൻറ് ചാർജ് വഹിക്കണം. വൈസ് പ്രസിഡൻറിൻേറയും പ്രസിഡൻറിൻേറയും അഭാവത്തിൽ നിശ്ചയിക്കപ്പെടുന്ന ഒരു മെമ്പർ ചാർജ് വഹിക്കണം. പഞ്ചായത്ത് ആക്ററ് അനുസരിച്ച് ഏതെങ്കിലുമൊരു പ്രസിഡൻറിന് സ്ഥിരമായിട്ട് പഞ്ചായത്ത് പ്രസിഡൻറിൻെറ ചുമതല നിർവ്വഹിക്കാൻ അസൗകര്യമായി വരികയാണെങ്കിൽ പഞ്ചായത്ത് ആക്ററിലെ വകുപ്പനുസരിച്ച് ആ അധികാരം ഡെലിഗേററ് ചെയ്യാൻ വ്യവസ്ഥയുണ്ട്. വൈസ് പ്രസിഡൻറിന് ഡെലിഗേററ് ചെയ്യാം. വൈസ് പ്രസിഡൻറിൻെറ സ്ഥാനം ഒഴിവായി കിടക്കുകയാണെങ്കിൽ ഏതെങ്കിലും മെമ്പർക്ക് പ്രസിഡൻറിൻെറ അധികാരം ഡെലിഗേററ് ചെയ്യാം. വൈസ് പ്രസിഡൻേറാ മെമ്പറോ പഞ്ചായത്ത് പ്രസിഡൻറിൻെറ ചുമതല നിർവ്വഹിക്കുമ്പോൾ ആ പഞ്ചായത്ത് പ്രസിഡൻറിൻെറ മാസ അലവൻസ് ചാർജ് വഹിക്കുന്ന വൈസ് പ്രസിഡൻറിനോ പഞ്ചായത്ത് മെമ്പർക്കോ കൊടുക്കണമെന്നാണ് ഞാൻ ഈ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്. വൈസ് പ്രസിഡൻറിനും മെമ്പർക്കും ഔദ്യോഗിക കൃത്യം നിർവ്വഹിക്കുന്നതിന് പുതിയ ആക്ററിലോ പഴയ ആക്ററിലോ വ്യവസ്ഥ ഇല്ല. പ്രസിഡൻറ് ഇല്ലെങ്കിൽ മാത്രമാണ് വൈസ് പ്രസിഡൻറിനു അധികാരമുള്ളത്. മീററിങ്ങ് അററൻറ് ചെയ്യുകയെന്നുള്ള ചുമതലയാണ് മെമ്പർമാർക്കുള്ളത്. വൈസ് പ്രസിഡൻറിനും മെമ്പർമാർക്കും ഉള്ള വേതനം ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഗവൺമെൻറ് നോട്ടിഫിക്കേഷൻ മൂലം നടപ്പാക്കുന്നതിൽ എനിക്ക് എതിർപ്പില്ല. പഞ്ചായത്ത് പ്രസിഡൻറുമാരെ രണ്ടാം തരം ജനസേവകൻമാരായി കാണുന്ന ഏർപ്പാട് മാററി ഗവൺമെൻറ് ജില്ലാ കൗൺസിലിലെ വൈസ് പ്രസിഡൻറിനും പ്രസിഡൻറിനും ചെയ്തിട്ടുള്ളതുപോലെ പഞ്ചായത്ത് പ്രസിഡൻറിനും മന്ത്‌ലി അലവൻസ് എന്താണെന്ന് പറയണം. അങ്ങനെ പറഞ്ഞില്ലെങ്കിൽ മുൻകാല അനുഭവംവച്ച് എനിക്ക് പറയാനുള്ളത് ഇന്ന് പഞ്ചായത്ത് പ്രസിഡൻറിന് കൊടുക്കുന്നത് അഞ്ച് രൂപയാണ്. ഗവൺമെൻറ് അത് പത്ത് രൂപയാക്കും. നൂറു രൂപ വർദ്ധിപ്പിച്ചുവെന്ന് പത്രപ്രസ്താവന ചെയ്യുകയും ചെയ്യും. പത്തു രൂപ കൊടുത്താൽ നൂറു ശതമാനം വർദ്ധിച്ചു. നൂറു ശതമാനത്തിലും കൂടുതൽ ശമ്പള വർദ്ധനവ് ആരെങ്കിലും ആവശ്യപ്പെടുമോ?

ശ്രീ. യു. എ. ബീരാൻ: പണ്ടത്തെ മാതിരി അല്ല. "A fixed monthly allowance at such rate as may be fixed from time to time." എന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മന്ത്‌ലി അലവൻസ് എത്രയാണ്? ഇന്ന് അഞ്ചു രൂപ സിററിങ്ങ് ഫീസ് എന്നു പറഞ്ഞാൽ ഏററവും കൂടുതൽ യോഗം നടത്തുന്ന പഞ്ചായത്തു പ്രസിഡൻറിന് കിട്ടുന്നത് 25 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.സി. വാസുദേവമേനോൻ: അതാത് സമയത്ത് നിശ്ചയിക്കുമെന്നുള്ളതുകൊണ്ട് വില സൂചികയും ക്ഷാമബത്തയുമെല്ലാം പരിഗണിച്ച് അതാത് സമയത്ത് വർദ്ധിപ്പിക്കണമെന്നാണോ മെമ്പർ പറയുന്നത്?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ജില്ലാ കൗൺസിൽ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനും ഒരു വേതനം മന്ത്‌ലി അലവൻസായി നിശ്ചയിക്കുന്നു. അതുപോലെ പഞ്ചായത്ത് പ്രസിഡൻറിനും അനുവദിക്കണമെന്നാണ് എൻെറ വാദം. പേ റിവിഷൻ വരുമ്പോൾ ഇനി വർദ്ധിപ്പിക്കുന്നതനുസരിച്ച് കാലസ്ഥിതിയനുസരിച്ച് വർദ്ധിപ്പിക്കുന്നതിൽ യാതൊരു കുഴപ്പവുമില്ല. കാലസ്ഥിതി അനുസരിച്ച് എം. എൽ. എ. മാരുടെ അലവൻസ് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു.

ശ്രീ.ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ പഞ്ചായത്ത് പ്രസിഡൻറ് എക്സിക്യൂട്ടീവ് അതോറിട്ടിയായിട്ടുള്ള ഇതിൻെറ മുമ്പത്തെ പഞ്ചായത്ത് ആക്റ്റിൽ സിററിങ്ങ് ഫീസേയുണ്ടായിരുന്നുള്ളു. ഇതിൽ മന്ത്‌ലി അലവൻസെന്ന് പറഞ്ഞിട്ടുണ്ട്. ഫസ്റ്റ് ഗ്രേഡ്, സെക്കൻറ് ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ് എന്ന് വന്നിട്ടുള്ള സ്ഥിതിക്ക് മൊത്തമായിട്ടും മന്ത്‌ലി അലവൻസെന്ന് നിശ്ചയിക്കുകയും അത് നിശ്ചയിക്കാനുള്ള അധികാരം ഗവൺമെൻറിന് കൊടുക്കുകയും ചെയ്യുന്നതിൽ എന്താണ് പാകപ്പിഴ?

ശ്രീ.എൻ. ഐ. ദേവസ്സിക്കുട്ടി: അത് ശരിയല്ല. ജില്ലാ കൗൺസിൽ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനും മന്ത്‌ലി അലവൻസ് കൊടുക്കേണ്ടതാണെന്നും, അതാത് കാലം ഗവൺമെൻറ് നോട്ടിഫൈ ചെയ്തിരിക്കുന്നതായിക്കൊള്ളട്ടെ എന്ന് ജില്ലാ കൗൺസിൽ ബില്ലിൽ ഉൾപ്പെടുത്തി വന്നപ്പോൾ അതെപ്പററി ഒന്നും പറഞ്ഞില്ലല്ലോ? ജില്ലാ പ്രസിഡൻറിന് മന്ത്‌ലി അലവൻസ് വേണമെന്നും അത് ഇത്ര രൂപ ആണെന്നും വ്യക്തമായി പറയാമെങ്കിൽ അതുപോലെ പഞ്ചായത്ത് പ്രസിഡൻറുമാർക്കും പറയുന്നതിൽ എന്താണ് ആക്ഷേപം?

ശ്രീ.ഇ. പി. ഗോപാലൻ: ജില്ലാ കൗൺസിൽ ബിൽ ആണെന്നുള്ളതുകൊണ്ടും ജില്ലാ കൗൺസിലിൻെറ പ്രവർത്തനത്തിന് വേണ്ടിടത്തോളം പഞ്ചായത്ത് ആക്റ്റിൽ ഭേദഗതി വരുത്തുകയാണുണ്ടായതെന്നറിയാമോ?

ശ്രീ.എൻ. ഐ. ദേവസ്സിക്കുട്ടി: അതായത് ഗവൺമെൻറ് ചെയ്യുന്നതിൽ ഒന്നും പരാതി പറയാനില്ല, നോട്ടിഫൈ ചെയ്തു കൊള്ളട്ടെയെന്നാണ് ഗോപാലൻെറ വാദമെങ്കിൽ ആ വാദം വള്ളിക്കും പുള്ളിക്കും വ്യത്യാസമില്ലാതെ പഞ്ചായത്ത് പ്രസിഡൻറുമാർക്കും ബാധകമാക്കണമെന്നാണ് പറയുന്നത്. രണ്ടു തരത്തിൽ ആക്കുന്നത് അന്യായമായിട്ടുള്ളതാണ്. ഇത് സ്വീകരിക്കുന്നതുകൊണ്ടു ഗവൺമെൻറിന് ഒന്നും വരാനില്ല, ഗവൺമെൻറിന് ദോഷം വരികയില്ല. ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് പ്രസിഡൻറുമാർക്കുള്ള അംഗീകാരമാണെന്ന് കണക്കാക്കി രണ്ടാം തരം പൗരൻമാരല്ലെന്ന് ബോദ്ധ്യമാക്കുന്നതിനു വേണ്ടി. ജില്ലാ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനും സ്ററാൻറിംഗ് കമ്മിററി മെമ്പർമാർക്കും ചെയ്തിട്ടുള്ളതുപോലെയുള്ള വേതനം പഞ്ചായത്ത് പ്രസിഡൻറുമാർക്കും കൊടുക്കണം. അവർ മുഴുവൻ സമയവും പ്രവൃത്തി എടുക്കേണ്ട ബാദ്ധ്യത എക്സിക്യൂട്ടീവ് അതോറിട്ടിയായതുകൊണ്ട് വന്നു ചേരുന്നതുകൊണ്ട് അവരുടെ വേതനം ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): പഞ്ചായത്തു പ്രസിഡൻറുമാരുടെ പദവിയേയോ അവർ ചെയ്യുന്ന സേവനത്തിൻെറ മാന്യതയേയോ താഴ്ത്തി കാണാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നില്ല. എന്നു മാത്രമല്ല ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി പറഞ്ഞ സംഖ്യ പഞ്ചായത്തു പ്രസിഡൻറുമാരുടെ മാന്യതയ്ക്കും സേവനത്തിനുമുള്ള സംഖ്യയാണെന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും ഗവൺമെൻറിൻെറ കഴിവ് നോക്കണം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ പറഞ്ഞ അലവൻസ് പോരെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മാന്യതയും പദവിയും സംഖ്യയനുസരിച്ച് നിർണ്ണയിക്കുന്നത് ശരിയല്ലെന്നാണ് പറഞ്ഞത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ജില്ലാ കൗൺസിൽ സ്ററാൻറിങ്ങ് കമ്മിററി ചെയർമാൻമാർക്ക് നിശ്ചയിച്ചിട്ടുള്ളത് 250 രൂപ. 200 രൂപ പഞ്ചായത്ത് പ്രസിഡൻറിന് നിശ്ചയിച്ചത് ശരിയല്ലെന്ന് പറയുന്നത് പാകപ്പിഴയല്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മാന്യതയുടെ പേരിൽ അളക്കരുത്. പഞ്ചായത്ത് പ്രസിഡൻറിന്, അഞ്ച് രൂപയേ കിട്ടുന്നുള്ളുവെന്ന് പറഞ്ഞു. പണത്തിൻെറ അടിസ്ഥാനത്തിൽ രണ്ടു കൂട്ടരേയും അളക്കരുത്. ഗവൺമെൻറ് മന്ത്ലി അലവൻസ് തന്നെ നിശ്ചയിക്കുമെന്ന് പറഞ്ഞതനുസരിച്ച് ബില്ലിൽ പ്രൊവൈഡ് ചെയ്യേണ്ട എന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

The amendments moved by Shri N. I. Devassikutty were put and lost.

The question that amendment No. 19 of the Kerala Panchayats Act 1960 stands part of the fourth Schedule was put and carried.

Amendment No. 19 of the Kerala Panchayats Act 1960 was added to the fourth Schedule.

Amendment No : 20

Shri C. Vasudeva Menon: Sir, I move: (1) "In section 35 of the Kerala Panchayats Act, 1960 proposed to be substituted by amendment No. 20 of the Fourth Schedule delete the word "and" appearing at the end of proviso (b)."

I also move: (2) "In section 35 of the Kerala Panchayats Act, 1960 proposed to be substituted by amendment No. 20 of the Fourth Schedule delete proviso (c)".

സർ, ഇതിൽ ഒറിജിനൽ ആക്ററിൽ എമർജൻസി പവ്വേഴ്സ് പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുള്ളതിൽ ആയിരം രൂപയെന്ന് ലിമിററ് ചെയ്തിട്ടില്ല. ഈ ആക്ററ് നടപ്പായിട്ട് പത്തൊമ്പത് കൊല്ലമായി. ഇതുവരെ എമർജൻസി പവ്വേഴ്സ് ദുരുപയോഗപ്പെടുത്തിയതായി യാതൊരു സംഭവവും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടില്ല. പത്തൊമ്പതു കൊല്ലക്കാലം ലിമിററ് ചെയ്യാത്തതു കൊണ്ട് എമർജൻസി പവ്വേഴ്സ് ദുരുപയോഗപ്പെടുത്തിയതായിട്ടോ ദോഷം വന്നതായിട്ടോ അറിവില്ല. ഇപ്പോൾ കുറേക്കൂടി പുരോഗമനപരമായ അധികാരം കൊടുക്കുന്നുവെന്ന് പറയുന്ന ഈ ഭേദഗതിയിൽ പ്രത്യേകിച്ചും പഞ്ചായത്തു പ്രസിഡൻറുമാർ എക്സിക്യൂട്ടീവ് അതോറിററിയായി വന്നപ്പോൾ ഇത് ലിമിററ് ചെയ്ത് ആയിരമെന്ന് ആക്കിയിരിക്കുന്നത് ശരിയല്ല. പ്രത്യേകിച്ചും എമർജൻസി പവ്വേഴ്സ് ഉപയോഗിക്കുന്നത് ടെക്നിക്കൽ ആയിട്ടും അതുപോലെയുള്ള പല കാര്യങ്ങളും ചെയ്യുന്നതിനു വേണ്ടിയാണ്; അങ്ങനെയേ ചെയ്യാനും പാടുള്ളു. എന്നു മാത്രമല്ല പെട്ടെന്ന് ചില പ്രവർത്തനം നടത്തുന്ന സമയത്ത് അതിൻെറ ചെലവും സംഖ്യയുമെല്ലാം ചുരുങ്ങി വരും. നാല് ദിവസം കഴിഞ്ഞിട്ടാണ് പ്രവർത്തനം ചെയ്യുന്നതെങ്കിൽ എത്രയോ കൂടുതൽ സംഖ്യ ചെലവ് ചെയ്യേണ്ടി വരും. പത്തൊമ്പതു കൊല്ലം ഉണ്ടായിരുന്ന നിയമത്തിൽ നിന്ന് പുറകോട്ടുപോയി അധികാരം റെസ്ട്രിക്ററ് ചെയ്യേണ്ട ആവശ്യമില്ല. ആ റെസ്ട്രിക്ഷൻ എടുത്തു 'കളഞ്ഞ്' ഒറിജിനൽ ആക്ററിലുള്ളത് പുനഃസ്ഥാപിക്കണമെന്നാണ് എൻെറ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ആരുടെയും സേവനത്തെ കുറച്ചു കാണുന്നില്ലെന്ന്. പ്രവർത്തനത്തിൽവരുന്ന സമയത്ത് എല്ലാ കാര്യങ്ങളിലും ഇതുപോലെയാണ് കാണുന്നത്. പത്തൊൻപതുകൊല്ലക്കാലം യാതൊരു ദോഷവുമില്ലായിരുന്നു. അതിൽനിന്ന് പുറകോട്ട് പോകേണ്ട ആവശ്യം എന്താണ്? അതുകൊണ്ട് ഇത് ഡിലീററ് ചെയ്യണം.

Sri N. I. Devassykutty: In section 35 of the Kerala Panchayats Act, 1960 proposed to be substituted by clause 20 of the Fourth Schedule in proviso (c) for the words "one thousand rupees" substitute the words "five thousand rupees".

ബഹുമാനപ്പെട്ട വാസുദേവമേനോൻ അവതരിപ്പിച്ച അമൻറുമെൻറിൽ നിന്നും കുറേക്കൂടി പരിമിതമായിട്ടുള്ളതാണ് എൻെറ ഭേദഗതി. ആയിരം രൂപ വരെ മാത്രമേ ചെലവാക്കാൻ പാടുള്ളുവെന്ന ഒരു പരിമിതിയാണ് ഗവൺമെൻറ് സെലക്ട് കമ്മിററി റിപ്പോർട്ടിൽ വരുത്തിയിട്ടുള്ളത്. മുമ്പു ഇവിടെ അവതരിപ്പിച്ചതിൽ ഇങ്ങനെയൊരു നിയന്ത്രണം ഉണ്ടായിട്ടില്ല. അതിൽ എത്ര സംഖ്യവേണമെങ്കിലും ചെലവുചെയ്യാമായിരുന്നു. എമർജൻസി പവ്വേഴ്സ് എന്നു പറയുമ്പോൾ അടിയന്തിരഘട്ടത്തിൽ പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും കോർപ്പറേഷനുകളിലുമൊക്കെ ചെലവുചെയ്യാൻ ഉണ്ടാകുന്ന, അപ്രതീക്ഷിതമായി ഉണ്ടാകുന്ന കാര്യങ്ങളാണ്. ജില്ലാ കൗൺസിൽ പ്രസിഡൻറിന് അടിയന്തിരമായിട്ടുള്ള ഘട്ടത്തിൽ ചെലവുചെയ്യുന്നതിന് ഈ സഭ പാസാക്കുന്നതനുസരിച്ച് കൊടുക്കുന്നത് ഒരു ലക്ഷം രൂപയാണ്. ജില്ലാ കൗൺസിൽ പ്രസിഡൻറിന് എന്തെങ്കിലും അടിയന്തിരമായ ആവശ്യങ്ങൾ, അപ്രതീക്ഷിതമായിട്ടുള്ള ആവശ്യങ്ങൾ ഉണ്ടാവുകയും ആ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു മുമ്പ് ജില്ലാകൗൺസിലിൻെറ മീററിംഗ് വിളിച്ചുകൂട്ടി അംഗീകാരം വാങ്ങിക്കുന്നതിന് സമയം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ; ജില്ലാ കൗൺസിൽ പ്രസിഡൻറിന് ഒരു ലക്ഷം രൂപയിൽ കവിയാത്ത ജോലി ജില്ലാ കൗൺസിലിൻെറ റസലൂഷൻ ഇല്ലാതെ നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കാമെന്നാണ് അതിൻെറ അർത്ഥം. ഒരു പഞ്ചായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അവിചാരിതമായി അത്യാപത്തുണ്ടാകുന്നു, ജനങ്ങളുടെ ജീവനും സ്വത്തിനു അത്യാപത്തുണ്ടാകും—അങ്ങനെയുള്ള അത്യാപത്തുണ്ടായാൽ പഞ്ചായത്ത് മീററിംഗ് ചട്ടപ്രകാരം ഏഴുദിവസത്തിനുമുമ്പ് നോട്ടീസ് കൊടുത്ത് വിളിച്ചുകൂട്ടി തീരുമാനമുണ്ടാക്കുമ്പോഴേക്കും ഒരുപക്ഷേ ജനങ്ങളുടെ ജീവനും സ്വത്തിനും അത്യാപത്തുവരും. അതുതന്നെയാണ് മുനിസിപ്പാലിററിയുടേയും കോർപ്പറേഷൻേറയുമൊക്കെ സ്ഥിതി. ജില്ലാ കൗൺസിലിൽ ഒരു ലക്ഷം രൂപ കൊടുത്തിരിക്കുന്നു. പഞ്ചായത്തുകാംക്ക് ഇങ്ങനെയുള്ള അടിയന്തിരഘട്ടം വരുമ്പോഠം ആയിരം രൂപ വരെ മാത്രമേ ചെലവുചെയ്യാൻ പാടുള്ളുവെന്ന് സെലക്ട് കമ്മിററിക്കുമുൻപ് ഇവിടെ അവതരിപ്പിച്ച ബില്ലിൽ ഇല്ലാതിരുന്ന നിയന്ത്രണം കൊണ്ടുവന്നിരിക്കുന്നു. അതിനു ശേഷം ആ വകുപ്പിൽ ക്ലാസ്സ് 20-ൽ ഭേദഗതി വരുത്തിയിരിക്കുന്നു. അങ്ങനെ ചെലവുചെയ്തു കഴിഞ്ഞാൽ രണ്ട് കണ്ടീഷൻ ഉണ്ട്, അടിയന്തിരഘട്ടത്തിൽ ചെലവുചെയ്യുന്നതിന്. അതിനു മുമ്പ് ചെയ്യരുതെന്ന് പഞ്ചായത്ത് പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിന് വിരുദ്ധമാകാൻ പാടില്ല. അടിയന്തിരാധികാരം അങ്ങനെയാണെങ്കിൽ ഉപയോഗിക്കാൻ പാടില്ല. ഏതെങ്കിലുമൊരു വർക്കിൻെറ കാര്യത്തിൽ ചെയ്യാൻ പാടില്ലെന്ന തീരുമാനം പഞ്ചായത്തിൽ മുമ്പ് ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു വിപരീതമായിട്ട് അടിയന്തിരാവസ്ഥയിലുള്ള ഈ അധികാരം വിനിയോഗിക്കാൻ പാടില്ലെന്ന് പറയുന്നു. അതുപോലെതന്നെ അടിയന്തിരഘട്ടത്തിൽ പ്രവർത്തിച്ചു കഴിഞ്ഞാൽ report the action taken and the reason thereof in the next meeting.

അടുത്ത മീററിംഗ് കൂടുമ്പോഠം എന്തുകൊണ്ട് ചെയ്തുവെന്നുള്ള കാര്യത്തെസംബന്ധിച്ച് പഞ്ചായത്തു യോഗത്തിൽ റിപ്പോർട്ടു ചെയ്യണമെന്നാണ് പറയുന്നത്. ഈ രണ്ടു നിബന്ധനകഠംക്ക് വിധേയമായിട്ട് സെലക്ട് കമ്മിററിക്കു മുമ്പ് ഈ നിയമസഭയിൽ അവതരിപ്പിച്ച ബില്ലിൽ വേറെ നിയന്ത്രണങ്ങളൊന്നും ഉണ്ടായിരുന്നില്ല. സെലക്ട് കമ്മിററി ഗാഢമായി ആലോചിച്ച് എത്ര അടിയന്തിരഘട്ടം വന്നാലും ആയിരം രൂപയേ ചെലവുചെയ്യാൻ പാടുള്ളുവെന്ന് തീരുമാനിച്ചത് കഷ്ടമായിപ്പോയി. ആ കാര്യത്തിൽ സെലക്ട് കമ്മിററി കാണിച്ച കൊച്ചാക്കുന്ന, വിവേചനപരമായ സ്ഥിതിതന്നെയാണ് ഈ സെക്ഷനിലും അനുവർത്തിച്ചതെന്നു പറയുന്നതിൽ ദുഃഖമുണ്ട്. ഇന്ന് സാധാരണ ഉണ്ടാകുന്നതാണ് വെള്ളപ്പൊക്കം. ഞങ്ങളുടെ പ്രദേശത്തൊക്കെ ഉണ്ടാകുന്നതാണ്. കരുവന്നൂർ പുഴ കരകവിഞ്ഞ് ഒഴുകി. ബണ്ട് മുറിഞ്ഞ് അനവധി ആളുകഠംക്ക് ജീവഹാനിയും സ്വത്ത് നഷ്ടവും വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ധാരാളമായി സംഭവിക്കുന്ന കാര്യമാണ്. അനവധി പുഴകളുണ്ട്; വെള്ളപ്പൊക്കം മൂലം പുഴകഠം കരകവിഞ്ഞ് ഒഴുകുമെന്നും ബണ്ട് പൊട്ടാൻ പോകുന്നു അത്യാപത്തുവരുമെന്നും കണ്ടാൽ ഉടനെ അത് നിവാരണം ചെയ്യണം. അതിന് 500 രൂപയോ ആയിരം രൂപയോ ഉണ്ടായിരുന്നാൽ മതിയാവുകയില്ല. വലിയ പഞ്ചായത്താണെങ്കിൽ, മുനിസിപ്പാലിററിയാണെങ്കിൽ ആയിരക്കണക്കിനു രൂപ ചെലവുചെയ്യുന്നുണ്ട്. അതിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ വേണ്ടി മണൽചാക്കിടുക തുടങ്ങിയ നിവാരണമാർഗ്ഗങ്ങഠംക്കുവേണ്ടി ധാരാളം പണം ചെലവുചെയ്യേണ്ടിവരും. ചെറിയ പഞ്ചായത്തായിരുന്നാലും ജീവഹാനിയും സ്വത്തു നഷ്ടവും വരുമെന്നുള്ള ഘട്ടത്തിൽ കുറച്ചു കൂടുതൽ പണം ചെലവുചെയ്യുന്നതിനു പഞ്ചായത്തു പ്രസിഡൻറുമാരെ അദുവദിക്കണം. അവർ വീട്ടിൽ കൊണ്ടുവച്ച് പണം ചെലവാക്കുകയില്ല. അടിയന്തിരഘടത്തിൽ അവർ ചെയ്യുന്നത് അടിയന്തിരാ

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുള്ള കാര്യങ്ങളാണ്. അതുകൊണ്ട് മീററിംഗ് കൂടി റസലൂഷ നില്ലാതെ ഈ വർക്ക് എക്സിക്യൂട്ട് ചെയ്യണമെന്ന് ആഫീസർമാർക്കും ബന്ധപ്പെട്ട അധികാരികറംക്കും ഒരു ആർഡർ ഇഷ്യൂ ചെയ്യുന്നതിന് തറവാട്ടുകാരണവരുടെ പിശുക്ക് കാണിക്കുകയും വിവേചനം കാണിക്കുകയും ചെയ്യുന്നത് ശരിയല്ല.

ശ്രീ. ഇ.പി. ഗോപാലൻ: പുതുതായി ഉണ്ടാകാൻ പോകുന്ന ഡിസ്ട്രിക്ട് കൗൺസിലിന്റെ പ്രസിഡൻറിന് അടിയന്തിരമായിട്ട് വല്ല ചെലവും ചെയ്യേണ്ടിവന്നാൽ ഒരു ലക്ഷം രൂപ അനുവദിച്ചത് ഏതെങ്കിലും പഞ്ചായത്തിന്റെ അതിർത്തിയിൽ ആകുമോ, അതോ ഒരു പഞ്ചായത്തിലും പെടാത്ത സ്ഥലം ഡിസ്ട്രിക്ടിൽ ഉണ്ടോ ? പഞ്ചായത്ത് അതിർത്തിയിൽ ഉണ്ടാകുന്ന ആപത്തിനെ നേരിടാൻ തന്നെ ആകുകയില്ലേ ഇത്?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇത് വഴിമുടക്കുന്ന ചോദ്യമായിട്ട് ചോദിക്കാൻ കൊള്ളാം. നിയമസഭയും പാർലമെൻറും വികസനകാര്യത്തിൽ പാസ്സാക്കുന്ന എല്ലാ കാര്യങ്ങളും വന്ന് അവസാനിക്കുന്നത് പഞ്ചായത്തിലാണ്. എല്ലായിടത്തും ഇത് ബാധകമാണ്. ഇൻഡ്യൻ പ്രസിഡൻറിനുള്ള പ്രത്യേക അധികാരം പോലും അവസാനം വിനിയോഗിക്കുമ്പോറം വികസന പരമായിട്ടുള്ള കാര്യത്തിൽ വന്ന് അവസാനിക്കുന്നത് പഞ്ചായത്തിലാണ്. ജനങ്ങളും പഞ്ചായത്തുമില്ലെങ്കിൽ അസംബ്ലിയുമില്ല, പാർലമെൻറുമില്ല, ഡിസ്ട്രിക്ററ് കൗൺസിലുമില്ല. ഒരു പഞ്ചായത്തിലുള്ള പാലം ഇടിഞ്ഞുപോകുന്നു. പാലം ഇടിഞ്ഞുപോയാൽ ഗതാഗത സ്തംഭനം ഉണ്ടാകും. ആ പാലം ഉടനെ താങ്ങിനിർത്തുന്നതിന് ആയിരം ആളുകളെ വിളിച്ച് നിർത്തി താങ്ങിനിർത്തിയാൽ മതിയോ? അതിന് പണം ചെലവാക്കേണ്ടി വരും. പഞ്ചായത്തിന് ചെയ്യേണ്ട കാര്യമാണ്. ഇങ്ങനെയുള്ള ആപത്തും അപകടങ്ങളും വരും. അങ്ങനെ വരുമ്പോറം ആയിരം രൂപയേ ചെലവു ചെയ്യാൻ പാടുള്ളുവെന്ന് മുമ്പ് ഇല്ലാതിരുന്ന നിബന്ധന ഗവൺമെൻറ് വരുത്തിയത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഒരു നിബന്ധനയും പാടില്ലെന്നാണ് എന്റെ അഭിപ്രായം. പിശുക്കനായിട്ടുള്ള കാരണവരെപ്പോലെ ഗവൺമെൻറ് നിൽക്കരുത്. 1000 എന്നുള്ളത് 5000 ആയി വർദ്ധിപ്പിക്കണമെന്നാണ് ഭേദഗതിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് ന്യായമാണ്. ബഹുമാനപ്പെട്ട മന്ത്രി ഞങ്ങറം എന്തു ചോദിച്ചാലും wind ചെയ്തുവച്ച വാക്കി ടാക്കി പാവയെപ്പോലെ ഇല്ല, സ്വീകാര്യമല്ല എന്നുള്ള മറുപടി ആവർത്തിച്ചാവർത്തിച്ച് പറയാതെ ഒരിക്കലെങ്കിലും സ്വീകരിക്കുന്നുവെന്ന് പറഞ്ഞുകേറംക്കാൻ വലിയ മോഹമുണ്ട്. ഇത് നിരുപദ്രവമായിട്ടുള്ളതല്ല. പഞ്ചായത്തിൽ ഉപകാരമായിട്ടുള്ള, ന്യായമായിട്ടുള്ള ഭേദഗതിയാണ്. ഇത് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, സെലക്ററ് കമ്മിററി വളരെ ഗൗരവമായി ആലോചിച്ച് കൂലങ്കഷമായ പരിചിന്തനത്തിനു ശേഷം ഏകകണ്ഠമായി എടുത്ത ഒരു തീരുമാനമാണിത്. അതിനെക്കുറിച്ച് ഭിന്നാഭിപ്രായം പോലും ഉണ്ടായിട്ടില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ സെലക്ററ് കമ്മിററി ഏകകണ്ഠമായി എടുത്ത തീരുമാനങ്ങറം പലതും ഗവൺമെൻറ് ഭേദഗതി ചെയ്യാൻ മുന്നോട്ടു വന്നിട്ടുണ്ട്. അതുപോലെ ഇതും ചെയ്തുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത് അതിൽ പെടുകയില്ല. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ ഭേദഗതി സ്വീകരിക്കാൻ തയ്യാറ യെന്നെ, സ്വീകരിക്കാവുന്ന ഒരു ഭേദഗതി അവതരിപ്പിച്ചിരുന്നുവെങ്കിൽ.

ശ്രീ.എൻ. ഐ. ദേവസ്സിക്കുട്ടി: സർ, എല്ലാ കാര്യത്തിലും ഒരു റെഡിമെയ്ഡ് ആൻസർ പറയുന്നത് ശരിയല്ല.

ശ്രീ.സി. എച്ച്. മുഹമ്മദ് കോയ: സെലക്റ്റ് കമ്മിറ്റിയിൽ ആലോചിച്ച് തീരുമാനിച്ചതാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പറഞ്ഞതു പോലെയുള്ള ഒരു പരിതഃസ്ഥിതി ഉണ്ടായാൽ പഞ്ചായത്തിൽ യോഗം ചേർന്ന് ഒരു ലക്ഷമോ രണ്ടു ലക്ഷമോ ചെലവാക്കി ചെയ്യിക്കുന്നതിൽ യാതൊരു പ്രയാസവുമില്ല.

The amendments moved by Shri C. Vasudeva Menon were put and lost.

The amendment moved by Shri N. I. Devassikutty, was put and lost.

The question that amendment No. 20 of the Kerala Panchayats Act, 1960 stands part of the Fourth Schedule, was put and carried.

Amendment No. 20 of the Kerala Panchayats Act, 1960 was added to the Fourth Schedule.

Amendment Nos : 21 to 33

The question that amentment Nos. 21 to 33 of the Kerala Panchayats Act, 1960 stand part of the Fourth Schedule was put and carried.

Amendment Nos. 21 to 33 in the Kerala Panchayats Act, 1960 were added to the Fourth Schedule.

Amendment No : 34

Shri K. J. Chacko: I move: In section 54, of the Kerala Panchayat Act, 1960 proposed to be substituted by amendment No. 34 of the Fourth Schedule in sub-section (12) for the words "sanctioned strength of the Panchayat" substitute the words "the number of members of the Panchayat at that time."

ഇന്നലെ ഞാൻ അവതരിപ്പിച്ച ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ച നിലക്ക് പഞ്ചായത്തു ആക്റ്റിൽ പറയുന്ന ഈ സെക്ഷൻ 54 അംഗീകരിക്കുന്നതിന് വലിയ ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല. കാരണം പഞ്ചായത്തു പ്രസിഡൻറിനേയോ വൈസ് പ്രസിഡൻറിനേയോ മാററുന്നതിനുള്ള നോ കോൺഫിഡൻസ് മോഷനിൽ എങ്ങിനെയാണ് വോട്ടു ചെയ്യേണ്ടത്, അതിൻെറ ഫലം ഏതു തരത്തിലാണ് നിശ്ചയിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ചായിരുന്നു ഞാൻ ഇന്നലെ അമെൻറുമെൻറ് മൂവ് ചെയ്തത്. അതു ഗവൺമെൻറ് അംഗീകരിച്ച സ്ഥിതിക്ക് പഞ്ചായത്ത് ആക്ററനുസരിച്ചാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സാംഗ്ഷൻഡ് സ്ട്രെങ്ത്ത് എന്നുള്ള നിലയ്ക്കാണ് ബില്ലിനകത്ത് സെക്ഷൻ 54 കിടക്കുന്നത്. അങ്ങനെ വരുമ്പോൾ പഞ്ചായത്തു മെമ്പറൻമാരിൽ ഒരാൾ മരിക്കുകയോ മറോറാ ചെയ്യുകയാണെങ്കിൽ പഴയ സാംഗ്ഷൻഡ് സ്ട്രെങ്ത്ത് എന്നുള്ള നിലയിൽ പരിഗണിക്കുകയാണെങ്കിൽ നോ കോൺഫിഡൻസ് മോഷൻ പാസ്സാകുന്നതിനു ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് ഇതിനകത്ത് ആ രീതിയിൽ ഭേദഗതി വരുത്തുകയാണ് വേണ്ടത്. ഇന്നലത്തെ ഭേദഗതി അംഗീകരിച്ച നിലക്ക് ഈ ഭേദഗതി അംഗീകരിക്കുന്നതിന് വലിയ ബുദ്ധിമുട്ടുണ്ടാകുകയില്ല.

Minister for Education **(Shri C. H. Mohammed Koya)**: Sir, There is no objection to accept the amendment with following modification:

"In section 54 of the Kerala Panchayats Act, 1960 proposed to be substituted by amendment No. 34 of the Fourth Schedule, in sub-section (12) for the words "sanctioned strength of the Panchayat" substitute the words "Members of the Panchayat holding office on the date of the meeting".

The question that the oral amendment moved by the Honourable Minister stands part of the Fourth Schedule, was, put and adopted.

The sub-section (12) of section 54 of the Kerala Panchayats Act, 1960, as amended, was added to the Fourth Schedule.

The amendment No. 34 of the Kerala Panchayats Act, 1960, as amended, was added to the Fourth Schedule.

Amendments 35 to 48

The question that amendment Nos. 35 to 48 stand part of the Fourth Schedule, was put and carried.

Amendment Nos. 35 to 48 were added to the Fourth Schedule.

Amendment No : 49

Shri C. Vasudeva Menon: Sir, I move: (1) In section 77 of the Kerala Panchayats Act, 1960 proposed to be amended by amendment No. 49 of the Fourth Schedule, after item (2) add the following as item (2A) namely:-

"(2A) for sub-section (4) (ii) substitute the following:

(ii) Any contribution towards the expenses of educational institutions encouraging developmental activities of the women, youth and farmers organisations, medical aid relief to those affected by natural calamities, encouraging cultural activities, public exhibition, entertainments, reception of important personages and other social welfare activities."

I also move:

(2) In section 77 of the Kerala Panchayats Act, 1960 proposed to be amended by amendment No. 49 of the Fourth Schedule for item (3) substitute the following:

LIBRARY ARCHIVES Kerala Legislative Assembly

"(3) for the proviso to sub-section (4) the following proviso shall be substituted:

Provided that if the amount of such contribution exceeds two thousand rupees sanction shall be obtained from the Commissioner for Local Government".

സെക്ഷൻ 77 ഒറിജിനൽ ആക്ററിൽ A Panchayat may, by resolution supported by not less than one half of its total strength, sanction the payment of—

(i) a contribution towards the expenses of any Panchayat conference or association of Panchayats; or

(ii) any contribution towards the expenses of any public exhibition, ceremony, or entertainments:

എന്നാണ് പറഞ്ഞിരിക്കുന്നത്. അതു 1960 ലെ ആക്ററാണ്. നമ്മുടെ രാജ്യത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് വാളൻറിയറി ഓർഗനൈസേഷനുകളേയും അതുപോലുള്ള മററു സംഘടനകളേയും ഗവൺമെൻറ് ഉപയോഗപ്പെടുത്തുന്നുണ്ട്. ആ നിലക്ക് ഇതിന്റെ കോൺട്രിബ്യൂഷനെ സംബന്ധിച്ചിടത്തോളം ഒരു പ്രോൽസാഹനം എന്നുള്ള നിലയിൽ കുറേക്കൂടി വിപുലപ്പെടുത്തി ഇത്തരം സംഘടനകളേയും അതുപോലുള്ള പ്രവർത്തനങ്ങളേയും സഹായിക്കുന്നതിന് പഞ്ചായത്തുകൾക്കു കൂടി കഴിയുമെന്നുള്ള നിലക്ക്

any contribution towards the expenses of educational institutions, encouraging developmental activities of the women, youth and farmers organisations, medical aid relief to those affected by natural calamities, encouraging cultural activities, public exhibition, entertainments, reception of important personages and other social welfare activities".

അതുകൂടി ഉൾപ്പെടുത്തി ആ വിധത്തിൽ വിപുലപ്പെടുത്തണം. ഡെവലപ്മെൻറൽ ആക്ററിവിററീസിന് മുന്നോട്ടു വരുന്ന പ്രാദേശികമായ ഇത്തരം സംഘടനകളെക്കൂടി പ്രോൽസാഹിപ്പിക്കത്തക്കവിധത്തിൽ ആയിരിക്കണം. ഇന്നുതന്നെ ബ്ലോക്കുകളിൽ ഇതുപോലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പഞ്ചായത്തുകൾക്കും ഇതുപോലുള്ള കാര്യങ്ങൾ നടത്തുന്നതിന് അവരെ ആശ്രയിക്കുന്നതിനും അവർക്ക് പ്രോൽസാഹനം കൊടുക്കുന്നതിനും ബാധകമാകത്തക്കരീതിയിൽ വിപുലപ്പെടുത്തണം. ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ എല്ലാ കാര്യങ്ങളിലും ഈ ബില്ലിന്റെ വാതിൽ കൊട്ടിയടച്ച് ഇരിക്കുന്നത് ശരിയല്ല. ചില കാര്യങ്ങളിലെങ്കിലും കുറേക്കൂടി വിശാലമായി കാര്യങ്ങൾ കാണണമെന്നും ആ രീതിയിൽ എന്റെ ഒന്നാമത്തെ ഭേദഗതി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

അടുത്തതായി എനിക്കു പറയാനുള്ളത് കോൺട്രിബ്യൂഷനെ സംബന്ധിച്ചാണ്. 500 രൂപയാണ് അതിന്നു വച്ചിട്ടുള്ളത്. 1960 ലെ ആക്ടിൽ 50 രൂപ ആയിരുന്നു. ഇന്നു അതിൽ മാററം വരുത്തി 500 രൂപ കൊടുത്തതുകൊണ്ട് എന്തു പ്രവർത്തനം നടത്താൻ സാധിക്കുമെന്നുള്ള കാര്യം ഗവൺമെൻറ് ആലോചിക്കണം. എല്ലാ പ്രവൃത്തികളുടെയും എസ്ററിമേററ് വർദ്ധിച്ചുവരുന്ന ഒരു കാലമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത്. എന്നുമാത്രമല്ല ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി പഞ്ചായത്തു തീരുമാനിച്ചാലും തിരുവനന്തപുരത്തു വന്നു സാംഗ്ഷൻ വാങ്ങി കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം റൂറം കൊണ്ടുവന്നു നിയന്ത്രിക്കുന്നതിൽ യാതൊരു വിരോധവുമില്ല. പക്ഷേ അതിനെല്ലാം തിരുവനന്തപുരത്തുവന്നു സാംഗ്ഷൻ വാങ്ങി പ്രവർത്തനം നടത്താൻ കാലതാമസവും ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ട് അതു ഒഴിവാക്കാൻ വേണ്ടി കോൺട്രിബ്യൂഷനെ സംബന്ധിച്ചിടത്തോളം രണ്ടായിരം രൂപയെങ്കിലുമാക്കണം. അതിൽ കൂടുതലുണ്ടെങ്കിൽ ഗവൺമെൻറിൻെറ സാംഗ്ഷനോടുകൂടിയേ ചെയ്യാൻ പാടുള്ളൂ എന്നുവച്ചാൽ തരക്കേടില്ല. പക്ഷേ ഇത്രയെങ്കിലും പ്രവർത്തന സ്വാതന്ത്ര്യം പഞ്ചായത്തുകൾക്ക് കൊടുക്കാൻ തയ്യാറാകണം എന്നു പറഞ്ഞുകൊണ്ട് ഈ രണ്ടു ഭേദഗതികളും അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

Shri N. I. Devassy Kutty: Sir, I move: In section 77 of the Kerala Panchayats Act, 1960 proposed to be amended by clause 49 of the Fourth Schedule in sub clause (3) for the words "five hundred rupees" substitute the words "one thousand rupees".

സർ, എൻെറ ഭേദഗതി ശ്രീ വാസുദേവമേനോൻ അവതരിപ്പിച്ച ഭേദഗതിയേക്കാൾ വളരെ പരിമിതമായ ഒരു ഭേദഗതിയാണ്. സെലക്ട് കമ്മിററി റിപ്പോർട്ടു ചെയ്യുന്നതിനു മുമ്പുള്ള ബില്ലിൽ ഇങ്ങനെ കോൺട്രിബ്യൂഷൻ പഞ്ചായത്തുകൾ കൊടുക്കുന്നതിന് ഡയറക്ടറുടെ അനുമതി വേണമെന്നു വച്ചിരുന്നു. അതു മാററി ഡയറക്ടറുടെ അനുമതി വേണ്ട പഞ്ചായത്തുകൾക്ക് 500 രൂപവരെ ഡയറക്ടറുടേയോ മററാരുടെയെങ്കിലുമോ അനുമതി കൂടാതെ ചെലവു ചെയ്യാമെന്നാണ് സെലക്ടു കമ്മിററി റിപ്പോർട്ടിൽ വരുത്തിയിട്ടുള്ള ഭേദഗതി. പഞ്ചായത്ത് ആക്ട് സെക്ഷൻ 55 ആണ് ഇതിനെക്കുറിച്ചു പറയുന്നത്. സെക്ഷൻ 55 സബ്ക്ലാസ് (3) പറയുന്നത് ഇങ്ങനെയാണ്. A Panchayat may by resolution supported by not less than one half of its total strength sanction the payment of—ഇങ്ങനെയൊരു കോൺട്രിബ്യൂഷൻ ഒരംഗത്തിനു വേണ്ടി ചെയ്യണമെങ്കിൽ a Panchayat may, by resolution supported by not less than one half of its total strength ....വേണമെന്നുണ്ട്. ഒരു പഞ്ചായത്തിൽ ടോട്ടൽ അംഗസംഖ്യയുടെ പകുതിയിൽ കുറവില്ലാത്ത അംഗസംഖ്യകൊണ്ട്, ഭൂരിപക്ഷംകൊണ്ട് പാസാകുന്ന ഒരു പ്രമേയം വഴി പഞ്ചായത്തിന് കോൺട്രിബ്യൂഷൻ കൊടുക്കാം, ആ കോൺട്രിബ്യൂഷൻ എത്രയായാലും ഡയറക്ടറുടെ അനുമതി വാങ്ങിയിട്ട് കൊടുക്കാമെന്നു പറഞ്ഞിരുന്നു. അതിന് സെലക്ട് കമ്മിററി, അംഗസംഖ്യയുടെ 50 ശതമാനത്തിൽ കുറയാത്ത ഭൂരിപക്ഷംകൊണ്ട് 500 രൂപവരെ കോൺട്രിബ്യൂഷൻ കൊടുത്തുകൊള്ളുക എന്ന ഭേദഗതിയാണ് വരുത്തിയിട്ടുള്ളത്. ഒരു നല്ല കാര്യത്തിനു വേണ്ടി 500 ഉറുപ്പികമാത്രമേ ഗ്രാൻറു കൊടുക്കാവൂ എന്ന് പഞ്ചായത്തുകളുടെ കാര്യത്തിൽ നിബന്ധന ഏർപ്പെടുത്തണമെന്നു വയ്ക്കുന്നത് തീർച്ചയായും വിവേചനമായിട്ടേ എനിക്കു കാണാൻ കഴിയുന്നുള്ളു. എന്തു പറഞ്ഞാലും ഇതൊക്കെ സെലക്ടു കമ്മിററി ഗാഢമായി ചിന്തിച്ച് തീരുമാനിച്ചതാണെന്നു പറയുകയാണെങ്കിൽപിന്നെ ഈ നിയമസഭയിൽ ഈ ബില്ലിൻെറ സെക്കൻറ് റീഡിംഗ് ആവശ്യമായിരുന്നില്ല. എല്ലാം സെലക്ടു കമ്മിററി ഗാഢമായി ആലോചിച്ചു തീരുമാനിച്ചതാണെങ്കിൽ പിന്നെ എന്തിനാണ് സെക്കൻറ് റീഡിംഗ്? സെലക്ടു കമ്മിററി മെമ്പറൻമാരെപ്പോലെത്തന്നെ, വളരെ

LIBRARY ARCHIVES Kerala Legislative Assembly

ക്കാലം, കാൽദശാബ്ദക്കാലം പഞ്ചായത്തിൽ പ്രവർത്തിച്ചിട്ടുള്ള അനുഭവസമ്പത്തുവച്ചുകൊണ്ടാണ് ഞാൻ പറയുന്നത്, 500 ഉറുപ്പികയെന്നുള്ളത് ആയിരം ഉറുപ്പികയാക്കി അനുവദിക്കണമെന്ന്. എനിക്കുള്ള പ്രായോഗികമായ അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. എപ്പോഴും സെലക്ട് കമ്മിററി അംഗീകരിച്ചതുകൊണ്ട് അനുവദിക്കാൻ നിവൃത്തിയില്ല എന്നു പറയുന്നതു ശരിയല്ല. ഈ കാര്യത്തിൽ കേരളത്തിലെ പഞ്ചായത്തുകൾക്ക് വളരെ അഗാധമായ വികാരങ്ങളുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞ നവമ്പർമാസത്തിൽ പഞ്ചായത്തുകൾ സംസ്ഥാന സമ്മേളനം കൂടിയപ്പോൾ ഏകകണ്ഠമായി റസലൂഷൻ പാസാക്കി ബഹുമാനപ്പെട്ട മന്ത്രിക്ക് അയച്ചുകൊടുത്തത്; ആയിരം പഞ്ചായത്തുകളും കൂടി. അതിൽ ബഹുമാനപ്പെട്ട ബീരാൻ സാഹിബ്ബും പങ്കാളിയാണ്. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇങ്ങനെ നിസ്സാരമായ സംഖ്യ 500 ഉറുപ്പികയെന്നുള്ളത് ആയിരം രൂപവരെയെങ്കിലും നല്ല കാര്യത്തിനുവേണ്ടി ഡയറക്ടറുടേയോ ഗവൺമെന്റിന്റേയോ സാംഗ്ഷൻ കൂടാതെ പഞ്ചായത്തുകൾക്ക് അനുവദിക്കാൻ അധികാരം കൊടുത്താൽ ഗവൺമെന്റിന്റെ അന്തസ്സ് എവിടെയാണ് പോകുന്നത്? ജനപ്രതിനിധികൾ ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടുള്ള ഈ ഭേദഗതി, സെലക്ട് കമ്മിററി പറഞ്ഞിട്ടുള്ളതുകൊണ്ടു സ്വീകരിക്കുന്നില്ല എന്ന മുടന്തൻ ന്യായം പറയാതെ ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് ഷെഡ്യൂളിൽ വരുത്തേണ്ട ഞങ്ങൾ കൊടുത്തിട്ടുള്ള അവസാനത്തെ ഭേദഗതിയാണ്. ഈ അവസാനത്തെ ഭേദഗതിക്കും മന്ത്രി ഇല്ല പന്ന പല്ലവിയാണ് പറയുന്നതെങ്കിൽ കഷ്ടമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: കാൽ നൂററാണ്ടുകാലത്തെ പഞ്ചായത്തുകളിലെ പരിചയംവച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ചെയ്ത ദയനീയമായ അഭ്യർത്ഥനയെ മാനിച്ചുകൊണ്ട് 500 എന്നുള്ളത് ആയിരം എന്നാക്കാൻ ഗവൺമെന്റ് സമ്മതിക്കുന്നു.

ശ്രീ. ഇ.പി. ഗോപാലൻ: ഗ്രാൻറു വർദ്ധിപ്പിക്കുന്ന കാര്യംകൂടി കണക്കിലെടുക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഇല്ല.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: അവസാനത്തെ ഭേദഗതിയെങ്കിലും സ്വീകരിച്ചതിൽ ഞാൻ നന്ദിപറയുന്നു.

The amendments moved by Shri C. Vasudeva Menon were put and lost.

The question that the amendment moved by Shri N. I. Devassykutty viz; in section 77 of the Kerala Panchayats Act, 1960 as proposed to be amended by clause 49 of the Fourth Schedule, in sub-clause (3) for the words "Five hundred rupees" substitute the words "one thousand rupeess", was put and carried.

The amendment No. 49 of the Kerala Panchayats Act, 1960 as amended, stands part of the Fourth Schedule was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 49 of the Kerala Panchayats Act, 1960 as amended was added to the Fourth schedule.

Amendment Nos. 50 to 71

The question that amendment Nos. 50 to 71 of the Kerala Panchayats Act, 1960 stands part of the Fourth Schedule was put and carried.

Amendment Nos. 50 to 71 were added to the Fourth schedule.

Amendment No. 72

[Dy. Speaker in the Chair]

Shri T. M. Jacob : Sir, I move: In section 128 A proposed to be inserted in the Kerala Panchayats Act, 1960 by amendment No. 72 of the Fourth Schedule, in sub-section (2) after the words "Legislative Assembly" insert the words, "Members of the Parliament" and for the words "without any right to vote substitute the words "with right to vote."

സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി താലൂക്ക് സമിതികളിൽ നിയമസഭാംഗങ്ങളെ ഉൾപ്പെടുത്തുന്ന കൂട്ടത്തിൽതന്നെ പാർലമെന്റ് അംഗങ്ങളെക്കൂടി ഉൾക്കൊള്ളിക്കണമെന്നാണ്. നമ്മുടെ താലൂക്കു സമിതികൾ ചർച്ച ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ഇവിടെ സബ്ക്ലാസ്സ് 1-ൽ പറയുന്നുണ്ട്. അതുപോലെതന്നെ ഇതിന്റെ ഘടന എങ്ങനെയായിരിക്കണമെന്നുള്ളതാണ് സബ്ക്ലാസ്സ് 2-ൽ പറയുന്നത്. ഞാൻ ഇന്നലെ പഞ്ചായത്തുസമിതികളിലും തിരഞ്ഞെടുക്കപ്പെട്ട എം.എൽ.എ. മാരേയും എം.പി.മാരേയും ഉൾക്കൊള്ളിക്കണമെന്ന ആവശ്യം ഉന്നയിച്ചതാണ്. ആ സന്ദർഭത്തിൽ അതു ശരിയല്ലെന്ന വാദം മൂലമാണ് എല്ലാ ഭാഗത്തുനിന്നും പറഞ്ഞത്. ഒരു പൊതു തത്വം എന്ന നിലയിൽ അംഗീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും ജില്ലാ ഭരണസമിതികൾ നടപ്പിലാക്കിയിട്ടുണ്ട്. അവിടങ്ങളിലൊക്കെത്തന്നെയും കൊടുത്തിരിക്കുന്ന അവകാശങ്ങൾ ഈ സമിതികൾക്കുകൂടി കൊടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സബ്ക്ലാസ്സ് 4-ൽ all general matters concerning the Panchayats in the taluk shall be discussed in the samithi for arriving at suitable solution എന്നു പറഞ്ഞിട്ടുണ്ട്.. പൊതുവായ കാര്യങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുക്കുന്നുണ്ട്. ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും ഇന്ന് ഇത് നടപ്പിലായിട്ടുണ്ട്. പഞ്ചായത്തു സമിതികളിൽ തിരഞ്ഞെടുക്കപ്പെട്ട എം. എൽ. എ. മാരും എം. പി. മാരും പോകുന്നത് ശരിയാണോ എന്നുള്ള അഭിപ്രായം പല ആളുകളും പ്രകടിപ്പിച്ചിട്ടുണ്ട്. മററു സ്റേററുകളിൽ ഈ തത്വം അംഗീകരിക്കുമെങ്കിൽ എന്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് അംഗീകരിക്കാൻ പാടില്ല എന്നാണ് എന്റെ ചോദ്യം. ഇന്ന് നമ്മുടെ ഇൻഡ്യയിൽ 19 സംസ്ഥാനങ്ങളിൽ ഈ നിയമം നിലനിൽക്കുന്നുണ്ട്. പഞ്ചായത്തു സമിതികളിൽവരെ എം. പി. മാരെ ഉൾക്കൊള്ളിച്ചിട്ടുള്ള സംസ്ഥാനങ്ങളുണ്ട്. ബീഹാറിൽ എം. പി. മാരേയും, എം. എൽ. എ. മാരേയും, എം. എൽ. സി. മാരേയും ഒക്കെ ഈ സമിതികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എക്സ് ഒഫീഷ്യോ മെമ്പേഴ്സ് എന്ന നിലയിലാണ് അവർ അവിടെ നിലകൊള്ളുന്നത്. എക്...

LIBRARY ARCHIVES Kerala Legislative Assembly

ഒഫീഷ്യോ മെമ്പർ എന്ന നിലയിൽ നമ്മൾ കൊടുത്തിരിക്കുന്ന നിർവ്വചനമല്ല അവിടെ കൊടുത്തിരിക്കുന്നത്. അവിടെ the members with no right to vote or right to hold office എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാലും സമിതിയിൽ അംഗങ്ങളാണ്.

12 Noon] അതുപോലെ തന്നെ എം. പി. മാർക്കു അവകാശം കൊടുത്തിരിക്കുന്ന മറ്റൊരു സംസ്ഥാനം ഇൻഡ്യയിലെ വലിയ സംസ്ഥാനങ്ങളിൽ ഒന്നായ യു. പി.-യാണ്. അവിടെ എം. എൽ. എ. മാർക്കും എം. എൽ. സി.-മാർക്കും അസോസിയേററഡ് മെമ്പേഴ്സ് എന്നുള്ള നിലയിൽ അംഗത്വം നൽകിയിരിക്കുകയാണ്. അസോസിയേററഡ് മെമ്പേഴ്സിനു കൊടുത്തിരിക്കുന്ന അവകാശം with right to vote but not to hold office ആണ്. അതുപോലെതന്നെയാണ് വെസ്ററ് ബംഗാളിൽ. ഇവിടെ മാർക്സിസ്ററുപാർട്ടിയിൽ സുഹൃത്തുക്കൾ പലരും എം. എൽ. എ.-മാരെ താലൂക്ക്ജില്ലാ സമിതികളിൽ വോട്ടിംഗ് റൈറേറാടുകൂടി ഉൾക്കൊള്ളിക്കുന്നതു ശരിയല്ലെന്നു പറഞ്ഞിട്ടുണ്ട്. മററു പല സംസ്ഥാനങ്ങളും ഈ നിയമം നടപ്പിലാക്കികഴിഞ്ഞിരിക്കുകയാണ്. പ്രായോഗികമായ വൈഷമ്യം ഉണ്ടായിരുന്നെങ്കിൽ അതു മാററുമായിരുന്നു. ഇത്രയും കാലത്തെ അനുഭവത്തിൽ ആ സംസ്ഥാനങ്ങളിലെല്ലാം ഈ സംവിധാനം നിലനിൽക്കുന്നു എന്നുള്ളതാണ്. വെസ്ററ് ബംഗാളിൽ എം. പി.-മാരേയും എം. എൽ. എ.-മാരേയും അസോസിയേററ് മെമ്പേഴ്സ് എന്ന നിലയിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ശ്രീ. പി. സീതിഹാജി: പാർലമെൻറു മെമ്പറൻമാർ ഈ സമിതിയിൽ അംഗമായാൽ അവർക്കു അതിൽ പങ്കെടുക്കാനും പ്രായോഗികമായി നടപ്പിലാക്കാനും കഴിയുമോ?

ശ്രീ. ടി. എം. ജേക്കബ്: നടപ്പിലാക്കാൻ കഴിയുമെന്നുള്ളതാണ് മററു സംസ്ഥാനങ്ങളിൽ ഈ നിയമത്തിനു ഭേദഗതി വരുത്താതെ നിലനിൽക്കുന്നു എന്നുള്ളതിൽനിന്നും മനസ്സിലാക്കേണ്ടത്. നമ്മുടെ സംസ്ഥാനം പരീക്ഷിക്കുവാൻ പോകുന്നതേയുള്ളു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദ് കോയ): യു. പി. ഡൽഹിയുടെ അടുത്താണ്. പക്ഷേ മൂന്നു മാസം നീണ്ടുനിൽക്കുന്ന പാർലമെൻറു സെഷൻ നടക്കുമ്പോൾ പാർലമെൻറു മെമ്പർമാർക്കു ഇവിടെ എങ്ങനെ പങ്കെടുക്കുവാൻ കഴിയും?

ശ്രീ. ടി. എം. ജേക്കബ്: പാർലമെൻറു ഇല്ലാത്ത സന്ദർഭങ്ങളിൽ അവർക്കു ഇവിടെ വരാനും ഇവിടത്തെ വികസനകാര്യങ്ങളിൽ പങ്കെടുക്കുവാനും അവസരം കൊടുക്കുന്നതിൽ തെററില്ല. അതുപോലെ മൂന്നു സംസ്ഥാനങ്ങളിൽ, അതായത് വെസ്ററു ബംഗാൾ, യു. പി., ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ എം. പി.- മാർ വരെ പഞ്ചായത്തു സമിതികളിൽ അംഗമാണ്.

ശ്രീ. ഇ. അഹമ്മദ്: ഇപ്പോൾ ബ്ലോക്കു ഡവലപ്മെൻറ് കമ്മിററികളിൽപോലും എം. എൽ. എ.-മാർ പങ്കെടുക്കുന്നില്ല. അങ്ങനെ ബി. ഡി. സി.-കളിൽ എം. എൽ. എ.-മാർക്കുപോലും പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ എം. പി.-മാരെകൂടി ഉൾപ്പെടുത്തണമെന്നു പറയുന്നതിൽ എന്താണർത്ഥം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട അഹമ്മദിന്റെ എക്സ്പീരിയൻസാണ് അദ്ദേഹം പറയുന്നത്. ഞങ്ങളെല്ലാം കഴിയുന്നതും ബി. ഡി. സി. കളിൽ പോകുന്നുണ്ട്. ആർക്കെല്ലാം പോകാൻ പററും ആർക്കെല്ലാം പോകാൻ പററുകയില്ലെന്നു നോക്കിയിട്ട് നിയമം ഉണ്ടാക്കുന്നതു ശരിയല്ല. ഞാൻ പറയുന്നത്, ഇതു മററു സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്, അതിന്നും അവിടെ പ്രവൃത്തിപഥത്തിലിരിക്കുന്നു, മുന്നോട്ടു പോകുന്നു എന്നുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഇവിടേയും അതു നടപ്പിലാക്കണമെന്നുള്ള ആവശ്യം ഉന്നയിക്കുന്നത്. പഞ്ചായത്തു സമിതികളിൽ എം. പി.-മാരേയും എം. എൽ. എ.-മാരേയും ഉൾക്കൊള്ളിക്കാത്തത് ആസാം, മഹാരാഷ്ട്രാ സംസ്ഥാനങ്ങളാണ്. മററു സംസ്ഥാനങ്ങളിലെല്ലാം ഇതുണ്ട്. അതുപോലെതന്നെ ജില്ലാ സമിതികളിൽ എം. പി.-മാരെ ഉൾക്കൊള്ളിക്കുന്ന ഭേദഗതി ഞാൻ ഇന്നലെ അവതരിപ്പിച്ചപ്പോൾ അതു ശരിയല്ലെന്നു എല്ലാ ഭാഗത്തുനിന്നും പറഞ്ഞു. ഇൻഡ്യയിലെ 19 സംസ്ഥാനങ്ങളിൽ എം. പി.-മാരെ മെമ്പറൻമാരായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. രാജസ്ഥാനിൽ മെമ്പർമാരെയെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ അവകാശങ്ങളും രാജസ്ഥാനിൽ കൊടുത്തിട്ടുണ്ട്. എല്ലാ റൈറേറാടുംകൂടി ഇന്നു അംഗങ്ങളായി അംഗീകരിച്ചിരിക്കുന്ന മററു പല സംസ്ഥാനങ്ങളുമുണ്ട്. എക്സ് ഒഫീഷ്യോ മെമ്പറായിട്ടുള്ള സ്ഥലങ്ങളും അസോസിയേററ് മെമ്പർ ആയ സ്ഥലങ്ങളുമുണ്ട്. അങ്ങനെ നോക്കുമ്പോൾ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഈ സംവിധാനം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് ഞാൻ ഇന്നലെയും ആവശ്യപ്പെട്ടത് ജില്ലാ സമിതിയിലും വേണമെന്ന്. ജില്ലാ സമിതിയെന്നു പറയുന്നത് വികസനത്തിന്റെ കാര്യത്തിൽ പ്രധാനപ്പെട്ട സമിതിയെന്നുള്ള നിലയിൽ എം. പി. മാരെ കൂടി അംഗങ്ങളാക്കണമെന്നു ഞാൻ ഇന്നലെ പറഞ്ഞിട്ടുള്ളത് അതുകൊണ്ടാണ്.

ശ്രീ. പി. പി. എസ്തോസ്: ഇന്നലെ പാസ്സാക്കിയ ഭേദഗതി അനുസരിച്ച് ജില്ലാ കൗൺസിലിൽ എം. പി.-മാർ വരാത്ത സാഹചര്യത്തിൽ അവിടെ പ്രവേശിപ്പിക്കാതെ താലൂക്കു സമിതികളിൽ പ്രവേശിപ്പിക്കണമെന്നുള്ള വാദം അവരെ തന്നെ അപമാനിക്കുന്നതല്ലേ?

ശ്രീ. ടി. എം. ജേക്കബ്: ഒരിക്കലുമില്ല. ഇന്നലെ ഞാൻ അക്കാര്യത്തെക്കുറിച്ചു പറഞ്ഞു. അപ്പോൾ വേണ്ടെന്നാണ് മററുള്ളവർ പറഞ്ഞത്. അതുകൊണ്ട് ഇതും വേണ്ടെന്നു പറയുന്നതു ശരിയല്ല. താലൂക്ക് സമിതികളുടെ അധികാരപരിധിയും ജില്ലാ സമിതികളുടെ അധികാര പരിധിയും രണ്ടാണ്. ജില്ലാ സമിതിയിൽ ഉൾക്കൊള്ളിക്കുന്നില്ലെങ്കിൽ താലൂക്കു സമിതിയിൽ ഉൾക്കൊള്ളിക്കുന്നതു ശരിയല്ലെന്ന വാദം ശരിയല്ല. യു. പി. നമ്മുടെ സംസ്ഥാനത്തേക്കാൾ എത്രയോ വലിയ ഒരു സംസ്ഥാനമാണ്. എൺപത്തിയെട്ടോളം എം. പി.-മാർ ഉൾക്കൊള്ളുന്ന ഒരു സംസ്ഥാനമാണത്. നമ്മുടെ കോൺസ്ററിററ്യൂവൻസി പോലുള്ളതല്ല യു. പി.-യിലേത്. നമ്മുടെ നിയോജക മണ്ഡലങ്ങൾ വളരെ ചെറുതാണ്; ജനസംഖ്യ കൂടുതലുണ്ടെങ്കിലും. യു. പി., എം. പി. തുടങ്ങിയ പല സംസ്ഥാനങ്ങളിലും ഇതു പരീക്ഷിച്ചിട്ടു കൊല്ലങ്ങൾ പലതായി. നമ്മൾ പുരോഗമനാശയത്തെ സംബന്ധിച്ച് പറയാറുണ്ടെങ്കിലും ഇന്നേവരെ അതു നടപ്പിലാക്കിയിട്ടില്ല. നാം ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്നുള്ളതു മോശമായി അവശേഷിക്കുകയാണ്. നടപ്പിലാക്കിയ സംസ്ഥാനങ്ങളുടെ ഇതേവരെയുള്ള അനുഭവത്തിൽ ഇതു തുടർന്നുപോകുന്നതു ശരിയാണെന്ന അഭിപ്രായമാണ് അവർ പ്രകടിപ്പിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആ അഭിപ്രായത്തെ മാനിച്ചുകൊണ്ടാണ് ഞാൻ ഇത് ഉൾക്കൊള്ളിക്കണമെന്നു പറയുന്നത്. മററു സംസ്ഥാനങ്ങളിൽ, ഇങ്ങനെയുള്ള അവസ്ഥാ വിശേഷം ഉള്ളത് നാം ആലോചിക്കണം. പ്രധാനപ്പെട്ട വികസന രംഗങ്ങളെ ബാധിക്കുന്ന ഒരു സമിതിയെന്ന നിലയിൽ അത് ആവശ്യമാണ്. എം. എൽ. എ.-മാരെയും എം. പി. മാരെയും വെറും നിയമം നിർമ്മിക്കുന്നതിനു മാത്രമുള്ള ആളുകളായല്ല ജനങ്ങൾ കാണുന്നത്. എല്ലാ വികസന പ്രവർത്തനങ്ങളിലും അവർ പങ്കെടുക്കണമെന്ന് ജനങ്ങൾക്കാഗ്രഹമുണ്ട്. എം. എൽ. എ. മാരേയും എം. പി.-മാരേയും കാണുമ്പോൾ നാട്ടിലെ ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് ആളുകൾ പറയാറുണ്ട്. അപ്പോൾ ഒരു താലൂക്കിൽ അല്ലെങ്കിൽ ഒരു ജില്ലയിൽ അവിടെയുള്ള വികസനത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ അവരുടെ സാന്നിധ്യം ആവശ്യമാണ്. നമുക്ക് കേന്ദ്ര ഗവൺമെൻറിൽനിന്നും പല ആനുകൂല്യങ്ങളും കിട്ടുന്നുണ്ട്. കേന്ദ്ര സഹായത്തോടെ എത്രയോ പരിപാടികൾ ഇവിടെ നടപ്പിലാക്കുന്നുണ്ട്. വില്ലേജ് റോഡുകളെ സംബന്ധിച്ചിടത്തോളം, ക്രാഷ് പ്രോഗ്രാമിലുള്ള റോഡുകളെ സംബന്ധിച്ചിടത്തോളം ഓരോ പ്രദേശത്തേയും വികസനത്തിലേക്കു നയിക്കുന്ന പല പരിപാടികളും ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. റൂറൽ മാസിന്നു കൂടുതൽ ആനുകൂല്യങ്ങൾ കിട്ടണമെന്ന പോളിസിയാണുള്ളത്. ഗ്രാമങ്ങൾ വികസിക്കണം, ഗ്രാമങ്ങൾ നന്നാകണം, അവിടെയുള്ള ജനങ്ങൾക്കു കൂടുതൽ പ്രയോജനം കൊടുക്കണമെന്നു ഒരു ഭാഗത്തുനിന്നും ആവശ്യപ്പെടുമ്പോൾ ഈ ആവശ്യം എത്തിച്ചു തരേണ്ട ഉത്തരവാദിത്വം എം. പി. മാർക്കുണ്ട്. അതുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്തുന്നതിൽ തെററില്ല. അവർക്കു വരാൻ പററുമോ ഇല്ലയോ എന്നുള്ളതു വേറെ പ്രശ്നം. വരാനുള്ള കടപ്പാട് അവർക്കുണ്ട്, അവരെ വരുത്താനുള്ള ചുമതല ജനങ്ങൾക്കുണ്ട്. അവർക്കു വരാൻ പററുമോ ഇല്ലയോ എന്നുള്ള ഒരൊററ കാരണത്താൽ ഇതു തള്ളിക്കളയുന്നതു ശരിയല്ല.

ശ്രീ. സി. എ. കുര്യൻ: പാർലമെൻറു മെമ്പർമാരെ ഉൾപ്പെടുത്തിയാൽ അവർ ഡൽഹിയിൽ നിന്നും കേരളത്തിൽ വരുന്നതിനുള്ള യാത്രക്കൂലി അവർക്കു കൊടുക്കേണ്ടി വരും. അതു കൊടുക്കാൻ കഴിയുകയില്ല എന്നുള്ളതുകൊണ്ടു കഴിയുന്നത്ര അവരെ ഒഴിവാക്കുന്നതല്ലേ നല്ലത്?

ശ്രീ. ടി. എം. ജേക്കബ്: എം. എൽ. എ.-മാരും എം. പി.-മാരും ഇതുപോലെയുള്ള പ്രധാനപ്പെട്ട കാര്യങ്ങളിൽ ഭാഗഭാക്കാകുകയെന്നുള്ളതാണ്. ബഡ്ജററിൻെറ ഒന്നര ശതമാനം മാത്രമേ ഈ വക കാര്യങ്ങൾക്കു വേണ്ടി ഇന്നു വിനിയോഗിക്കുന്നുള്ളു. മൂന്നു ശതമാനം വരെ ആകാമെന്ന കീഴ്വഴക്കമുള്ളതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഒന്നര ശതമാനം മാത്രം ചെലവാക്കുന്ന സാഹചര്യത്തിൽ അവരെക്കൂടി ഉൾപ്പെടുത്തുന്നതിൽ വലിയ പ്രശ്നമൊന്നുമില്ല. അവർക്കു ടി. എ.-യും ഡി. എ.-യും കൊടുക്കണമെന്ന കാരണത്താൽ ഇത്തരത്തിലുള്ളതു തള്ളിക്കളയുന്നതും ശരിയല്ല. അടുത്ത കാലത്തായി അംഗീകരിച്ചിരിക്കുന്ന തത്വം അനുസരിച്ചു തന്നെ 3 ശതമാനം വിനിയോഗിക്കാമെന്നാണ്, നമ്മുടെ റവന്യൂവിൻെറ 1.5, ശതമാനം അത്ര തന്നെ ചിലവാകുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഡൽഹിയിൽനിന്നും എം. പി.-മാർ ട്രെയിനിൽ വന്നാൽ അവർക്കു ഒരു കാശുപോലും ടി. എ. കൊടുക്കേണ്ടതില്ലെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ടി. എം. ജേക്കബ്: എം. പി. ആയിരുന്ന അദ്ദേഹം ഇതു പറയുമ്പോൾ ഞാൻ വിശ്വസിക്കാം. ഞാൻ അതിനെപ്പററി നോക്കിയിട്ടില്ല. നിയമസഭയിൽനിന്നും നാം ടി. എ. എഴുതി വാങ്ങിക്കുന്നുണ്ട്. ശനിയാഴ്ച നാട്ടിൽ പോകുമ്പോൾ ബി. ഡി. സി. അന്നു കൂടുന്നുണ്ടെങ്കിൽ അതിൽ പങ്കെടുക്കാവുന്നതേയുള്ളു. വേണമെങ്കിൽ ടി. എ. എഴുതി വാങ്ങിക്കുകയോ വാങ്ങിക്കാതിരിക്കുകയോ ചെയ്യാം. അതു ഓരോ മെമ്പറൻമാരുടേയും താൽപ്പര്യം അനുസരിച്ചിരിക്കും. അതുകൊണ്ട് ആ വാദം ബാലിശമാണ്. അതുകൊണ്ട് ഇന്നു ഇൻഡ്യയിൽ പല സംസ്ഥാനത്തും നിലനിൽക്കുന്ന സംവിധാനം അംഗീകരിക്കണമെന്നുള്ളതാണ്. പല നിയമങ്ങളും നാം നടപ്പിലാക്കിയ ശേഷം മററു പല സംസ്ഥാനങ്ങളും നടപ്പിലാക്കുന്ന പതിവാണുള്ളത്. പക്ഷേ ഇക്കാര്യത്തിൽ മാത്രം നാം വളരെ വർഷങ്ങൾ പിന്നോക്കം പോയിരിക്കുന്നു. മററു സംസ്ഥാനങ്ങൾ നടപ്പിലാക്കി അവരുടെ അനുഭവത്തിൽ ഇതു ശരിയാണെന്നു വന്നിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ താലൂക്കുസമിതിയുൾപ്പെടെയുള്ള സമിതികളിൽ പാർലമെന്റ് അംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും എല്ലാവിധ അവകാശങ്ങളോടുംകൂടിയ അംഗത്വം കൊടുക്കണമെന്ന അഭ്യർത്ഥനയാണ് ഞാൻ മുന്നോട്ടുവച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇതു അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ജില്ലാ കൗൺസിലിൽ എം. പി.-മാർ വേണ്ടെന്ന് ഈ സഭ തീരുമാനിച്ച കാരണങ്ങൾകൊണ്ടുതന്നെ താലൂക്കുസമിതിയിലും അവർ വേണ്ടെന്നു തീരുമാനിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ രണ്ടു തവണ പാർലമെന്റ് മെമ്പറായിരുന്ന ആളാണ്. പാർലമെന്റു മെമ്പർക്ക് വാസ്തവത്തിൽ വളരെ ദൂരെകിടക്കുന്ന ഈ സംസ്ഥാനത്തെ താലൂക്കുസമിതിയിലും മററും സംബന്ധിക്കാൻ സമയമുണ്ടാകുകയില്ല, പാർലമെന്റിനോട് അവർ നീതിപുലർത്തുകയാണെങ്കിൽ തീർച്ചയായും സമയം കാണുകയില്ല. പിന്നെ വികസനപ്രവർത്തനങ്ങളിൽ അവർ പങ്കുവഹിക്കണമെന്നുള്ളതാണെങ്കിൽ അതിനു ഇവിടെ പല സംവിധാനങ്ങളുമുണ്ട്. ഓരോ സമ്മേളനകാലത്തും എം. പി.-മാരെ വിളിച്ചുവരുത്തി അവർക്ക് ആവശ്യമായ എല്ലാ വിവരങ്ങളും നിർദ്ദേശങ്ങളും കൊടുക്കുന്നുണ്ട്.

പിന്നെ ശ്രീമാൻ ജേക്കബ്ബിന്റെ, എം. എൽ. എ.-മാർക്കു വോട്ടവകാശം കൊടുക്കണമെന്ന അഭിപ്രായത്തോടു യോജിക്കുന്നതിൽ വിരോധമില്ല. അങ്ങനെയാണെങ്കിൽ ഒരു ഓറൽ അമെൻറുമെൻറ് പ്രൊപ്പോസു ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.

''with right to vote'' But not to hold office''.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മന്ത്രി ഒരു ഓറൽ അമെൻറുമെൻറോടുകൂടി എന്റെ ഭേദഗതി സ്വീകരിച്ചതിൽ നന്ദിയുണ്ട്. എന്റെ ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല.

The amendment moved by Shri T. M. Jacob was, by leave, withdrawn.

The question that the oral amendment moved by the Hon'ble Minister, viz.

LIBRARY ARCHIVES Kerala Legislative Assembly

"In section 128A proposed to be inserted by clause 72, in sub-section (2), the words, "without any right to vote" shall be omitted be adopted was put and carried."

The amendment No. 72 of the Kerala Panchayats Act, 1960, as amended, was added to the Fourth Schedule.

Amendment Nos. 73 to 84

The question that the amendment Nos. 73 to 84 of the Kerala Panchayats Act, 1960 stand part of the Fourth Schedule was put and carried.

The amendment Nos. 73 to 84 of the Kerala Panchayats Act, 1960 were added to the Fourth Schedule.

Amendment No. 85

Shri C. Vasudeva Menon: Sir, I move the following amendments:

(1) In the Sixth Schedule proposed to be added to the Kerala Panchayats Act, 1960 by amendment No. 85 of the Fourth Schedule after item (XIII) add the following as item (XIV) and renumber the remaining items:—

"(XIV) Organise and help nutrition programme."

(2) In the Sixth Schedule proposed to be added to the Kerala Panchayats Act, 1960 by amendment No. 85 of the Fourth Schedule after item (XXIII) add the following as item (XXIV) namely:—
"XXIV Establishment and maintenance of Dispensaries."

(3) In the Sixth Schedule Proposed to be added in the Kerala Panchayats Act, 1960 by amendment No. 85 contained in the Fourth Schedule, after new item (XXIV) add the following as item (XXIV A), namely:—

"(XXIV A) Sanctioning and distribution of pension for widows, old and physically disabled destitutes and allowances for unemployed and couples of inter-caste marriages in which one party is a member of a Scheduled Caste or a Scheduled Tribe."

(4) In the Sixth Schedule Proposed to be added to the Kerala Panchayats Act, 1960 by amendment No. 85 of the Fourth Schedule after new (item XXIV A) add the following as item (XXV), (XXVI) and (XXVII) namely:—

"(XXV) opening of pre-primary, nursery schools, balwadis and night schools including sanction of grant-in-aid and payment of salaries to teachers.

(XXVI) Women and child welfare.

(XXVII) Welfare of Agriculture Labourers."

2/449—15

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഭേദഗതികളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ജില്ലാ കൗൺസിലിന്റെ ഫംഗ്ഷനിൽനിന്നും ഡിലീററു ചെയ്യണമെന്നും അത് പഞ്ചായത്തിന്റെ ഫംഗ്ഷനായിരിക്കണമെന്നും ഉള്ളതാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശ്യം. ജില്ലാകൗൺസിലിന്റെ ഫംഗ്ഷനിൽനിന്നും ഇതു എടുത്തുകളയാൻ ബഹുമാനപ്പെട്ട മന്ത്രി നേരത്തെ തയ്യാറായില്ല. അങ്ങനെ ഇത് എടുത്തുകളഞ്ഞില്ലെങ്കിലും ജില്ലാ കൗൺസിലിന്റേയും പഞ്ചായത്തിന്റേയും രണ്ടിന്റേയും അധികാരപരിധിയിൽ വരുന്ന വിഷയങ്ങളുണ്ടെങ്കിൽ ജില്ലാ കൗൺസിൽ എടുക്കുന്ന തീരുമാനത്തിനായിരിക്കും പ്രാബല്യമെന്ന് ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് ഈ വിഷയങ്ങളെല്ലാം പഞ്ചായത്തുകളുടെ അധികാരപരിധിയിൽ നിറുത്തിയാൽ ജില്ലാകൗൺസിൽ തീരുമാനിച്ച ഇത്തരം കാര്യങ്ങൾ പഞ്ചായത്തുകളെ ഏൽപ്പിക്കാൻ തീരുമാനിക്കുകയാണെങ്കിൽ അതു സംബന്ധിച്ച് പ്രത്യേകമായിട്ടുള്ള അനുവാദം വാങ്ങിക്കേണ്ടതായിട്ടു വരികയില്ല. അതുകൊണ്ട് ഇത് പഞ്ചായത്തുകളുടെ ഫംഗ്ഷനിൽ ഉൾപ്പെടുത്തുന്നതിൽ അപാകതയുണ്ടാകുകയില്ല. ഇത് ഉൾപ്പെടുത്തിയാൽ ജില്ലാ കൗൺസിൽ തീരുമാനിക്കുന്ന പക്ഷം ഉദാഹരണത്തിന്, ന്യൂട്രീഷൻ പ്രോഗ്രാം—ആവശ്യമായിട്ടുള്ള പാത്രങ്ങളോ വിറകോ കൊടുക്കുന്നത്, ഇങ്ങനെയുള്ള പലസഹായങ്ങളും ഇന്നു പല സ്ഥലത്തും പഞ്ചായത്തുകൾ ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യുന്ന സമയത്ത് പ്രത്യേകമായിട്ടുള്ള ഒരു അനുവാദം ഡയറക്ടർ ഓഫ് പഞ്ചായത്തിൽനിന്നു വാങ്ങിക്കേണ്ടതായിട്ടു വരുന്നു. ഇത്തരത്തിൽ ഇത് ഉൾക്കൊള്ളിക്കുന്നതായാൽ ജില്ലാ കൗൺസിലുകൾ തീരുമാനിക്കുന്നപക്ഷം അത് ഏറെറടുത്തു നടത്താൻ പ്രത്യേകമായ സാംഗ്ഷൻ പഞ്ചായത്തിനു വാങ്ങിക്കേണ്ടതായിട്ടു വരികയില്ല. അതുകൊണ്ട് ഇത് പഞ്ചായത്തിന്റെ ഫംഗ്ഷനിൽ ഉൾപ്പെടുത്തണമെന്നാണ് വിനീതമായിട്ടു എനിക്കു പറയാനുള്ളത്.

അതുപോലെതന്നെ ഭേദഗതിയിൽ "Welfare of Agriculture Labourers" എന്നുകൂടി പറഞ്ഞിട്ടുണ്ട്. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം രജിസ്റ്റർചെയ്യുന്ന ഒരു പ്രവർത്തനം മാത്രമാണ് ഇന്ന് പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാരെ ഏൽപ്പിച്ചിരിക്കുന്നത്. നമ്മുടെ രാജ്യത്തെ തൊഴിലാളികളിൽ 36 ശതമാനത്തോളം വരുന്നവർ കർഷകത്തൊഴിലാളികളാണ്. ഇത്രമാത്രം ഈ തൊഴിലാളിവിഭാഗത്തെ സംബന്ധിച്ചിടത്തോളം അവരുടെ ക്ഷേമകാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരു ഏർപ്പാടും ഇന്നില്ല. മററു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കാനും സഹായനടപടികൾ എടുക്കാനും പല സമിതികളും നിയമങ്ങളും ഇന്നുണ്ട്. അതുകൊണ്ട് ഈ സന്ദർഭത്തിലെങ്കിലും, ഇത്തരം ഒരു ബില്ല് പാസാക്കുന്ന അവസരത്തിലെങ്കിലും കർഷകത്തൊഴിലാളികളുടെ ക്ഷേമനടപടികൾകൂടി പഞ്ചായത്തുകളുടെ ഫംഗ്ഷനിൽ ഉൾപ്പെടുത്തണം. അതുകൊണ്ട് ഈ ഭേദഗതി ഏററവും ആവശ്യമായിട്ടുള്ളതും നിരുപദ്രവകരമായിട്ടുള്ളതും താഴേക്കിടയിലുള്ള സാധാരണ ജനങ്ങളെ ബാധിക്കുന്നതും ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സാധിക്കുന്ന ഒന്നാണ്. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകരിക്കണമെന്നാണ് എന്റെ അപേക്ഷ.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഈ സഭ ചെയ്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഭേദഗതി ആവശ്യമില്ലെന്നുള്ളതാണ്. ജില്ലാ കൗൺസിലിനു ഈ അധികാരങ്ങൾ വിട്ടുകൊടുത്തതുകൊണ്ട് പഞ്ചായത്തുകൾക്കു ഈ ആവശ്യങ്ങൾ നടത്താനോ നിർവ്വഹിക്കാനോ യാതൊരു പ്രയാസവും ഉണ്ടാകുകയില്ല. അതുകൊണ്ട് ഈ ഭേദഗതികളുടെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

The amendments moved by Shri C. Vasudeva Menon were put and lost.

The question that amendment No. 85 of the Kerala Panchayats Act, 1960 stands part of the Fourth Schedule was put and carried.

The amendment No. 85 was added to the Fourth Schedule.

The question that Fourth Schedule, as amended, stands part of the Bill was put and carried.

The Fourth Schedule, as amended, was added to the Bill.

Fifth Schedule

The question that the Fifth Schedule stands part of the Bill was put and carried.

The Fifth Schedule was added to the Bill.

Sixth Schedule

The question that the Sixth Schedule stands part of the Bill was put and carried.

The Sixth Schedule was added to the Bill.

Seventh Schedule

The question that the Seventh Schedule stands part of the Bill was put and carried.

The Seventh Schedule was added to the Bill.

Eighth Schedule

Minister for Education (**Shri C. H. Mohammed Koya**): Sir, I move:

For the Eighth Schedule, the following Schedule shall be substituted, namely :—

"EIGHTH SCHEDULE

(See Section 101)

AMENDMENTS TO THE KERALA PLANT DISEASES AND PESTS ACT, 1972 (25 of 1972)

1. In section 2, for clause (b), the following clause shall be substituted, namely:—

"(b) 'District Collector' means the Secretary of the District Council as defined in clause (p) of section 2 of the Kerala District Administration Act, 1979 and shall include such other officer of the district council as may be authorised by it,"

2. After section 15, the following secion shall be insered, namely:—

LIBRARY ARCHIVES Kerala Legislative Assembly

"15A Exercise of powers of Government by the District Council:—

The powers of the Government under this Act, except the power under section 16, shall, subject to such restrictions as may be prescribed, be exercised by the district council or by such authority or officers as may be authorised by the district council in this behalf.

Explanation—For the purposes of this section, "district council" means the district council constituted under section 3 of the Kerala District Administration Act, 1979."

The amendment moved by the Honourable Minister was put and adopted.

The question that the Eighth Schedule, as amended, stands part of the Bill was put and carried.

The Eighth Schedule, as amended, was added to the Bill.

9th to 33rd Sehedule

The question that the 9th to 33rd Schedule stand part of the Bill was put and carried.

The 9th to 33rd Schedule, were added to the Bill.

Clause 1

Shri E. P. Gopalan: In clause 1, sub-clause (1) for the words "District Administration" Substitute the words "The Kerala Jilla Bharana" ജില്ലാ കൗൺസിലിന്റെ ഭരണഭാഷ മലയാളമാകണമെന്ന് വീണ്ടും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരാൻ വേണ്ടി അവതരിപ്പിച്ച ഒരു ഭേദഗതിയാണ് ഇത്. മുഴുവൻ പേരും മലയാളത്തിലാകുക; അത്രയേ ഉദ്ദേശമുള്ളു.

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി</u>: ബഹുമാനപ്പെട്ട മെമ്പർ നൽകിയിട്ടുള്ള അമെൻറുമെൻറ് ഇംഗ്ലീഷിലാണ്. ആ അമെൻറുമെൻറിൽ പറയുന്നത് "The Kerala Jilla Bharana" എന്നാണ്. അതിൽ "കേരള" എന്നുള്ളത് മലയാള പദമല്ല. മലയാളമാണെങ്കിൽ "കേരളം" എന്നു പറയണം. "ഭരണ" എന്ന ഒരു മലയാള പദവും ഇല്ല. അമെൻറുമെൻറിൽ "ഭരണ" എന്നു പറയുന്നുണ്ട്. ഈ രണ്ടു പദങ്ങളും മലയാള പദങ്ങളല്ല എന്നു മനസ്സിലാക്കിക്കൊണ്ട് ഈ അമെൻറുമെൻറുകൾ പിൻവലിക്കുമോ?

<u>ശ്രീ. ഇ. പി. ഗോപാലൻ</u>: ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ കയ്യിലാണ് ഭാഷയെ സംബന്ധിച്ചുള്ള അധികാരം കൊടുക്കേണ്ടതെങ്കിൽ ഈ രാജ്യത്ത് പിന്നെ ഭാഷയുടെ സ്ഥിതി എന്താകും?

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി</u>: അങ്ങ് മൂവ് ചെയ്തതാണ്. ഇംഗ്ലീഷിലുള്ള അമെൻറുമെൻറ് ഒന്നു വായിച്ചു മൂവു ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട കാന്തലോട്ടു കുഞ്ഞാമ്പു മലയാളത്തിൽ ഇവിടെ ഒരു ബില്ല് അവതരിപ്പിച്ചപ്പോഴ് അതിലുള്ള മലയാള വാക്കുകളുടെ കാര്യത്തിൽ ഏററവുമധികം സംശയം പ്രകടിപ്പിച്ച മെമ്പറാണ് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി. കേരളം എന്നുള്ളതു മലയാളമാണോ തെലുങ്കാണോ ഇംഗ്ലീഷാണോ എന്നു സംശയിക്കുന്ന വരോടെന്തു പറയാൻ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കേരളം എന്നുള്ളതു മലയാളം തന്നെ ''കേരള'' എന്നുള്ളതിലാണ് സംശയം.

ശ്രീ. ഇ. പി. ഗോപാലൻ: കേരളം എന്നുള്ളത് എല്ലാ ഭാഷയിലും പറയാം സന്ദർഭോചിതമായി. ഭാഷയെ സംബന്ധിച്ച തർക്കത്തിനൊന്നും ഞാൻ തയ്യാറില്ല. വേണമെങ്കിൽ ഭാഷ അറിയാവുന്നവരോടു തർക്കിക്കാം. വ്യാകരണ സംബന്ധിയായ കാര്യങ്ങഠംക്കും സാഹിത്യ സംബന്ധിയായ കാര്യങ്ങഠംക്കുമായി ....

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കേരള യൂണിവേഴ്സിററി നടത്തിയ ബി. എ. മലയാളം പരീക്ഷയിൽ ഫസ്ററ് ക്ലാസോടുകൂടി ഞാൻ ഗ്രാമർ പാസ്സായിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? അതുകൊണ്ട്, എനിക്കു മലയാളമറിഞ്ഞു കൂടെന്നൊന്നും വാദിക്കേണ്ട. ഇ. പി. യാണെങ്കിൽ കോളേജ് കണ്ടിട്ടില്ലല്ലോ.

ശ്രീ. ഇ.പി. ഗോപാലൻ: യൂണിവേഴ്സിററിയിൽ പഠിപ്പിക്കുന്ന വരുടെയും പരിശോധകൻമാരുടെയുമൊക്കെ കഴിവുകളെന്താണെന്നു ള്ളതിനു പ്രത്യക്ഷതെളിവാണ്.......................................

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു ചോദ്യംകൂടി. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ഇ. പി. ഗോപാലൻ മെമ്പറായിട്ടുള്ള ഈ ഭരണകക്ഷിയിൽ യൂണിവേഴ്സിററിയുടെ ഭരണത്തിൻെറ തലപ്പത്തിരിക്കുന്ന ബഹുമാനപ്പെട്ട മുഹമ്മദുകോയയെപ്പററി എന്താണു പറയാനുള്ളത്?

ശ്രീ. ഇ. പി. ഗോപാലൻ: അതൊക്കെ ദേവസ്സിക്കുട്ടിയുടെ ഉദാഹരണത്തിൽനിന്നൂഹിക്കാവുന്നതാണ്. ഭാഷാധുരന്ധരൻമാരാണെന്നു പറയുന്നവരൊക്കെ ഈ പരിശോധനയ്ക്കു വിധേയമാകേണ്ടവരാണെന്നാണെൻെറ അഭിപ്രായം.

ഇനി ഭേദഗതിയുടെ കാര്യം പറയാം. ജില്ലാതലത്തിൽ ഭരണം വികേന്ദ്രീകരിക്കുമ്പോഠം നാട്ടിലെ ജനങ്ങളുടെ താൽപ്പര്യത്തെ പരിഗണിച്ച് മലയാളഭാഷയിലാക്കണം എന്ന് ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണ്. അതിനെ പലവിധത്തിലും പരിഹസിച്ചുതള്ളിക്കളയാമെന്നാഗ്രഹിക്കുന്നവരുമുണ്ട് സർ. ഒരു കാലത്തെ ഭരണാധികാരികഠം അടിച്ചേൽപ്പിച്ചതാണ് ഇംഗ്ലീഷ്. ആരുടെയും കുററംകൊണ്ടല്ല, ചരിത്രപരമായ പല കാരണങ്ങളാലും അത് ഇന്നും തുടരുകയാണ്. അതു മാററണമെങ്കിൽ, ആ മാററം പ്രായോഗികമാക്കണമെങ്കിൽ നല്ലൊരു പരിശ്രമംതന്നെ ആവശ്യമുണ്ട്. ദയവുചെയ്ത് അതിനെ ദുർവ്യാഖ്യാനം ചെയ്യരുത്. ഇംഗ്ലീഷിനോടുള്ള വിരോധംകൊണ്ടോ ആ ഭാഷ നമുക്കം നൽകിയിട്ടുള്ള സംഭാവനകഠം വിസ്മരിച്ചുകൊണ്ടോ അല്ല ഞാനിതു പറയുന്നത്. പ്രധാനമായും വിഷയത്തിൽ കേന്ദ്രീകരിക്കണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭരണവും മലയാളമാക്കണം. വൈദ്യവിദ്യാഭ്യാസംപോലും മലയാളത്തിലാക്കണമെന്ന അഭിപ്രായമുള്ള ഒരു സന്ദർഭമാണിത്. അങ്ങനെ പോകുന്നു വിവരത്തിന്റേയും വിജ്ഞാനത്തിന്റേയുമൊക്കെ വഴി. ജനജീവിതത്തെ സാരമായി ബാധിക്കുന്ന ഭരണം മലയാളത്തിലാക്കാൻ മടിച്ചുനിൽക്കുന്നത് ഒരുതരത്തിലും ആശാസ്യമല്ല. എന്തു നയത്തിന്റെ പേരിലായാലുംശരി നടപ്പാക്കാതിരിക്കുന്നത് നമ്മുടെ കഴിവുകേടാണ്; പോരായ്മയാണ്; നികത്തപ്പെടേണ്ടതാണ്. വൈയാകരണൻമാരോ ഭാഷാപണ്ഡിതൻമാരോ എന്തുപറഞ്ഞാലും എനിക്കു വിരോധമില്ല. എന്റെ ഉദ്ദേശ്യം ഞാൻ പറഞ്ഞു എന്നേയുള്ളു.

ശ്രീ. സി. വാസുദേവമേനോൻ: ബഹുമാനപ്പെട്ട മെമ്പർ നേരത്തെ പറഞ്ഞതുപോലെ ഇതൊക്കെ പൂതിയല്ലേ?

ശ്രീ. ഇ. പി. ഗോപാലൻ: പൂതിക്കാരനെ ഇപ്പോഴും മനസ്സിലായില്ലേ? ആശുപത്രികളുടെ നടത്തിപ്പും വിധവാപെൻഷൻ കൊടുക്കാനുള്ള അധികാരവുമെല്ലാം പഞ്ചായത്തുകൾക്കു കൊടുക്കണമെന്നു പറഞ്ഞ് ഈ വൈകിയ അവസരത്തിലെങ്കിലും ഭേദഗതികൊണ്ടുവന്നവരോടെന്തു പറയാൻ? ഞാൻ പറയുന്നതു പൂതിയാണെന്നാണെങ്കിൽ എനിക്കിത്രയേ പറയാനുള്ളൂ—കേരളത്തിന്റെ മണ്ണിൽ, മലയാളത്തിന്റെ മണ്ണിൽ, പെററമ്മയുടെ മുലപ്പാലിനോടുകൂടി മലയാളഭാഷ വശമാക്കിയിട്ടുള്ള ഈ രാജ്യത്തിന് ഇതു വെറുംപൂതിയല്ല, അഭിപ്രായമാണ്, ഇതു നടപ്പാക്കുകതന്നെ ചെയ്യും.

ശ്രീ. പി. സീതിഹാജി: പൂതി എന്നു പറയുന്നതു സംസ്കൃതമോ മലയാളമോ?

ശ്രീ. ഇ. പി. ഗോപാലൻ: മലയാളം—പച്ചമലയാളം—ഒന്നാംതരം മലയാളം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഭരണഭാഷ മലയാളമാക്കുന്നതിനു വേണ്ടി ശക്തമായി വാദിക്കുന്ന പല ആളുകളും അവരുടെ കുഞ്ഞുങ്ങളെ പള്ളിക്കൂടത്തിൽചേർക്കുമ്പോൾ ഇംഗ്ലീഷ് മാദ്ധ്യമമാക്കിയിട്ടുള്ള സ്കൂളുകളന്വേഷിച്ചുപോകുന്നതറിയാമോ?

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എത്ര വൈകൃതങ്ങളാണ് ഈ രാജ്യത്തു നടക്കുന്നതെന്നറിയാമോ? അതിന്റെയൊക്കെ ഒരു ലിസ്ററ് എടുത്താൽ ഭരണഭാഷ മലയാളമാക്കുന്നതിനുള്ള പരിഹാസ്യമായ പല തടസ്സങ്ങളും കണ്ടെത്താൻകഴിയും.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: ഇവിടെ ഭേദഗതി അവതരിപ്പിച്ചു സംസാരിച്ചശേഷം ബഹുമാനപ്പെട്ട സ്പീക്കർ "do you press your amendment" എന്നു ചോദിക്കുമ്പോൾ "ഞാൻ ഞെക്കുന്നു" എന്നോ 'ഞാൻ അമർത്തുന്നു' എന്നോ പറയാനുള്ള വ്യവസ്ഥ കൂടി ഉണ്ടാക്കുന്നതു നല്ലതല്ലേ?

ശ്രീ. ഇ. പി. ഗോപാലൻ: അതു പറയേണ്ടവർക്ക് അതുപറയാം. ഞെക്കുന്നവർക്കു ഞെക്കാം, അമർത്തുന്നവർക്ക് അമർത്താം. 'സ്വീകരിക്കണമെന്നു ഞാൻ നിർബന്ധിക്കുന്നില്ല' എന്നു പറയാനാണ് ഞാൻ പഠിച്ചിട്ടുള്ളത് മലയാളത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ പ്രാവശ്യം മന്ത്രി മറുപടി പറഞ്ഞപ്പോൾ ജില്ലാ നിലവാരത്തിൽ അധികാരം വികേന്ദ്രീകരിക്കുന്ന ഘട്ടംവരുമ്പോൾ ഭരണസംവിധാനം മലയാളത്തിലാക്കാമെന്നുറപ്പു പറഞ്ഞിട്ടുണ്ട്. അത് ഒരിക്കൽ കൂടി 'ഓർമ്മിപ്പിക്കുകയും നടപ്പാക്കണമെന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri N. I. Devassykutty: Sir, I move: "In clause 1 for sub-clause (3) substitute the following namely:—

(3) "It shall come into force at once." സർ, ക്ലാസ് 3-ൽ ഭേദഗതി അവതരിപ്പിച്ചു കൊണ്ടു പറഞ്ഞതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഇവിടെ ഒരു വാദമുന്നയിച്ചതു മാത്രം എനിക്കു സ്വീകാര്യമായിട്ടില്ല. "It shall come into force at once" എന്നു വയ്ക്കണമെന്നു ഞാൻ പറഞ്ഞത് ബാലിശവും അർത്ഥശൂന്യവുമാണെന്നു മന്ത്രി പറഞ്ഞു. എന്നാൽ ഇന്ന്, ഭരണകക്ഷിയിൽ നിന്നു തന്നെ എന്റെ അഭിപ്രായത്തോടു യോജിക്കുന്ന കുറെ അനുയായികളെ എനിക്കു കിട്ടിയതിൽ വളരെ സന്തോഷമുണ്ട്. എന്റെ ഒരു പഴയ സുഹൃത്തും എനിക്കേററം അടുപ്പമുള്ളതുമായ ശ്രീമാൻ പി. ആർ. ഫ്രാൻസിസ് ഞാൻ പറഞ്ഞ കാര്യങ്ങൾ സ്വീകരിച്ചു കൊണ്ടു തന്നെ ഒരു ഭേദഗതി അവതരിപ്പിച്ചു. അദ്ദേഹത്തെ എന്റെ ഭാഗത്തേക്ക് കിട്ടിയതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു; അദ്ദേഹത്തിന്റെ പാതയിൽ അഭിനന്ദനത്തിന്റെ പൂക്കൾ വിതറുന്നു. സർ, ശ്രീമാൻ ടി. എം. ജേക്കബ്ബും എന്റെ ശിഷ്യത്വം സ്വീകരിച്ചിരിക്കുകയാണ്. എനിക്ക് അതിലും സന്തോഷമുണ്ട്. ബഹുമാനപ്പെട്ട ആർ. സുന്ദരേശൻ നായരും എന്റെ ശിഷ്യനാകാൻ ആഗ്രഹം പ്രകടിപ്പിച്ചു. പലരും എതിർത്താലും അതിലും എനിക്കു സന്തോഷമുണ്ട് സർ. 'at once' എന്നുള്ളത് സാധാരണ നിയമനിർമ്മാണങ്ങളിലൊന്നും പറഞ്ഞിട്ടില്ലെന്ന് പല മെമ്പർമാരുംപറഞ്ഞു. 'at once' എന്ന് സാധാരണ നിയമനിർമ്മാണങ്ങളിലൊന്നും കമെൻസ്മെൻറിന്റെ കാര്യത്തിൽ പറയുകയില്ലെന്നു പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി മുഹമ്മദുകോയ ഇവിടെ പൈലററു ചെയ്തു പാസ്സാക്കിയിട്ടുള്ള ഒരു ബില്ലിൽ തന്നെ 'അററ്വൺസ്' എന്ന് അതിന്റെ കമെൻസ്മെൻറ് പറഞ്ഞ് പ്രാബല്യം കൊടുത്തിട്ടുണ്ട്. 1971-ൽ പാസാക്കിയ കൊച്ചിൻ യൂണിവേഴ്സിററി ആക്ററാണത്. (1971-ലെ 30-ാം ആക്ററ്). വേണമെങ്കിൽ വായിക്കാം. സമയം പോകുന്നു എന്നുള്ളതുകൊണ്ട് വായിക്കുന്നില്ല; പുസ്തകം വേണമെങ്കിൽ അങ്ങോട്ടു കൊടുക്കാം. ബഹുമാനപ്പെട്ട മന്ത്രി മറന്നു കാണുകയില്ല. അതുപോലെ തന്നെ ഈ നിയമസഭ 1975-ൽ പാസാക്കിയ ദി കേരളാ ഡേറേഴ്സ് റിലീഫ് ആക്ററ് (1975-ലെ 30-ാം ആക്ററ്). ആ ബിൽ ഈ നിയമസഭ പാസാക്കിയതും "It shall come into force at once" എന്നു പറഞ്ഞുകൊണ്ടു തന്നെയാണ്. അതുപോലെ തന്നെ ദി കേരളാ ഹോംഗാർഡ്സ് ആക്ററ് 1960. സർ, ഞാൻ രണ്ടു മൂന്നു ആക്ററുകൾ മാത്രം പറയുകയാണ്. അതിലൊക്കെ "It shall come into force at once" എന്നു പറഞ്ഞിട്ടുണ്ട്. എന്റെ കയ്യിൽ അതിന്റെ ദീർഘിച്ച ഒരു ലിസ്ററുണ്ട്. ഞാൻ വായിക്കുന്നില്ല. നമ്മുടെ കേരള നിയമസഭ പല കാലങ്ങളിൽ ആവശ്യമുണ്ടെങ്കിൽ, എന്റെ ഭേദഗതി പോലെ, "It shall come into force at once" എന്നു പറഞ്ഞുകൊണ്ടു പാസാക്കിയിട്ടുണ്ട്. അങ്ങനെയുള്ള നിയമങ്ങൾ അനവധിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച ഭേദഗതി പാസാക്കിക്കഴിഞ്ഞാൽ—ഈ നിയമത്തിൽ ജില്ലാ കൗൺസിലുകൾക്ക് അധികാരം കൊടുത്തിട്ടുണ്ട്—ആ ജില്ലാ കൗൺസിലുകൾ രൂപം കൊള്ളുന്നതിനു മുമ്പു തന്നെ ആ അധികാരങ്ങൾ കൊടുക്കണമെന്ന് ആണ് അററ് വൺസ് എന്നു പറഞ്ഞാൽ; അങ്ങനെ ജില്ലാ കൗൺസിൽ ഇല്ലാതിരിക്കുന്ന ഒരു പരിതഃസ്ഥിതിയിൽ ഗവൺമെൻറിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഗവൺമെൻറിന് ഡിസ്ചാർജ് ചെയ്യാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷവും വരികയില്ലേ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ അതിൽ അധികം വാദത്തിലേക്കു കടക്കുന്നില്ല. ഏതായാലും അററ് വൺസ് എന്നു പറഞ്ഞതുകൊണ്ട് ഒരു ബുദ്ധിമുട്ടും വരികയില്ല. നമ്മൾ തന്നെ 3-ാം ക്ലാസിൽ ''Government shall counstitute the District Council on such date as may be specified in the notification'' എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ ഗവൺമെൻറു നടപ്പാക്കേണ്ട ഓരോ കാര്യത്തിലും ഈ ബില്ലിൽ അങ്ങനെ പറഞ്ഞിരിക്കുന്നു. ഗവൺമെൻറു ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചു പറയുകയാണെങ്കിൽ ഞാൻ ഒരു ആത്മസംതൃപ്തിക്കു വേണ്ടി വാദിച്ചു എന്നു പറയേണ്ടി വരും. ഗവൺമെൻറു നടപ്പിലാക്കിയിട്ടുള്ള നിയമങ്ങളിൽ, പല വകുപ്പുകളും നടപ്പാക്കാത്ത അനവധി നിയമങ്ങളുണ്ട്. ഞാൻ അതൊന്നും പ്രത്യേകം ചൂണ്ടിക്കാണിക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ചില ആക്ററുകളുടെ പേരു പറഞ്ഞു. ആ നിയമങ്ങളും നമ്മൾ ഇന്നു പാസാക്കാനുദ്ദേശിക്കുന്ന നിയമവും തമ്മിൽ വ്യത്യാസമില്ലേ? ക്ലാസ് 3-ൻെറ കാര്യം ഇവിടെ സൂചിപ്പിച്ചു. അങ്ങു പറയുന്ന രൂപത്തിൽ അററ് വൺസ് എന്നു പറഞ്ഞാൽ—ഷെഡ്യൂൾ 11 അനുസരിച്ചു പല കാര്യങ്ങളും കൈമാററം ചെയ്തിട്ടുണ്ട്. ഇല്ലാത്ത ഒരു കൗൺസിലിനെക്കുറിച്ചു അററ് വൺസ് എന്നു പറഞ്ഞാൽ പ്രായോഗികമായ വൈഷമ്യമുണ്ടാകുകയില്ലേ? അങ്ങയുടെ ആശയം നല്ലതാണ്. പെട്ടെന്നു നടത്തണമെന്നതിനോടു യോജിക്കുന്നു. പക്ഷേ ഇങ്ങനെ നമ്മൾ നിയമത്തിൽ എഴുതിച്ചേർക്കുന്നതിൽ അഭംഗിയില്ലേ എന്ന് ഒന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, പല മാർഗ്ഗങ്ങളുമുണ്ട്. ഞാൻ ഇതൊക്കെ വിശദീകരിക്കുന്നില്ല. ഒരു ബിൽ ഇപ്പോൾ അററ് വൺസ് എന്നു പറഞ്ഞു പാസാക്കിയാൽ നാം പാസാക്കാൻ പോകുന്ന ബിൽ ആക്ററായിക്കഴിഞ്ഞാൽ ഒരു സെക്ഷൻ പോലും നടപ്പാക്കുന്നതിനു തടസ്സമോ ഒരു സെക്ഷൻ പോലും നീട്ടിവയ്ക്കുന്നതിനു തടസ്സമോ വരുന്നില്ല. ഗവൺമെൻറ് ഇതു പറയുന്നതു കൊണ്ട് ഗവൺമെൻറിന് ആത്മാർത്ഥതയുണ്ടെന്നു തെളിയിക്കാൻ ഇങ്ങനെ ഒരു ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ പറയുകയാണ്. ശ്രീ. എൻ. ഭാസ്കരൻ നായർ ചോദിച്ചു, 101-ാം വകുപ്പ് അപ്പോൾ എന്തു ചെയ്യും എന്ന്. 101-ാം വകുപ്പ് ഞാൻ വളരെ ഗാഢമായി വായിച്ചു പരിശോധിച്ചു. ഒന്നും വരാൻ പോകുന്നില്ല. ജില്ലാ കൗൺസിൽ ഇഷ്ടമുള്ളപ്പോൾ ഗവൺമെൻറിനു കോൺസ്ററിററ്യൂട്ടു ചെയ്യാം. ഇഷ്ടമുള്ളപ്പോൾ വകുപ്പുകൾ നടപ്പാക്കാം. ഏതായാലും, അററ് വൺസ് എന്നു ഗവൺമെൻറു സ്വീകരിച്ചു കഴിഞ്ഞാൽ അഭിമാനമുള്ള ഒരു ഗവൺമെൻറിന്

LIBRARY ARCHIVES Kerala Legislative Assembly

അനർഹമായും അനാവശ്യമായും നീട്ടിക്കൊണ്ടുപോകാൻ അവരുടെ മനസ്സാക്ഷി സമ്മതിക്കുകയില്ല. അതുകൊണ്ടാണ് അററ്വൺസ് എന്നു സ്വീകരിക്കണമെന്നു ഞാൻ പറയുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോഴും മനസ്സാക്ഷിയും ഗമയു ഗൗരവവും ഒക്കെ അററ്വൺസിൽ ആണോ, അടുത്ത കാലത്തായിട്ട്?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട ഇ. പി. പറയുന്നതിനെല്ലാത്തിനും മറുപടി പറയാൻ സാധിക്കുകയില്ല. എന്തായാലും ഇ. പി. പറയുന്നതനുസരിച്ചല്ല ഞാൻ പറയുന്നത്. വേറെ വിഷയത്തിൽ കൂടിയാണ്. ഏതായാലും ഗവൺമെൻറിനു സാങ്കേതികമായ തകരാറില്ലാത്തതും, ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും ഗവൺമെൻറിൻെറ ആത്മാർത്ഥത തെളിയിക്കുന്നതിനുമൊക്കെ സഹായകവുമായ 'അററ്വൺസ്'' എന്നത് ഇതിൻെറ കമെൻസ്മെൻറിൽ ചേർത്ത് ''It shall come into force at once'' എന്നു പറഞ്ഞ് ഗവർണ്ണറുടെ അസെൻറു കിട്ടിക്കഴിഞ്ഞാൽ ഇതു നിയമമായി. നിയമമായിക്കഴിഞ്ഞാൽ ഓരോ വകുപ്പും ഗവൺമെൻറിനു നടപ്പാക്കാം. നടപ്പാക്കുമോ ഇല്ലയോ എന്നുള്ള വളരെ ആശങ്കകൾ പല പ്രസ്താവനകളിലും പല കാര്യങ്ങളിലും ഉള്ളതുകൊണ്ട്; എന്നെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രമല്ല, ഗവൺമെൻറിൻെറ തന്നെ സൽപേരിനും, നൻമക്കും, ഇങ്ങനെയൊന്നു സ്വീകരിക്കുന്നതാണ് നല്ലത് എന്നാണ് എനിക്കു തോന്നുന്നത്. എന്തായാലും നിയമ തടസ്സങ്ങൾ ഒന്നുമില്ല. പ്രായോഗിക ബുദ്ധിമുട്ടുകൾ ഒന്നുമില്ല. അങ്ങനെയുള്ള ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നുള്ള വിശ്വാസമാണെനിക്കുള്ളത്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. ''In clause 1, sub-clause (3) delete the proviso.''

ഈ ബിൽ പാസായിക്കഴിഞ്ഞാൽ ഉടനെതന്നെ അതു നടപ്പിൽ വരുത്തണമെന്നുള്ളതാണ് എൻെറ അഭിപ്രായം. സർ, ഇരുപതു കൊല്ലങ്ങൾക്കുമുമ്പ് അവതരിപ്പിക്കുകയും വീണ്ടും പലേ പ്രാവശ്യം പലേ മന്ത്രിമാരും ഇവിടെ അവതരിപ്പിക്കുകയും ചെയ്തിട്ടുള്ള ഒരു ബില്ലാണ് ഇന്നു ചർച്ചാ വിഷയമായ ഈ ബിൽ. 1958-നു ശേഷം എല്ലാ ഗവൺമെൻറുകളുടെ കാലത്തും ഇത് അവതരിപ്പിച്ചിട്ടുണ്ട്. ആർക്കും ഇതിൽ നിന്ന് ഒഴിഞ്ഞു മാറാൻ സാദ്ധ്യമല്ല. പാസാകാത്തതിൽ എല്ലാവരും കുററക്കാരാണ്; പ്രത്യേകിച്ച് പ്രതിപക്ഷത്തുള്ളവർ. കാരണം ഇപ്പോഴാണ് ഈ ബിൽ അവതരിപ്പിച്ചു നിയമമാക്കാൻ പോകുന്നത്. സർ, ഇതിൻെറ നിർമ്മാതാക്കൾ പലരുമുണ്ട്. അഞ്ചു ഭർത്താക്കൻമാരുള്ള ഒരു ബില്ലാണിത്. ഗർഭം ധരിച്ചിട്ട് അഞ്ചു പ്രാവശ്യം അലസിപ്പോയി. ഇതാ ഈ ബിൽ പ്രസവിക്കാൻ പോകുന്നു. നീട്ടിക്കൊണ്ടു പോകരുത്, ഉടനെ തന്നെ പാസാക്കണം, എന്നു ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. ''In clause 1 for sub-clause (3) substitute the following namely:-

''(3) It shall come into force on the 15th day of October 1979''.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് ഒക്‌ടോബർ മാസം 15-ാം തീയതി നിലവിൽ വരുമെന്ന് ആക്കണം എന്നാണ്. അതിനു മുമ്പ് തിരഞ്ഞെടുപ്പ് നടത്താൻ ബുദ്ധിമുട്ടുണ്ടെന്ന് അറിയാം. ഒരു മാസത്തെ വ്യത്യാസമേയുള്ളു. സെപ്റ്റംബർ എന്നുപറഞ്ഞു; അത് ഒക്‌ടോബർ എന്നാക്കണമെന്നേയുള്ളു; ഒരു ബ്രേക്ക് വരാതിരിക്കാൻ വേണ്ടി. ബഹുമാനപ്പെട്ട എൻ. ഐ. ദേവസ്സിക്കുട്ടി, അററ്വൺസ് എന്നാക്കണമെന്നു പറഞ്ഞു; അങ്ങനെ വേണ്ട, റൂൾസൊക്കെ ഫ്രെയിം ചെയ്യാനും മററു കാര്യങ്ങൾക്കുമായി ഇത്രയും സമയം കൊടുക്കണം. എന്നുള്ള ആഗ്രഹത്തിന്റെ പേരിലാണ് ഞാൻ ഇത് ഇവിടെ അവതരിപ്പിച്ചത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഗവൺമെന്റ് സ്വീകരിക്കുമെങ്കിൽ നല്ല കാര്യമാണ്. പിന്നെ എനിക്കു ഭേദഗതി വേണമെന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെങ്കിൽ അദ്ദേഹം പറയട്ടെ. ഒരു കാര്യത്തിൽ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട എൻ. ഐ. ദേവസ്സിക്കുട്ടി പ്രകടിപ്പിച്ച ആശങ്കയും ഇതു നടപ്പിലാക്കുമോ എന്നുള്ളതായിരുന്നു. ഏതായാലും ഈ സെഷനിൽ ഫസ്റ്റ് പ്രയോറിററി കൊടുത്ത ബില്ലാണ് ഇത്. അതുപോലെ തന്നെ സെലക്‌ററു കമ്മിററിക്കയച്ചിട്ട് ഇത്രയും പെട്ടെന്നു മടക്കിക്കൊണ്ടു വന്നത് നടപ്പാക്കണമെന്നുള്ള ഉൽക്കടമായ ആഗ്രഹത്തിന്റെ പേരിലാണ്. എത്രയും പെട്ടെന്നു നടപ്പിലാക്കുമെന്നുള്ള പ്രതീക്ഷയാണ് ഞങ്ങൾക്കെല്ലാമുള്ളത്. അററ്വൺസ് എന്ന ഭേദഗതി അംഗീകരിച്ചാലുള്ള വൈഷമ്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. പല ഭേദഗതി നിയമങ്ങളിലും അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും ഇത് വ്യാപകമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ്. ക്ലാസ് 3 അനുസരിച്ച് ജില്ലാ കൗൺസിൽ കോൺസ്ററിററ്യൂട്ട് ചെയ്യുന്നതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. പല ഷെഡ്യൂളുകളനുസരിച്ചും പല റൈററുകളും നമ്മൾ കൈമാററി കൊടുക്കുന്നുണ്ട്. ഇല്ലാത്ത ഒരു കൗൺസിൽ ഉണ്ടെന്നു സങ്കൽപ്പിച്ചു പറയുന്നതു ശരിയല്ല. സർ, നമ്മുടെ സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമങ്ങളും സെൻട്രൽ ആക്‌ററും പരിശോധിച്ചാൽ ഒരു കാലയളവിൽത്തന്നെ പല ഡേററുകളിൽ പല നിയമങ്ങളിലും പ്രൊവിഷൻസ് ഉൾപ്പെടുത്തിയിട്ടുള്ളത് കണ്ടിട്ടുണ്ട്. ഈ നിയമത്തോട് എല്ലാവർക്കും യോജിപ്പാണുള്ളത്. എന്റെ ഭേദഗതിയോട് മന്ത്രി യോജിക്കുമോയെന്ന് അറിഞ്ഞുകൂടാ. പൊതുവായി എലക്‌ഷൻ നടത്തണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസം കാണുകയില്ല. ഇപ്പോൾ തന്നെ സെപ്‌റ്റംബറിലാണ് എലക്‌ഷൻ നടത്തുമെന്ന് പറഞ്ഞിരിക്കുന്നത്. അത് സെപ്‌റ്റംബറിൽ നടത്തുകയോ അല്ലെങ്കിൽ ഒരു മാസം കൂടി മാററി ഒക്‌ടോബറിലായാലും വേണ്ടുകില്ല എലക്‌ഷൻ നടത്താനുള്ള നടപടി എടുക്കണം.

ശ്രീ. വക്കം പുരുഷോത്തമൻ: ബിൽ നടപ്പിലാക്കാതെ എലക്‌ഷൻ നടത്താൻ സാധിക്കുകയില്ലെന്ന് അറിഞ്ഞു കൂടേ?

ശ്രീ. ടി. എം. ജേക്കബ്: അത് മനസ്സിലായി. ഒക്‌ടോബർ വരെ സമയമുണ്ടല്ലോ. ബുദ്ധിമുട്ടി നിയമം പാസ്സാക്കിക്കഴിഞ്ഞാൽ അതിന്റെ ബാക്കിയുള്ള ഫോർമാലിററീസ് പൂർത്തിയാക്കാനാണ് സമയം എടുക്കുമെന്ന് പറഞ്ഞത്. അതുകൊണ്ടാണ് ഒരു ഗ്യാപ്പിട്ടാൽ ഇത്രയും ബുദ്ധിമുട്ടില്ലെന്ന് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം ഈ കാര്യത്തിൽ അറിയാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): ഇതിനകം അററ്വൺസ് ഭേദഗതി എന്നു പ്രസിദ്ധമായിത്തീർന്ന ശ്രീ. ദേവസ്സിക്കുട്ടിയുടെ ഭേദഗതിയെ ഞാൻ ആദ്യമായി എതിർക്കുന്നു. അങ്ങനെയൊരു ഭേദഗതി പാസ്സാക്കിയാൽ ഇംഗ്ലീഷ് നിഘണ്ടുവിൽ അററ്വൺസ് എന്നുള്ളതിന്റെ അർത്ഥം തന്നെ ഇല്ലാതെ പോകുമെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം പറയുന്നത് അററ്വൺസ് എന്ന് എഴുതിയതിനുശേഷം സെക്ഷൻ 3-ൽ പറയുന്ന ജില്ലാ കൗൺസിൽ ഗവൺമെൻറിന് സൗകര്യമുള്ളപ്പോൾ ഏർപ്പെടുത്തിക്കൊള്ളട്ടെയെന്നാണ്. അപ്പോൾ അററ്വൺസ് എന്ന് എഴുതിയിട്ട് സെക്ഷൻ മൂന്ന് ഇഷ്ടം പോലെ നടപ്പിലാക്കിയാൽ മതിയെന്ന് പറഞ്ഞാൽ ഞങ്ങൾ മനസ്സിലാക്കിയതിന്റെ അർത്ഥം എന്താണ്? അതിനൊരു അർത്ഥം ഉണ്ടല്ലോ. ആ അർത്ഥം ഇല്ലാതെ പോകും. പല മാതിരിയുള്ള പ്രവർത്തികൾ ചെയ്തതിനുശേഷം മാത്രമേ ....

ശ്രീ. വക്കം പുരുഷോത്തമൻ: അത് ശരിയല്ല. ഏതെങ്കിലും പ്രവൃത്തികൾ ചെയ്യണമെങ്കിൽ ആക്ററ് നടപ്പിലാക്കിയാലേ സാധിക്കുകയുള്ളു. അതുകൊണ്ട് വിഭാവനം ചെയ്യുന്ന ബോഡിയോ മററ് എന്തായാലും ആദ്യം നിയമം നടപ്പിലാക്കിയിട്ടേ കോൺസ്ററിററ്യൂട്ട് ചെയ്ത് നടപ്പിലാക്കാൻ സാധിക്കുകയുള്ളു.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഈ ബില്ലിന് അസൻറ് കിട്ടിയാൽ ബിൽ നടപ്പിലാക്കാനുള്ള നടപടികൾ ആമുഖമായി എടുക്കാം. അററ്വൺസ് എന്നുള്ള പദം കൊച്ചിൻ യൂണിവേഴ്സിററി ആക്ററിൽ ഉണ്ടെന്ന് ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞു. ഉണ്ട്. എനിക്കറിയാം. വേറെ പല ആക്ററുകളിലും ഉണ്ട്. എന്നാൽ ഇതുപോലുള്ള ഒരു ആക്ററിൽ ഇല്ലെന്നാണ് പറയുന്നത്. ഡിസ്ട്രിക്ററ് കൗൺസിലിന്റെ എലക്ഷൻ നടത്തണം. പല കാര്യങ്ങളിലും ഡിഫറൻറ് ഡേററ് വച്ചിട്ടുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. ജേക്കബും ശ്രീ. ഫ്രാൻസിസുമെല്ലാം ഇതിന് ഡെഡ് ലൈൻ നിശ്ചയിച്ചിട്ടുണ്ട്. ഞാൻ നേരത്തെ ചെയ്ത പ്രസ്താവനക്ക് ചെറിയൊരു വിശദീകരണംകൂടി ഇവിടെ നൽകേണ്ടതായിട്ടുണ്ട്. രണ്ടു എലക്ഷനും ഒരുമിച്ച് നടത്തുന്നതിനെ കുറിച്ച് പറയാം. മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചതുപോലെ സെപ്ററംബർ മാസത്തിൽ പഞ്ചായത്ത് എലക്ഷൻ ഗവൺമെൻറ് നടത്തും. സെപ്ററംബറിനകം ഇതിന്റെ ഡീ ലിമിറേറഷൻ നടത്തിക്കഴിയുകയില്ലെങ്കിൽ ചിലപ്പോൾ നടത്താൻ സാധിക്കുകയില്ല. ദേവസ്സിക്കുട്ടിയുടെ ഭേദഗതി അപ്രായോഗികമാണ്. ഭേദഗതി സ്വീകരിക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഭേദഗതി ഇല്ലാതെ തന്നെ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലന്റെ ഭരണഭാഷ മലയാളത്തിലായിരിക്കണമെന്നുള്ള തത്വത്തോട് ഞാൻ യോജിക്കുന്നു. പല മേഖലകളിലും അതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും പല ഫയലുകളും മലയാളത്തിൽ തന്നെയാണ് എഴുതുന്നത്. മലയാളത്തിൽ അയക്കുന്ന കത്തുകൾക്കു മലയാളത്തിൽ തന്നെ മറുപടി കൊടുക്കുന്നുണ്ട്. ക്യാബിനററ് ഫയലുകൾ തന്നെ പലതും മലയാളത്തിൽ എഴുതുന്നുണ്ട്. സർ, ശ്രീ. ഗോപാലൻ ഡിസ്ട്രിക്ററ് ബോർഡിൽ വളരെ പ്രഗൽഭനായ ഒരു മെമ്പറായിരുന്നുവെന്നുള്ള വിവരം എനിക്കറിയാം. ഞാൻ അന്ന് വെറുമൊരു പത്രപ്രവർത്തകൻ മാത്രമായിരുന്നു. അന്ന

LIBRARY ARCHIVES Kerala Legislative Assembly

മലയാളത്തിലാണ് ഡിസ്ട്രിക്റ്റ് ബോർഡിൽ പ്രൊസീഡിംഗ്സ് എല്ലാം നടത്തിക്കൊണ്ടിരുന്നത്. ആ കാര്യത്തിൽ ആശങ്ക വേണ്ട. എന്ത് ഉറപ്പ് പറയണമെങ്കിലും തരാൻ തയ്യാറാണ്.

The amendment moved by Shri E·P·Gopalan was, by leave, withdrawn.

The amendment moved by Shri N·I·Devassikutty was put and lost.

The amendment moved by Shri P·R· Francis was, by leave, withdrawn.

The amendment moved by Shri T·M·Jacob was, by leave, withdrawn.

The question that clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Education **Shri C. H. Mohammed Koya**: Sir, I move that the Bill may be finally passed.

Minister for Public Health **Shri K. P. Prabhakaran**: Sir, I second it.

<u>ശ്രീ. കെ. കരുണാകരൻ</u>: സർ, വളരെക്കാലത്തെ പ്രതീക്ഷകൾക്കു ശേഷം നാമമാത്രമായിട്ടെങ്കിലും ഈ ബിൽ പാസ്സാക്കാൻ സാധിച്ചതിൽ ഈ സഭയ്ക്കും ഗവൺമെൻറിനും തീർച്ചയായും അഭിമാനിക്കാൻ കഴിയും. സർ, ബില്ലിൻെറ പഴയ ചരിത്രത്തിലേക്ക് കടന്നു നോക്കുമ്പോൾ ഈ ബില്ലുമായി മുമ്പോട്ട് പോയ ഗവൺമെൻറുകൾക്കും ആളുകൾക്കും പലപ്പോഴും അവരുടെ ആത്മാവ് തന്നെ നഷ്ടപ്പെട്ടിട്ടുണ്ട്. നമുക്കെല്ലാം ഈ ബില്ലിൻെറ പുരോഗതിയെക്കുറിച്ച് ആശങ്ക ഉണ്ടായിരുന്നു; ഉൽക്കണ്ഠ ഉണ്ടായിരുന്നു. ഏതായാലും ഭാഗ്യവശാൽ ഇന്ന് ഈ ബിൽ പാസ്സാക്കാനുള്ള നല്ലൊരു മാർഗ്ഗം ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും കണ്ടുപിടിച്ചതിൽ അവരെ അഭിനന്ദിക്കുകയാണ്. ഈ ബിൽ പാസ്സാക്കുമ്പോൾ ആത്മാവോടു കൂടിയാണോ പാസ്സാക്കാൻ സാധിക്കുന്നത്, അതോ ആത്മാവ് നഷ്ടപ്പെടുത്തിക്കൊണ്ടാണോ? ജില്ലാ ഭരണത്തിൻെറ ആത്മാവ് മനഃപൂർവ്വമായി നഷ്ടപ്പെടുത്തിക്കൊണ്ടാണ് നമ്മൾ ഇത് പാസ്സാക്കിയിരിക്കുന്നത്. എന്നാൽ ഈ ബിൽ പാസ്സാക്കിയതിൽ സന്തോഷമുണ്ട്. ഈ ബിൽ നടപ്പിലാക്കാതിരിക്കുമെന്ന കാര്യത്തിൽ ആശങ്ക വേണ്ട. നടപ്പിലാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ആ കാര്യത്തിൽ സംശയിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ ബില്ലിനെക്കുറിച്ചുള്ള എൻെറ ധാരണ സർക്കാരിൻെറ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥൻെറ ഭരണമെന്നുള്ള നിലയിലേക്ക് അത് നഷ്ടപ്പെടുമെന്നുള്ളതാണ്. ഒന്നാമതായി പ്രസിഡൻറിനേയും മററ് ഭാരവാഹികളേയും അധികാരം ദുരുപയോഗപ്പെടുത്തിയെന്നുള്ള കാരണം പറഞ്ഞുകൊണ്ട് പിരിച്ചു വിടാൻ കഴിയും. ഒരു പക്ഷേ ഒരു ജില്ലയെ സംബന്ധിച്ചിടത്തോളം വലിയൊരു പ്രശ്നമാണ് ഇത്. ഗവൺമെൻറ് സ്വീകരിച്ച നിലപാടിൽ നിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിച്ചു കഴിഞ്ഞാൽ അധികാരം ദുരുപയോഗപ്പെടുത്തിയെന്ന് ആക്ഷേപിക്കും. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധത്തിൽ തന്നെ കേന്ദ്രം സ്വീകരിക്കുന്ന പല നിലപാടുകളോടും നാം സഹകരിക്കേണ്ടതായി വരും. എന്നാൽ സ്റേററുകളെ സംബന്ധിച്ചിടത്തോളം സ്റേററുകളുടെ താൽപ്പര്യത്തിന് മുൻഗണനയുണ്ട് എന്നതുപോലെതന്നെ ജില്ലകളെ സംബന്ധിച്ചിടത്തോളം ജില്ലകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ പ്രാദേശികമായ പ്രശ്നം വരുമ്പോൾ അവരുടെ വികാരങ്ങളും താൽപ്പര്യങ്ങളും ഉണ്ടാകും. അതനുസരിച്ച് അവർ പ്രവർത്തിച്ചാൽ പ്രസിഡൻറിൻേറയും മററ് ഭാരവാഹികളുടേയും പേരിൽ നടപടികൾ നടത്തി അവരെ പുറത്താക്കും. അങ്ങനെ പുറത്താക്കിക്കഴിഞ്ഞാൽ ഈ ജില്ലയുടെ വികാരങ്ങൾ പ്രതിഫലിപ്പിക്കുന്നതിന് ജനപ്രതിനിധികൾക്കു അവസരം നഷ്ടപ്പെടുന്നു. ഗവൺമെൻറിൻെറ നിലപാട് തെററാണ്, ഞങ്ങളുടെ നിലപാട് ശരിയാണെന്ന് വ്യക്തമാക്കുന്നതിന് വീണ്ടും ആ പ്രസിഡൻറിനെ തെരഞ്ഞെടുക്കാനുള്ള ഒരു അവസരം കൊടുത്തിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. പലവട്ടം ആലോചിച്ചതിനുശേഷം മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളു. ഈ വകുപ്പ് വച്ചുകൊണ്ട് പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും മററും പിരിച്ചു വിടാം.

മറെറാന്ന് കൗൺസിലുകളുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അവർക്ക് ജീവനക്കാരുടെ മേൽ യാതൊരു നിയന്ത്രണവുമില്ല. അതിൻെറ ഫലമായി ഈ ഉദ്യോഗസ്ഥൻമാർ പ്രസിഡൻറിനെയോ കൗൺസിലിനെയോ അനുസരിച്ചില്ലെങ്കിൽ അല്ലെങ്കിൽ അവർ സംഘടിതമായി ശബ്ദമുയർത്തുന്ന അവസരത്തിൽ അവരുടെ മേൽ നടപടി എടുക്കാനുള്ള അധികാരം കൗൺസിലിനില്ല. ഈ ബിൽ പ്രകാരം കൊടുത്തിട്ടുള്ള അധികാരമനുസരിച്ച് ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിക്കാൻ മാത്രമേ സാധിക്കുകയുള്ളു. നടപടി നടത്താനുള്ള അധികാരം ഗവൺമെൻറിനാണ്. അങ്ങനെ വരുമ്പോൾ ആ ഉദ്യോഗസ്ഥനെ നിലനിർത്തിക്കൊണ്ടു തന്നെ ഉള്ള അന്വേഷണവും റിപ്പോർട്ടും ഒരു എൻക്വയറി ഓഫീസറുടെ നിലയിലേക്ക് പോകുന്നു.

സർ, അതുപോലെ ഡിസ്ട്രിക്ററ് കൗൺസിലുകളെ സംബന്ധിച്ചിടത്തോളം അവരുടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് ഉണ്ടാക്കാൻ സാധിക്കുകയില്ല. സർക്കാർ കൊടുക്കുന്ന ഗ്രാൻറ് കൊണ്ട് സർക്കാർ പറയുന്ന നിലയിൽ പ്രവർത്തിക്കുന്ന ഒരു ബോഡിയെന്നുള്ള നിലയിൽ വരുന്നു. സർക്കാരിൻെറ ഇഷ്ടമനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ പിരിച്ചു വിടാം. അതിനുള്ള അർഹതയുണ്ട്. ചുരുക്കിപ്പറഞ്ഞാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥ ഭരണമായി മാറുകയാണ്. അതുകൊണ്ട് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളത്, ഗവൺമെൻറ് ഈ കാര്യത്തിൽ വളരെ ശ്രദ്ധിക്കണം എന്നാണ്. സർ, ഈ സംസ്ഥാനത്തെ ഭരണകൂടത്തിൽ പങ്കാളികളാകാത്ത ആരും തന്നെയില്ല. ജനസംഘം ഒഴിച്ച് മറെറല്ലാവരും കേരളത്തിലെ ഭരണത്തിൽ പങ്കാളികളായിട്ടുള്ളവരാണ്. ജനാധിപത്യം നിലവിലുള്ള എല്ലാ രാജ്യത്തും മാററങ്ങൾ ഉണ്ടാകും.

സർ, ജില്ലാ ഭരണ സമിതിയെക്കുറിച്ചു പറയുമ്പോൾ ഈ വീഴ്ച പരമപ്രധാനമായ ഒരു വീഴ്ചയാണ്. ഇതിലെ വകുപ്പുകൾ ഓരോന്നോരോന്നായി എടുത്തു നോക്കുമ്പോൾ പിന്നേയും അവിടെ ചില സ്വാധീനം പ്രകടമാകുന്നില്ലേയെന്നു സംശയിക്കുകയാണ്. കോൺഗ്രസ്സിലെ രണ്ടു മന്ത്രിമാരുടെ വകുപ്പുകളെയാണ് കാര്യമായി ബാധിക്കുന്നത്. അതായത് കൃഷി വകുപ്പിനേയും ഹരിജന ക്ഷേമവകുപ്പിനേയും. ജില്ലാ ഭരണം വരുമ്പോൾ പ്രധാനപ്പെട്ട പങ്ക് വഹിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്ന വകുപ്പാണ് സഹകരണവകുപ്പ്. അവർക്ക് കൊടുത്തിട്ടുള്ളത് എന്താണ്? കടം പിരിക്കുക, പണം സംഭരിക്കുക തുടങ്ങിയുള്ള കാര്യങ്ങളിൽ യാതൊരു പങ്കും ജില്ലാ ഭരണ സമിതിക്ക് ഇല്ല. വളരെ വൈകിയാണെങ്കിലും ഞങ്ങളുടെ ജില്ലയ്ക്ക് ഒരു മന്ത്രിയെ കിട്ടി. അദ്ദേഹം വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ വിശാല മനഃസ്ഥിതി കാണിക്കണം.

സർ, റൂറൽ ഇലക്ട്രിഫിക്കേഷൻ തുടങ്ങിയുള്ള കാര്യങ്ങളുടെ വിതരണമെങ്കിലും ജില്ലാ ഭരണ സമിതികൾക്കു കൊടുക്കണം. ജില്ലാ വികസനത്തെ സംബന്ധിച്ച് ജില്ലാ സമിതികൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊന്നും തന്നെ വിട്ടുകൊടുക്കുവാൻ ഇന്നും കഴിഞ്ഞിട്ടില്ല. വിട്ടുകൊടുത്ത കാര്യത്തിൽ തന്നെ അങ്ങേയററത്തെ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. സർ, ഇതൊരു പരീക്ഷണഘട്ടമാണ്. ജനറൽ കൗൺസിൽ ഭരണ രംഗത്ത് വരുമ്പോൾ ഗവൺമെൻറ് കുറച്ചുകൂടി വിശാലമായി ഈ പ്രശ്നത്തെ സംബന്ധിച്ച് കാണണം. ഈ കാര്യത്തിൽ ഒട്ടും വൈകരുത്. ഇത് ഉടനെ നടപ്പിലാക്കുവാൻ വേണ്ട നടപടിയുമായി ഗവൺമെൻറ് മുമ്പോട്ടു പോകണം. ജനങ്ങളുടെ പ്രതീക്ഷ നടപ്പിലാകത്തക്ക വിധത്തിലായിരിക്കണം ഇതിൻെറ പ്രവർത്തനം. യാതൊരു കാരണവശാലും ഉള്ള അധികാരങ്ങൾ ദുരുപയോഗപ്പെടുത്തുവാൻ ഇടവരരുത്. ശരിയായ നിലയിൽ കൈകാര്യം ചെയ്യണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എൻെറ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, പതിനെട്ട് വർഷക്കാലം കൊണ്ട് ഈ സഭ പല പ്രാവശ്യം ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്ത ഒരു കാര്യം ഇന്നോ ഒരാഴ്ചക്ക് ഉള്ളിലോ നിയമമാകാൻ പോവുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരംകൂടി കിട്ടിക്കഴിഞ്ഞാൽ നിയമമാകുന്ന ഈ നിയമം നടപ്പിലാകുന്നത് എന്നാണെന്നുള്ളതിനെ സംബന്ധിച്ച് ഇനിയും അത്ര വലിയ രൂപം ഇല്ലെന്നുള്ള നിലയിലാണ് അവസാനത്തെ ഭേദഗതി അവതരിപ്പിച്ചത് തള്ളിക്കളഞ്ഞുകൊണ്ട് സഭ അതിനെക്കുറിച്ചുള്ള ചർച്ച അവസാനിപ്പിച്ചത്. സെപ്ററംബർ മാസത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പോടുകൂടി ഇതും നടക്കുമെന്നാണ് വിശ്വാസം. ഇൻഡ്യയിലെ മററു പല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് പല കാര്യങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന ഈ സംസ്ഥാനം ഈ കാര്യത്തിൽ വളരെ പിന്നണിയിലാണ് നിൽക്കുന്നത്. അധികാര വികേന്ദ്രീകരണത്തിനുവേണ്ടി കാര്യമായ ഒന്നും തന്നെ ചെയ്യുന്നില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചു ചില മന്ത്രിമാരുടെ വകുപ്പുകൾ പൂർണ്ണമായി നഷ്ടപ്പെട്ടുവെന്നുള്ളതൊഴിച്ചാൽ മററു കരുത്തൻമാരെന്നറിയപ്പെടുന്ന പല മന്ത്രിമാരുടേയും വകുപ്പുകളെ കൈവയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. മററു പല സംസ്ഥാനങ്ങളിലും പത്തിരുപത് വർഷങ്ങൾക്കു മുമ്പ് നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണത്തിൻെറ ഒരംശം പോലും നടപ്പിലാക്കുവാൻ ഈ നിയമത്തിന് കഴിയുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ ഭരിക്കുന്ന മന്ത്രിമാരെ നോക്കിയിട്ടല്ലല്ലോ ജില്ലാ ഭരണ ബിൽ പാസ്സാക്കിയത്. ചിലരുടെ വകുപ്പുകൾ മാററി; പിന്നെ കരുത്തൻമാരായ മന്ത്രിമാരുടെ വകുപ്പുകൾ മാററിയില്ലായെന്നൊക്കെ പറയുന്നത് അർത്ഥശൂന്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ആർ. ബാലകൃഷ്ണപിള്ള: ശ്രീ. ജേക്കബിന് വ്യാഖ്യാനിക്കേണ്ട രീതിയിൽ വ്യാഖ്യാനിച്ചു കൊള്ളാം. അതിനുവേണ്ടിയുള്ള വിലയിരുത്തൽ നടത്താം. അതിനുള്ള അവകാശം ഉണ്ട്. ഏതായാലും ഈ നിയമം നടപ്പിലാക്കി കാണുകയെന്നുള്ളതാണ് നമ്മുടെ ആവശ്യം. ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണറെ വയ്ക്കുന്നതിനെ മന്ത്രി അനുകൂലിച്ചില്ല. അതിനു പകരം ഡയറക്ടർ ഓഫ് ഇലക്ഷൻസിനെയാണ് വച്ചിരിക്കുന്നത്. അതിന്റെ മുകളിൽ അപ്പീൽ കൊടുക്കുവാൻ അധികാരമില്ലെങ്കിലും ഭരണ ഘടനയിലുള്ള മൗലികാവകാശപ്രകാരം ആർക്കും ഹൈക്കോടതിയെ സമീപിക്കാം എന്നുള്ളതുകൊണ്ട് അപ്പീൽ ലഭിച്ചുവെന്നിരിക്കും. ഗവൺമെന്റ് നിർദ്ദേശം നൽകിയാൽ വളരെ എളുപ്പം ഡീലിമിറ്റേഷൻ നടത്താം. അങ്ങനെ വേഗം ഡീലിമിറ്റേഷൻ നടത്താൻ കഴിഞ്ഞാൽ സെപ്റ്റംബർ 30-ന് മുമ്പ് തന്നെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തുവാൻ കഴിയും. അതിനു വേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായി പരിശ്രമിക്കണം.

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അന്ധവിശ്വാസത്തെ കുറിച്ചു പറഞ്ഞു. അതിനോട് ഞാൻ വിശ്വസിക്കുന്നില്ല. ആ ധാരണയുടെ പേരിൽ ഈ ബിൽ പാസ്സാക്കുന്ന ആൾക്ക് എന്തെങ്കിലും അപകടം വരുമെന്ന അഭിപ്രായം എനിക്കില്ല. ഇൻഡ്യയിലെ മററല്ലാ സംസ്ഥാനങ്ങളിലും ഈ നിയമം പാസ്സാക്കിയിട്ട് ആർക്കെങ്കിലും അപകടം ഉണ്ടായതായി കേട്ടിട്ടുമില്ല. ഈ സമ്മേളനം തീരുന്നതിനുമുമ്പുതന്നെ ഇതിന്റെ പ്രാരംഭ നടപടികൾക്കുവേണ്ടി ശ്രമിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അന്ധവിശ്വാസമില്ലായെന്നു ബോദ്ധ്യപ്പെടുത്തുവാനെങ്കിലും അദ്ദേഹത്തിന് കഴിയട്ടേയെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. അതുകൊണ്ട് യാതൊരപകടവും ഉണ്ടാകാൻ പോകുന്നില്ല. ഏതായാലും ഈ നിയമത്തിൽ കുറച്ചുകൂടി മാററങ്ങൾ ഭാവിയിൽ വരുത്തേണ്ടതായി വരും. കുറച്ചുകൂടി ഭേദഗതികളും അധികാരങ്ങളും ഈ നിയമത്തിൽ വരുത്തേണ്ടതായിവരും. നികുതി പിരിവിനുള്ള അവകാശം കൊടുക്കാത്ത ഒരു ബോഡിക്കും ഈ രാജ്യത്ത് കാര്യമായി പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലെന്നുള്ള അടിസ്ഥാന തത്വം നമ്മൾ വിട്ടു കളഞ്ഞിരിക്കുകയാണ്. നികുതി പിരിക്കുവാനും അത് ചെലവാക്കുവാനും പററാത്ത ഒരു ബോഡിക്കും അതുപോലെ തന്നെ ഗ്രാൻറ് വാങ്ങി നടത്തുന്ന ഒരു ബോഡിക്കും ഈ രാജ്യത്ത് ജനങ്ങൾക്കുവേണ്ടി കാര്യമായി പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. വായനശാലകൾക്കു ഗ്രാൻറു കിട്ടുന്നതുപോലെ ജില്ലാ കൗൺസിലുകൾക്കും ഗ്രാൻറ് കിട്ടും. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കൗൺസിൽ നമ്മുടെ രാജ്യത്ത് ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്തും എന്നുള്ള സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം കൈകാര്യം ചെയ്തിരിക്കുന്നത്. അത് ഒരിക്കലും ശരിയാകുമെന്ന് തോന്നുന്നില്ല. ജില്ലാ കൗൺസിലിന്റെ പരിപാടികളെല്ലാം പ്ലാനിംഗ് ഓഫീസർമാർ നടപ്പിലാക്കിക്കൊള്ളും. അതുകൊണ്ട് അതിന് പ്രത്യേക സംവിധാനം ആവശ്യമില്ലായെന്നുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുകയാണെങ്കിൽ ഇത് ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ ഏർപ്പാടായി നിലനിൽക്കുകയല്ലാതെ ജില്ലാ കൗൺസിലുകൾക്ക് കാര്യമായി പ്രവർത്തിക്കുവാനുള്ള അവകാശം കിട്ടുകയില്ല. ജില്ലയിലെ മൊത്തം ആവശ്യങ്ങൾ മനസ്സിലാക്കി അതനുസരിച്ചുള്ള പ്ലാനിംഗ് സൃഷ്ടിക്കുകയും അതനുസരിച്ച് നികുതി ഈടാക്കുകയും ധനം വിനിയോഗം ചെയ്യുകയും ചെയ്യാനുള്ള ഒരു അവസ്ഥയിലേക്ക് ജില്ലാ കൗൺസിലുകളെ കൊണ്ടുവരാൻ നമുക്ക് എത്രമാത്രം കഴിയുമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം നടപ്പിലാക്കുവാൻ. എങ്കിൽ മാത്രമേ ഇതുകൊണ്ട് ജനങ്ങൾക്ക് പ്രയോജനം കിട്ടുകയുള്ളു. ജില്ലാ കൗൺസിൽ രൂപീകരിക്കുന്നതോടുകൂടി അവരുടെ ധനാഗമ മാർഗ്ഗങ്ങളെ സംബന്ധിച്ചും സ്വതന്ത്രമായ വിനിയോഗത്തെ സംബന്ധിച്ചും കാര്യമായി ചിന്തിക്കുന്ന നിലപാട് സ്വീകരിക്കണം എന്ന് ഒരിക്കൽ കൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാരോട് എനിക്കൊരഭ്യർത്ഥനയുണ്ട്. സഭയുടെ എല്ലാ ഭാഗത്തുനിന്നും ഇതിനെക്കുറിച്ച് ധാരാളം സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇനി എല്ലാവരും സന്തോഷത്തോടുകൂടി സഹകരിക്കുകയാണെങ്കിൽ ഒന്നരമണിക്ക് തന്നെ പൂർത്തിയാക്കാം. എങ്കിൽപ്പിന്നെ ഉച്ചയ്ക്കുശേഷം ഇരിക്കേണ്ട ആവശ്യം ഉണ്ടാവുകയില്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ജില്ലാ ഭരണ ബിൽ അവസാനമായി പാസ്സാക്കുന്ന സന്ദർഭത്തിൽ മുനിസിപ്പൽ കൗൺസിലിന്റെ കാര്യം പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്

1 P. M.] എന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ജില്ലാ കൗൺസിലിന്റെ പ്രസിഡൻറിനും കൗൺസിലിനും കുറേ അധികാരങ്ങൾ ഉണ്ട്. പഞ്ചായത്ത് പ്രസിഡൻറുമാർക്കും കുറേ അധികാരങ്ങൾ ഉണ്ട്. ഇവർ എക്സിക്യൂട്ടീവ് അധികാരികളാണ്. എന്നാൽ മുനിസിപ്പൽ ചെയർമാന്റെ അധികാരത്തെപ്പററിയോ മുനിസിപ്പാലിററിയെ പററിയോ ഒരു വാചകം പറഞ്ഞിട്ടില്ല. മുനിസിപ്പൽ കൗൺസിലിന് എന്തെങ്കിലും കൂടുതൽ അധികാരം കൊടുക്കുന്ന യാതൊരു ഭേദഗതിയും കാണുന്നില്ല. പഞ്ചായത്തു പ്രസിഡൻറിന് ആയിരം രൂപവരെ ചെലവാക്കാൻ അവകാശം കൊടുത്തിരിക്കുന്നു. മുനിസിപ്പൽ ചെയർമാന് ഒരു നയാപൈസപോലും ചെലവാക്കാൻ അധികാരം കിട്ടുന്നില്ല. ഒരു മുനിസിപ്പാലിററിയുടെ അതിർത്തിയിൽ വീട് ഇടിഞ്ഞു പോകുകയാണെങ്കിൽ 25 രൂപ ഗ്രാൻറ് കൊടുക്കാൻപോലും മുനിസിപ്പൽ ചെയർമാന് ഇന്നത്തെ വകുപ്പനുസരിച്ച് അധികാരം ഇല്ല. മുനിസിപ്പൽ ആക്ററിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാവശ്യമല്ലേയെന്ന് ചിന്തിക്കണം. ജില്ലാ കൗൺസിലിനും പഞ്ചായത്തുകൾക്കും കൂടുതൽ അധികാരങ്ങൾ കൊടുത്തിരിക്കുന്ന ഈ സന്ദർഭത്തിൽ മുനിസിപ്പൽ കൗൺസിലിന്റെ കാര്യംകൂടി പരിഗണിക്കണം. അതോടൊപ്പം മുനിസിപ്പൽ ആക്ററിനാവശ്യമായ ഭേദഗതികൂടി വരുത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: സർ, വർഷങ്ങളായുള്ള കാത്തിരിപ്പിനു ശേഷമാണെങ്കിലും ഇന്ന് ഈ നിയമം പാസ്സാക്കുന്ന ഒരു ഘട്ടത്തിലേക്ക് എത്തിയിരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇതിന്റെ പൊതു ചർച്ചാവേളയിലും വകുപ്പ് വകുപ്പായുള്ള ചർച്ചകൾ നടന്നപ്പോഴും ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നും നിയമത്തിലുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചു. പ്രധാനപ്പെട്ട പോരായ്മകളിൽ ചിലതെങ്കിലും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിരുന്നെങ്കിൽ തീർച്ചയായിട്ടും നമ്മുടെ ഭരണ സംവിധാനത്തിൽ വരുന്ന വികേന്ദ്രീകരണം അർത്ഥവത്താകുമായിരുന്നു. അത് അദ്ദേഹം സ്വീകരിച്ചില്ലെന്നുള്ളതിൽ നിരാശയുണ്ട്. ഈ നിയമം പാസ്സാകുന്നതു മൂലം നമ്മുടെ സംസ്ഥാനത്ത് എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിലും അധികാരം യഥാർത്ഥത്തിൽ വികേന്ദ്രീകരിക്കപ്പെടണമെങ്കിൽ ഈ ബില്ലിൽ വിഭാവന ചെയ്തതിനേക്കാൾ കൂടുതൽ അധികാരം കീഴോട്ട് കൊടുക്കേണ്ടിയിരിക്കുന്നു. പ്രതിപക്ഷ നേതാവും ബാലകൃഷ്ണപിള്ളയുമെല്ലാം ചൂണ്ടിക്കാണിച്ചതുപോലെ ജില്ലാഭരണം നടത്തുന്നതിനാവശ്യമായ ധനാഗമ മാർഗ്ഗങ്ങളിലേക്ക് വളരെ വ്യക്തമായ നിബന്ധനകൾ ഇന്നും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല: ധനകാര്യകമ്മീഷനെ നിയമിക്കുന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അത് സംസ്ഥാന ഗവൺമെൻറിൻെറ കീഴിൽ നിയമിക്കുന്ന കമ്മീഷൻെറ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചല്ലാതെ കൃത്യമായിട്ട് അവകാശപ്പെട്ട നിലയിൽ ഇത്ര സംഖ്യ ഒരു ജില്ലയുടെ വികസനപ്രവർത്തനത്തിനു വേണ്ടി ചെലവഴിക്കാമെന്നും റവന്യൂവിൻെറ ഇത്ര ഭാഗം ചെലവഴിക്കാമെന്നും വ്യക്തമായി ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതുപോലെ തന്നെ വകുപ്പു വകുപ്പായുള്ള ചർച്ചാവേളയിൽ ഞങ്ങളുടെ ഭാഗത്തുനിന്ന് ചൂണ്ടിക്കാണിച്ച പല നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാവുന്നതായിരുന്നു. എന്തു കാരണംകൊണ്ടാണ് സ്വീകരിക്കാത്തതെന്നുപോലും ഈ സഭയെ ബോദ്ധ്യപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ലെന്നുള്ളത് നിർഭാഗ്യകരമാണ്. സ്ത്രീകളെ നോമിനേററ് ചെയ്യാനുള്ള പരിമിതമായ അവകാശം മാത്രമാണ് ജില്ലാ കൗൺസിലിന് നൽകിയിട്ടുള്ളത്. പല പ്രധാനപ്പെട്ട പോരായ്മകളുമുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ആ തരത്തിലുള്ള കുറേയേറെ പോരായ്മകൾ ഈ ബില്ലിലുണ്ട്. സംസ്ഥാനത്തെ ബഹുജനങ്ങൾ ആഗ്രഹിച്ചതു പോലെയുള്ള ഒരു ബില്ലല്ല, വളരെയേറെ പോരായ്മകളുള്ള ബില്ലാണ്. എങ്കിൽപ്പോലും ഈ ബില്ല് ഈ സഭയ്ക്ക് പാസ്സാക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്. എന്തെല്ലാം പോരായ്മകളുള്ളതാണെങ്കിലും ശരി ഈ ബില്ല് പാസ്സാക്കിക്കഴിഞ്ഞാൽ നടപ്പാക്കുന്ന കാര്യത്തിൽ ഈ സഭയ്ക്ക് വ്യക്തമായ ഉറപ്പ് വേണം. പണ്ട് പല നിയമങ്ങളും പാസ്സാക്കിയിട്ട് നടപ്പാക്കാതിരുന്നു. അതുപോലെ ആകാതിരിക്കാൻ ശ്രമിക്കണം. പഞ്ചായത്ത് തിരഞ്ഞെടുപ്പ് സെപ്ററംബർ മാസത്തിൽ നടത്തുമെന്ന് പറയുന്നു. പഞ്ചായത്ത് തിരഞ്ഞെടുപ്പിനോട് ബന്ധപ്പെട്ട് തന്നെ ജില്ലാ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പും നടത്താമെന്ന ഉറപ്പ് ഈ സഭയ്ക്ക് നൽകാനുള്ള ഔചിത്യം സാമാന്യ മര്യാദ കാണിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ പോരായ്മകൾ അത് നടപ്പാക്കുന്ന ഘട്ടത്തിൽ ഈ സഭയ്ക്ക് പരിശോധിക്കാനും തിരുത്താനും കഴിയുമെന്നുള്ള പ്രതീക്ഷയോടുകൂടി പാസ്സാക്കുന്ന നിയമം എത്രയും വേഗം നടപ്പാക്കുമെന്നുള്ള ഉറപ്പ് ബഹുമാനപ്പെട്ട മന്ത്രി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി</u>: സർ, ഈ ബിൽ ഇരുപത് സംവൽസരത്തിലധികം കാലത്തെ പ്രയാണത്തിനുശേഷം ഇന്ന് നിയമം ആകാൻ പോകുന്നു. ഇത് അപൂർണ്ണമായ രീതിയിലാണ് പാസ്സാകുന്നതെങ്കിലും ഇരുപതു സംവൽസരക്കാലം പല പ്രതിബന്ധങ്ങളേയും ഇതിന് നേരിടേണ്ടി വന്നിട്ടുണ്ട്. ഇങ്ങനെയുള്ള പല പ്രതിബന്ധങ്ങളേയും നേരിട്ടുകൊണ്ട് പാസ്സാക്കുമ്പോൾ ഈ നിയമസഭയിൽ തന്നെ ബഹുഭൂരിപക്ഷം അംഗങ്ങളും സന്തോഷിക്കുന്നുണ്ട്. ആരെങ്കിലും രഹസ്യമായി ദുഃഖിച്ചാലും കേരളത്തിലെ ജനങ്ങൾ മുഴുവൻ ഹൃദയംഗമമായി ഈ ബില്ല് നിയമമാകുന്നതിൽ ആഹ്ലാദിക്കുന്നുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ ആസൂത്രകൻ എന്ന് ഞാൻ വിശേഷിപ്പിക്കുന്ന ദിവംഗതനായ അഹമ്മദുകുട്ടി കുരിക്കറം നമ്മോടുകൂടി ഇല്ലെങ്കിലും അദ്ദേഹവും ഇന്ന് സ്വർഗ്ഗത്തിലിരുന്ന് അഭിനന്ദനത്തിന്റെ പൂക്കറം വർഷിക്കുന്നുണ്ടെന്ന് ഞാൻ ആശിക്കുകയാണ്. ഈ ബില്ല് അവതരിപ്പിച്ച ശ്രീ. മുഹമ്മദു കോയയേയും ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹത്തിനാണ് ഈ ബില്ല് ഇവിടെ പൈലററ് ചെയ്ത് പാസ്സാക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചത്. അദ്ദേഹത്തിനും ഞാൻ പൂച്ചെണ്ടുകറം നൽകുന്നു.

ഈ ബിൽ നടപ്പാക്കുമ്പോറം ആലോചിക്കേണ്ട രണ്ടു മൂന്നു കാര്യങ്ങറം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഒന്ന്, ഞാൻ പൊതു ചർച്ചയിൽ പറഞ്ഞതുപോലെ ഓരോ താലൂക്ക് സമിതികറം ഏർപ്പെടുത്തുന്നുണ്ട്. താലൂക്ക് സമിതികളുടെ ഭരണം, വികസനപരമായ പ്രവർത്തനങ്ങളെല്ലാം ശരിയാക്കുന്നതിന് മുമ്പു പരിഗണിച്ചിട്ടുള്ളതും ഇപ്പോറം പരിഗണിക്കുന്നു എന്നു പറയുന്നതുമായ ബ്ലോക്കുകളും താലൂക്കുകളും സംയോജിപ്പിച്ചുകൊണ്ട് അത്തരത്തിൽ ഒരു ഭരണ സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് ഗവൺമെന്റിന് ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. ഭരണപരമായ കൽപ്പനകൊണ്ട് നടത്താം. അതുകൊണ്ട് താലൂക്കു സമിതികളെ ശക്തിപ്പെടുത്തുന്നതിന് അങ്ങനെയുള്ള ഒരു പരിപാടി നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. മറെറാരു കാര്യം, പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ റിസർവ്വേഷന്റെ കാര്യമാണ്. ഇവിടെ എല്ലാവരും പറഞ്ഞു, റിസർവ്വേഷന് വാർഡ് നിശ്ചയിക്കുമ്പോറം പട്ടികജാതി പട്ടികവർഗ്ഗക്കാർ ഭൂരിപക്ഷമുള്ള വാർഡ് നിശ്ചയിക്കണമെന്ന്. തീർച്ചയായും ഗവൺമെൻറ് അതു സ്വീകരിക്കേണ്ടതായിരുന്നു. ഈ ആക്ററിൽ അതു സ്വീകരിച്ചില്ലെങ്കിലും റൂറം ഉണ്ടാക്കുമ്പോറം തീർച്ചയായും അങ്ങനെയൊരു ഭേദഗതി സ്വീകരിക്കാവുന്നതാണ്. അതുപോലെ തന്നെ താലൂക്കു സമിതിയുടെ കീഴിൽ വില്ലേജും പഞ്ചായത്തും എന്ന ദ്വിഭരണ സമ്പ്രദായമുണ്ടെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. പഞ്ചായത്തും വില്ലേജും എന്ന വ്യത്യാസം മാററി വില്ലേജും പഞ്ചായത്തും ഒന്നിച്ചുള്ള യൂണിററാക്കുന്നതിന് ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല, ഒരു നോട്ടിഫിക്കേഷൻ വഴി, ആർഡർ വഴി ചെയ്യാവുന്നതാണ്. അതുപോലെ തന്നെ ധനാഗമമാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം ഫൈനാൻസ് കമ്മീഷന്റെ തീരുമാനത്തിന് കാത്തു നിൽക്കാതെ ഗവൺമെൻറിന് തീർച്ചയായും വരുമാന മാർഗ്ഗങ്ങറം കണക്കാക്കിക്കൊണ്ട് ജില്ലാ കൗൺസിലുകളുടെ പ്രവർത്തനത്തിന് കൊടുക്കാം. അവസാനമായി പലരും ഇവിടെ ലക്ഷണക്കേടിന്റെ കാര്യം പ്രതിപാദിച്ചു. മാർജ്ജാരൻ വന്നത് ലക്ഷണപ്പിശകാണെന്ന് പറഞ്ഞു. ശ്രീ. നാരായണൻ നായർ ഇതിനെക്കുറിച്ച് എന്നോടു പറഞ്ഞത് ഏകവിപ്രൻ ലക്ഷണക്കേട്. ആണെന്നാണ്. ഏതായാലും എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, ബഹുമാനപ്പെട്ട സ്പീക്കർ ഈ ബിൽ ഒന്നര മണിക്കു മുമ്പു പാസ്സാക്കണമെന്ന് നിർബന്ധം പിടിക്കരുതെന്നാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ലക്ഷണക്കേടിനെക്കുറിച്ച് പറയുമ്പോറം ശ്രീ. അച്യുതമേനോന്റെ പ്രസ്താവന, അദ്ദേഹം പറയാത്തതിനെക്കുറിച്ച് പത്രത്തിൽ വന്നത് നിഷേധിച്ചിട്ടും അദ്ദേഹം അതു പറഞ്ഞു എന്ന് പറഞ്ഞ് ഇവിടെ പറയുന്നതു തന്നെ ഒരു ലക്ഷണക്കേടല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അതിനെക്കുറിച്ച് പല പ്രാവശ്യവും മറുപടി പറഞ്ഞതാണ്. ഏതായാലും ഈ അവസാന ഘട്ടത്തിൽ എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോട് പറയാനുള്ളത്, ഒന്നരമണി കഴിഞ്ഞിട്ട് ഈ ബിൽ പാസ്സാക്കണമെന്നാണ്. 12 മണി തൊട്ട് ഒന്നരമണിവരെ രാഹു കാലമാണ്. മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ രാഹുകാലം നോക്കാതെ സത്യപ്രതിജ്ഞ ചെയ്യുമോ? അതു കൊണ്ട് ഈ മഹത്തായ ബില്ലിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒന്നര മണിവരെ രാഹുകാലമായതുകൊണ്ട് രാഹുകാലംകഴിഞ്ഞിട്ട് ഒന്നര മണിക്കുശേഷം ഇതു പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ സന്ദർഭത്തിൽ മൂന്നാം വായനയിലേക്കു കടന്നിട്ടുള്ള ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ ചില കാര്യങ്ങൾ ഓർത്തു പോകുകയാണ്. 1968-ൽ ഈ സഭയിൽ ഈ ബില്ലിന്റെ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബില്ലുമായി മുന്നോട്ടു വന്ന ഞങ്ങളുടെ അഭിവന്ദ്യനേതാവും ദിവംഗതനുമായ ജനാബ് അഹമ്മദ്കുരിക്കൾ സാഹിബിനെ ഞാൻ ഈ അവസരത്തിൽ ഓർത്തു പോകുകയാണ്. അദ്ദേഹം ഈ ബില്ലിന് നൽകിയ മഹത്തായ സംഭാവനകൾ ഈ സന്ദർഭത്തിൽ സ്മരിക്കുന്നത് തികച്ചും ഉചിതമായിരിക്കും. ശ്രീ. അഹമ്മദ്കുരിക്കളുടെ സന്തത സഹചാരിയും സുഹൃത്തും നേതാവുമായ ശ്രീ. സി. എച്ച്. മുഹമ്മദ്കോയക്കു തന്നെ ഈ ബിൽ പൈലററു ചെയ്യാനും ഈ സഭയിൽ കൊണ്ടുവന്ന് അതു അംഗീകരിപ്പിക്കാനും സാധിക്കുന്ന സാഹചര്യമുണ്ടായത് വളരെയേറെ സന്തോഷപ്രദമാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ജില്ലാ ഭരണത്തെ സംബന്ധിച്ചിടത്തോളം ഈ നിയമം വലിയൊരു കാൽവയ്പാണ്. ഇതഃപര്യന്തം നമ്മുടെ ജില്ലകളിൽ സർവ്വശക്തനായ ഒരു കളക്ടറാണ് ഉണ്ടായിരുന്നത്. അതിനു പകരം സർവ്വാധികാരമുള്ള കുറേ ജനപ്രതിനിധികൾ ആ ഉത്തരവാദിത്വം ഏറെറടുക്കുകയാണ്. ഇങ്ങനെയൊരു നിയമം ഉണ്ടാക്കുമ്പോൾ ആ നിയമത്തിൽ പല പോരായ്മകളും ഒരു പക്ഷേ കണ്ടേക്കാം. ഏതു നിയമമാണ് പോരായ്മയില്ലാത്തത്? എല്ലാ നിയമങ്ങളിലും പോരായ്മകളുണ്ട്. ഈ നിയമത്തിലും അത് കണ്ടേക്കാം. ആ പോരായ്മകൾ ഇനിയും ഈ സഭയിലിരുന്നു നമുക്ക് മാററാവുന്നതാണ്. ഈ നിയമം നടപ്പിൽ വരുത്തണമെന്ന ഗവൺമെൻറിന്റെ ഉൽക്കടമായ ആഗ്രഹത്തിന്റെ ഫലമായിട്ടാണ് മററു പല ബില്ലുകളും മാററിവച്ചുകൊണ്ട് ഈ ബില്ലിന് പ്രാമുഖ്യം കൊടുത്ത് സഭ പാസാക്കിയത്. അതു പാസാക്കുന്ന പ്രക്രിയക്ക് വേഗത കൂട്ടിയാൽ പോലും അതിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നത് 'ക്ഷീരമുള്ളൊരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്ന് കൗതുകം' എന്നു പറഞ്ഞതു പോലെയായിപ്പോയി എന്നു മാത്രം പറയുകയാണ്. ഏതായാലും ഈ നിയമത്തെ എല്ലാവരും സഹർഷം സ്വാഗതം ചെയ്തിരിക്കുന്നു. ഈ ബില്ലിൽ പല അധികാരങ്ങളും കൊടുത്തിട്ടില്ലെന്ന് ചില മെമ്പർമാർ പറഞ്ഞു. ചില അധികാരങ്ങൾ കൊടുത്തിട്ടില്ല എന്നുള്ളത് ശരിയായിരിക്കാം. പക്ഷേ പടിപടിയായി ജില്ലാ കൗൺസിലുകളെ ഭരമേൽപ്പിക്കുന്ന അധികാരമാണ് ഈ ബില്ലിൽ കൊടുത്തിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് ഇനിയും ചെയ്യും. അങ്ങനെ ജനോപകാരപ്രദമായ, ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണ് ഇത്. കാർഷിക പരിഷ്കരണത്തെ സംബന്ധിച്ച് ഭൂപരിഷ്കരണ നിയമമെന്ന ഏററവും വിപ്ലവകരമായ ഒരു നിയമം പാസാക്കിയത് ഈ നിയമസഭയാണ്. കാർഷിക ത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് സുപ്രധാനമായ നിയമം പാസാക്കിയത് ഈ നിയമസഭയാണ്. അതുപോലെതന്നെ ഈ രാജ്യത്ത് അധികാരവികേന്ദ്രീകരണത്തിലൂടെ ജില്ലാ ഭരണത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു കാൽവയ്പായി ഈ നിയമം പാസാക്കുന്ന ഈ സന്ദർഭത്തിൽ ഗവൺമെൻറിനെയും മന്ത്രിയെയും ഒന്നു കൂടി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ നിയമം ഇന്നു പാസാക്കാൻ പോകുകയാണ്. 1968 തൊട്ട് ഇന്നു ഇപ്പോൾ മൂന്നാം വായനയിലേക്ക് പ്രവേശിച്ചിട്ടുള്ള ഈ നിയമത്തിന്റെ ഇതുവരെയുള്ള പ്രവർത്തനത്തിൽ ആദ്യം ബഹുമാനപ്പെട്ട അഹമ്മദ് കുരിക്കളുമായും പിന്നെ ബഹുമാനപ്പെട്ട അവുക്കാദർകുട്ടിനഹയുമായും ഏററവും ഒടുവിലായി ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ്കോയയുമായും സെലക്ട് കമ്മിററിഘട്ടങ്ങളിലും മററു ചർച്ചകളിലുമൊക്കെ പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ച ഒരു നിയമസഭാ സാമാജികൻ എന്നുള്ള നിലയിൽ ഈ ബില്ലിനെ സംബന്ധിക്കുന്ന കാര്യങ്ങളിലുള്ള സമീപനത്തെപ്പററി ഒരു കാര്യം സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. രണ്ടു സമീപനം ഉണ്ടായിരുന്നു. ഒന്ന്, അധികാരവികേന്ദ്രീകരണം നടത്തുമ്പോൾ ജില്ലാ കൗൺസിലുകൾക്കും പഞ്ചായത്തുകൾക്കും എല്ലാ അധികാരങ്ങളും വാരിക്കോരി കൊടുക്കണമെന്ന ഒരു സമീപനം. മറെറാന്ന്, അധികാരങ്ങൾ അങ്ങനെ വിട്ടുകൊടുക്കുന്നത് വളരെ സൂക്ഷിച്ചു വേണം എന്ന സമീപനം. ഈ സമീപനം ആരംഭകാലം മുതൽ ഇന്നുവരെ ഉണ്ടായിരുന്നു എന്നുള്ളതാണ് വസ്തുത. സെലക്ററു കമ്മിററിയുടെ റിപ്പോർട്ട് ഈ സഭയിൽ ചർച്ച ചെയ്തപ്പോഴും ഈ സമീപനം നിഴലിച്ചു കാണാമായിരുന്നു. ക്ഷീരബല ആവർത്തിക്കുന്നതു പോലെയുള്ള ഒരു ആവർത്തനം ഈ നിയമത്തിന്റെ കാര്യത്തിൽ നടന്നിട്ടുണ്ട്. ഇനിയും അത് ആവർത്തിക്കേണ്ടിവരുമോ എന്നുള്ളത് കണ്ടറിയേണ്ട കാര്യമാണ്. ഈ നിയമം നടപ്പാക്കിക്കഴിഞ്ഞാൽ ധാരാളം കമ്മീഷനുകളും ഒമിഷനുകളും വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇൻഡ്യാ രാജ്യത്ത് മറേറതു സംസ്ഥാനത്തും നിലവിലുള്ളതിനേക്കാൾ മെച്ചപ്പെട്ട വ്യവസ്ഥകളോടുകൂടി അധികാര വികേന്ദ്രീകരണ തത്ത്വം അംഗീകരിച്ചിട്ടുള്ള ഒരു നിയമമാണ് ഇതെന്നുള്ളത് പരിശോധനയിൽ കാണാൻകഴിയും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുകൂടി ഇപ്പുറത്തു ഇരുന്നുഭരണം നടത്തിയിരുന്ന കാലത്ത് കഴിഞ്ഞ സെലക്ററു കമ്മിററി റിപ്പോർട്ട് നടപ്പിലാക്കുന്നതിനെപ്പററി ആലോചിച്ച അവസരത്തിൽ അന്നു അദ്ദേഹത്തിന്റെ അഭിപ്രായം എന്തായിരുന്നു എന്നുള്ളത് ഇന്ന് ഈ സഭയിൽ പറയുന്നതിൽ പ്രസക്തിയില്ല. വളരെ സൂക്ഷിച്ചു നടപ്പാക്കേണ്ട ഒരു നിയമമാണ് എന്നാണ് കഴിഞ്ഞ സെലക്ററു കമ്മിററി റിപ്പോർട്ടിനെപ്പററി അദ്ദേഹം ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞിരുന്നത്.

നാലാം കേരളനിയമസഭ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം സാമൂഹികക്ഷേമ സംബന്ധമായ പല തരത്തിലുള്ള നല്ല നിയമങ്ങൾ പാസാക്കി റിക്കാർഡ് സൃഷ്ടിച്ചിട്ടുള്ള ഒരു സഭയാണ്. അഞ്ചാം കേരള നിയമസഭയും സുപ്രധാനമായ ഈ നിയമം പാസാക്കി എന്നത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്നു. ഇൻഡ്യാ രാജ്യത്ത് മറെറാരു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിലും ഇല്ലാത്ത വിധത്തിൽ അധികാരവികേന്ദ്രീകരണം ഇവിടെ നടപ്പാക്കാൻ പോകുന്നു. ഇക്കാര്യത്തിൽ വളരെ പ്രായോഗികമായി വരാവുന്ന ആപത്തുകളെ കണ്ടുകൊണ്ട് ഒരു പൊതു നിയന്ത്രണംവച്ച് ജനങ്ങളുടെ ശക്തിയിൽമാത്രം ആശ്രയിച്ച് ജനങ്ങളെ വിശ്വസിച്ചു കൊണ്ട് അധികാരവികേന്ദ്രീകരണം നടത്താൻ ശ്രമിക്കുന്ന ഒരു നിയമം എന്നുള്ള നിലയിൽ ഇതു കഴിയുന്നത്ര വേഗം പാസാക്കി ഇതേപ്പററി ആവശ്യമായ നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ച് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. ദിവംഗതനായ ബഹുമാനപ്പെട്ട അഹമ്മദ്കുരിക്കളെ ഞാൻ ഈ അവസരത്തിൽ സ്മരിക്കുന്നു. ഈ ബിൽ ഈ രൂപത്തിൽ ആക്കുന്നതിന് അശ്രാന്തം പരിശ്രമിച്ച ശ്രീ. അവുക്കാദർകുട്ടിനഹ നടത്തിയ സേവനത്തേയും ഈ അവസരത്തിൽ ഞാൻ നന്ദിയോടുകൂടി സ്മരിക്കുന്നു. ഇതിന് ഭാഗ്യം സിദ്ധിച്ച ശ്രീ. സി. എച്ച്. മുഹമ്മദ് കോയയേയും ഞാൻ അഭിനന്ദിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഈ ജില്ലാ ഭരണ ബില്ലിന്റെ മൂന്നാം വായന സമയത്ത് ഇതിനെ അനുകൂലിക്കാൻ എനിക്ക് വളരെയധികം സന്തോഷമുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജില്ലാ നിലവാരത്തിൽ അധികാരങ്ങൾ വികേന്ദ്രീകരിക്കാനുള്ള നിയമ നിർമ്മാണത്തിന്റെ ആദ്യത്തെ ഘട്ടത്തിലാണ് ഇപ്പോൾ നമ്മൾ നിൽക്കുന്നത്. ഒരു പുതിയ പരീക്ഷണമാണ് വാസ്തവത്തിൽ ഇത്. ഈ നിയമത്തിൽ കൊടുത്തിട്ടുള്ള അധികാരങ്ങൾ നടപ്പിലാക്കുകയും അവ പ്രായോഗികമായി നടപ്പാക്കാൻ വേണ്ടുന്ന എല്ലാ കാര്യങ്ങളും ചെയ്യുകയും ചെയ്യുക എന്നുള്ളതാണ് വളരെ പ്രധാനമായിട്ടുള്ളത്. ഇതിൽ ഒന്നാം ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള അധികാരങ്ങൾ എടുത്തുപരിശോധിച്ചാൽ, ഇൻഡ്യയിലെ മറെറാരു സംസ്ഥാനത്തും ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ള നിയമനിർമ്മാണം, പഞ്ചായത്തുരാജ് നിയമനിർമ്മാണമായാലും ശരി ജില്ലാ പരിഷത്ത് നിയമനിർമ്മാണമായാലും ശരി ഒന്നാം ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള അത്ര അധികാരങ്ങൾ ജില്ലാ നിലവാരത്തിൽ വികേന്ദ്രീകരിച്ചതായി കാണാൻ കഴിയുന്നില്ല. നമ്മുടെ പഞ്ചായത്ത് ആക്ടിൽ ഒട്ടേറെ അധികാരങ്ങൾ കൊടുത്തതായി കാണാൻ കഴിയും. ജില്ലാ നിലവാരത്തിൽ പ്രായോഗികമായിട്ട് ഇത്രയേറെ അധികാരങ്ങൾ കൈമാറുന്ന ഒരു വികേന്ദ്രീകരണ നിയമം ഇൻഡ്യാ രാജ്യത്ത് ആദ്യമായിട്ടു വരികയാണ്. പക്ഷേ നടപ്പാക്കുന്ന കാര്യത്തിൽ സ്വാഭാവികമായിട്ടും വളരെയധികം പ്രയാസങ്ങൾ ഉണ്ടാകുമെന്നു ഞാൻ സമ്മതിക്കുന്നു. ആ പ്രയാസങ്ങൾ തീർക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് കാര്യമായി നടക്കേണ്ടത്. മററു സംഗതികളെ സംബന്ധിച്ചു പറയേണ്ട കാര്യമില്ല. ഇവിടെതന്നെ മന്ത്രിമാരുടെ അധികാരങ്ങൾ കുറച്ചത് വളരെ വ്യക്തമായി സൂക്ഷിച്ചു നോക്കിയവർ ഉണ്ട്. ജില്ലാ നിലവാരത്തിൽ കൊടുത്തിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിന് അൽപ്പസ്വൽപ്പം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനെ ഭത്സിക്കുകയും ചെയ്യുന്നു. എങ്ങനെയാണ് ഈ രണ്ടു വാദഗതികളുംകൂടി ഒരാൾ പറയുക? ഏതെല്ലാം മന്ത്രിമാരുടെ ഏതെല്ലാം അധികാരങ്ങൾ ജില്ലാ കൗൺസിൽ രൂപീകരിക്കുന്നതോടുകൂടി പോകുന്നു എന്ന് വളരെ വ്യക്തമായി മനസ്സിലാക്കണം. അതുപോലെ ജില്ലാ നിലവാരത്തിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഇതിൽ ചില അപര്യാപ്തതകൾ ഉണ്ടാകാം. ചില നിയന്ത്രണങ്ങൾ എടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കളുയേണ്ടതായിരിക്കാം. ചില മേഖലകളിൽ നിയന്ത്രണങ്ങൾ കൂടുതലായി വന്നേക്കാം. അതിനെ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനുമുമ്പ് ഇന്നയിന്ന മന്ത്രിമാരുടെ അധികാരങ്ങൾ പോയി എന്നുറപ്പിക്കണം. തൃശൂരിൽനിന്ന് ആദ്യമായി വന്നിട്ടുള്ള മന്ത്രിയുടെ കുറെ അധികാരങ്ങളൊക്കെ പോയി എന്ന് ഒരഭിപ്രായം. എന്നാൽ കൊടുക്കേണ്ടിടത്ത് അധികാരം കൊടുത്തിട്ടില്ല എന്ന് വേറൊരഭിപ്രായം. ഇങ്ങനെയൊക്കെ പറയുന്നവർക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ ആത്മാർത്ഥത എന്ന പദത്തിന് എന്താണ് അർത്ഥം? ആത്മാർത്ഥതയെന്നൊക്കെ പറയുന്നതിൽ ആത്മാർത്ഥതയുടെ കണികപോലുമില്ലാത്ത സ്ഥിതിയാണ്, മഹാകഷ്ടമെന്നല്ലാതെ എനിക്ക് ഒന്നും പറയാനില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ പ്രാക്ക് തന്നെ ഒരപശകുനമാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ഈ പറയുന്നതിൽ ആരെപ്പററിയും ഞാൻ മനസ്സാവാചാ അപലപിക്കുന്നില്ല. അധികാരവികേന്ദ്രീകരണത്തിന്റെ ഗൗരവതരമായ പ്രശ്നം വരുമ്പോൾ ഓരോരുത്തരുടേയും നില ഒന്നു നോക്കി പഠിക്കാൻ ഒരുക്കമില്ലാത്തവർ ഇതിന്റെ ഗൗരവം കാണുന്നില്ല. ഇതൊക്കെ മനസ്സിലാക്കിക്കൊണ്ടുവേണം ഇത് പ്രായോഗികമായിട്ടു നടപ്പാക്കാൻ എന്നുമാത്രം ഞാൻ പറയുകയാണ്. ആരേയും അധിക്ഷേപിക്കണമെന്നു എനിക്കാഗ്രഹമില്ല. അതുകൊണ്ട് ഒന്നാം ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള അധികാരങ്ങൾ തന്നെ വളരെ വേഗത്തിൽ പ്രായോഗികമാക്കാൻ ശ്രമിക്കുകയും, അങ്ങനെ പ്രായോഗികമാക്കാൻ ശ്രമിക്കുന്ന അവസരത്തിൽ അനുഭവത്തിന്റെ വെളിച്ചത്തിൽ അധികാരങ്ങൾ ഇനിയും കൊടുക്കേണ്ടതുണ്ടാവും. ആ ഒരു സമീപനമാണ് ഇതു നടപ്പിലാക്കുന്ന കാര്യത്തിൽ ഉണ്ടാകേണ്ടത്. ഞാൻ ഈ നിയമത്തെ പൂർണ്ണമായും അനുകൂലിക്കുന്നു. ഈ നിയമസഭയിൽവച്ച് ഈ നിയമനിർമ്മാണത്തെ അനുകൂലിക്കുന്നു എന്നു പറയുന്നവർപോലും ഫലത്തിൽ ഇതിനെ എതിർക്കുന്നതു കാണാം. മുൻ മുഖ്യമന്ത്രി ശ്രീ. അച്ചുതമേനോൻ ഇതുപോലുള്ള നിയമത്തിന് എതിരാണ്; ആരുടെ തലയിൽ ഉദിച്ച നിലാവാണ് ഇത് എന്നും മററും പറഞ്ഞതായി ഒരു ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെ അനുകൂലിക്കുന്ന കൂട്ടത്തിൽ സൂചിപ്പിക്കുകയുണ്ടായി.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: സർ, ഒരു ചോദ്യം.

ശ്രീ. ഇ. പി. ഗോപാലൻ: ഇതു പറഞ്ഞത് ആരാണെന്ന് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി എഴുന്നേററു നിൽക്കാതെതന്നെ എല്ലാവർക്കും അറിയാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മുൻ മുഖ്യമന്ത്രി ബഹുമാനപ്പെട്ട അച്ചുതമേനോൻ ഇതു നടപ്പാക്കുന്നതിനെ എതിർത്തുകൊണ്ട് ഭരണകക്ഷിയുടെ ജോയിന്റ് പാർലമെൻററി പാർട്ടിയിൽ പറയുകയും ആരുടെ തലയിലോ ഉദിച്ച നിലാവാണെന്നു പറയുകയും ചെയ്തത് സത്യമാണെന്ന് ഞാൻ ആവർത്തിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: അതുകൊണ്ടുതന്നെയാണ് ഞാൻ പറഞ്ഞത്. താൻ അങ്ങനെ പറഞ്ഞിട്ടില്ലെന്നും, അതല്ല ബില്ലിനെപ്പററിയുള്ള തന്റെ അഭിപ്രായമെന്നും പരസ്യമായി പ്രസ്താവന ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള ഒരാളെക്കുറിച്ച് ഈ അസംബ്ലിയിൽ വന്നിട്ട് ഇങ്ങനെ പറയുന്നത് എന്തു ബുദ്ധിയാണ്, എന്തു സമ്പ്രദായമാണ്, എന്ത് ഏർപ്പാടാണ്? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അനുകൂലിക്കുന്ന ചിലരെയെങ്കിലും സൂക്ഷിക്കണമെന്ന്. അത്തരക്കാർപോലും ആ നിലപാട് മാററി, ഈ നിയമം പ്രായോഗികമായി നടപ്പിൽ വന്നു കാണാൻ പരിശ്രമിക്കണം എന്ന് അപേക്ഷിച്ചുകൊണ്ട് ഈ നിയമത്തെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. മുൻമുഖ്യമന്ത്രി ശ്രീ. സി. അച്ചുതമേനോൻ ഈ സഭയിൽ ഇല്ല. അദ്ദേഹത്തെക്കുറിച്ച് വളരെ ഗൗരവാവഹമായ ഒരാരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. അതു ശരിയല്ല. ഇങ്ങനെ സഭയിൽ ഇല്ലാത്ത ആളുകറാക്ക് അവർക്ക് മറുപടി പറയാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ ഇങ്ങനെ ഒരു ആരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോ? എല്ലാ പാർലമെൻററി പാർട്ടി യോഗങ്ങളിലും ബഹുമാനപ്പെട്ട പ്രതിപക്ഷ പാർട്ടി നേതാവും സംബന്ധിച്ചിരുന്നു. ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞ ആരോപണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശരി വയ്ക്കുന്നോ ഇല്ലയോ എന്നറിയാൻ ഈ സഭയ്ക്ക് ആഗ്രഹമുണ്ട്. അദ്ദേഹം അതേപ്പററി എന്തു പറയുന്നു?

മി. സ്പീക്കർ: സഭയിൽ ഇല്ലാത്തവരെപ്പററി പറയാൻ പാടില്ലെന്നുള്ളത് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങറാക്കും അറിയാവുന്ന കാര്യമാണ്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ശ്രീ. ദേവസ്സിക്കുട്ടി ഈ നിയമസഭയിൽ ഒരു പ്രസ്താവന ചെയ്തതിനു ശേഷം ശ്രീ. അച്ചുതമേനോൻ ഈ കാര്യത്തെ സംബന്ധിച്ച് വളരെ വിശദീകരിച്ച് ഒരു പ്രസ്താവന ചെയ്തു. കുറഞ്ഞപക്ഷം അതിനു ശേഷമെങ്കിലും ശ്രീ. ദേവസ്സിക്കുട്ടിയെപ്പോലുള്ള ഒരു നിയമസഭാംഗം വീണ്ടും തൻെറ പ്രസ്താവന ആവർത്തിക്കാതിരിക്കുകയും ശ്രീ. അച്ചുതമേനോൻ ചെയ്ത പ്രസ്താവന അംഗീകരിക്കുന്നു എന്നു പറയുകയും ചെയ്യേണ്ടേ? അതൊന്നും ചെയ്യാതെ വീണ്ടും ആവർത്തിച്ച് സഭയിൽ ഇല്ലാത്തവരെപ്പററി ഇങ്ങനെ തുടർച്ചയായി പറഞ്ഞുകൊണ്ടിരിക്കാമോ?

മി. സ്പീക്കർ: അങ്ങനെ ബഹുമാനപ്പെട്ട അംഗങ്ങറാ ഒരിക്കലും പറഞ്ഞുകൂടാ. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ ഒരിക്കലും അത് ശരിയുമല്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സർ, ഈ ബില്ല് പാസാക്കാൻ പോകുന്ന ഈ അവസരത്തിൽ ഈ ഗവൺമെൻറിനേയും ഇതിവിടെ അവതരിപ്പിച്ചു പാസാക്കാൻ വേണ്ടി അശ്രാന്തപരിശ്രമം ചെയ്ത മന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ്കോയയേയും ഞാൻ അഭിനന്ദിക്കുകയാണ്. സർ, കഴിഞ്ഞ കുറച്ച് ദിവസമായി ഈ ബില്ലിനെപ്പററി ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ചർച്ചകറാ നടത്തി. ബില്ലിലെ പോരായ്മകളെ സംബന്ധിച്ചും അതിൻെറ വശങ്ങളെ സംബന്ധിച്ചും തലനാരിഴ കീറി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചു. നൂറിലധികം ഭേദഗതികൾ കൊടുത്ത് പരിശോധിച്ചതിനു ശേഷമാണ് ഈ ബില്ല് പാസാക്കാൻ പോകുന്നത്. പ്രതിപക്ഷത്തുനിന്നും ഭരണ കക്ഷിയിൽനിന്നും ഭേദഗതികൾ അവതരിപ്പിച്ചു. വിമർശനങ്ങളെല്ലാം കഴിഞ്ഞശേഷം പാസാക്കുന്ന ഈ ബില്ല് അധികാരം ജനങ്ങളിലേക്ക് വിട്ടുകൊടുക്കുന്ന ഒരു ബില്ലാണ്. ഇന്നു നിലവിലിരിക്കുന്ന അധികാരത്തിൽ 70 ശതമാനവും ഈ ബില്ലു വഴി വിട്ടുകൊടുത്തിരിക്കുകയാണ്. ജനാധിപത്യത്തിന്റെ ഒരു പുതിയ പാത ഈ ബില്ലു വഴി ഉണ്ടാവുന്നതാണ്. 21 വയസു കഴിഞ്ഞവർക്ക് തിരഞ്ഞെടുപ്പിനു നിൽക്കാമെന്നും 18 വയസ്സായവർക്ക് വോട്ടു ചെയ്യാമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ള ഈ ബില്ല് ഉടൻ തന്നെ നിയമമാക്കുന്നതിനു വേണ്ടി ശ്രമിക്കണം. കേന്ദ്രത്തിൽ പോയി അനുവാദം കിട്ടാതെ പല ബില്ലുകളും ഇവിടെ കിടപ്പുണ്ട്. അതിനൊന്നും ഇട വരാതെ ഈ ബില്ലിന് ഉടൻ അംഗീകാരം വാങ്ങണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട ഗവൺമെന്റിനെ, പ്രത്യേകിച്ച് മന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദു കോയയെ അഭിനന്ദിക്കുകയും ചെയ്തുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ മൂന്നാം വായനയിൽ ദീർഘമായി എന്തെങ്കിലും പറയണമെന്നു ഞാനാഗ്രഹിക്കുന്നില്ല. ഇതിന്റെ ചരിത്രത്തെക്കുറിച്ചൊന്നും പരാമർശിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ബില്ലിനോടുള്ള ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റേയും സമീപനം മാത്രമാണു ഏററവും പ്രസക്തമായിട്ടുള്ളത്. ഈ നിയമം കൊണ്ടുവരാൻ വളരെയേറെ ആഗ്രഹം ഗവൺമെൻറു പ്രകടിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ പ്രതിപക്ഷത്തുനിന്നും പല അംഗങ്ങളും ഞങ്ങളും അവതരിപ്പിച്ച ഭേദഗതികൾ പലതും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പ്രസക്തമായ ഒരു സംഗതി നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയിൽ നല്ലൊരു ഭാഗത്തെ ഉൾക്കൊള്ളുന്ന യുവാക്കൻമാരായ ആളുകൾക്കു ഈ നിയമത്തിൽകൂടി നമ്മുടെ ഗവൺമെൻറു ആദ്യമായി അംഗീകാരം കൊടുത്തിട്ടുണ്ട് എന്നുള്ളതാണ്. 18 വയസ്സുകാർക്ക് വോട്ടവകാശം ആദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൊടുത്തു. അതിനുശേഷം 21 വയസ്സുള്ള ആളുകൾക്ക് ജില്ലാ കൗൺസിലിൽ വരാനും ഭരിക്കാനുമുള്ള അവകാശം കൊടുക്കണമെന്ന ഒരു പുരോഗമനപരമായ ഭേദഗതി ഞാനുൾപ്പെടെ പലയാളുകളും അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രി അതംഗീകരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ഒരു നിയമം പല പുരോഗമന നിയമങ്ങൾക്കും ഇൻഡ്യയിൽ നേതൃത്വം കൊടുത്തിട്ടുള്ള ഈ നിയമസഭ കൊണ്ടുവന്നു പാസ്സാക്കുന്നത് സന്തോഷമാണ്. അക്കാര്യത്തിൽ പ്രത്യേകമായി ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെൻറിനേയും ഞാൻ അഭിനന്ദിക്കുന്നു. ഇതു വളരെ സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഒരു നിയമമാണ്. ഇതിൽ പോരായ്മകളൊന്നുമില്ലെന്നു ഞാൻ പറയുന്നില്ല. പല പോരായ്മകളുമുണ്ട്. പല ഭേദഗതികളും പിന്നീടു ചർച്ച ചെയ്യേണ്ടി വരും. പക്ഷേ പോരായ്മകളുണ്ടെങ്കിൽക്കൂടിയും പുരോഗമനപരമായ ചിന്താഗതികൾ ഉൾക്കൊള്ളുന്ന, വിദഗ്ദ്ധ കമ്മിററികളുടെ ശുപാർശകൾവരെ അംഗീകരിച്ച ഈ നിയമത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഇപ്പോൾ ഒന്നരമണി കഴിഞ്ഞു. 2 മണിവരെ ഇരിക്കുകയാണെങ്കിൽ നമുക്ക് ഈ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കാം. അതല്ല ഒന്നരമണിയ്ക്കു നിർത്തി മൂന്നരയ്ക്കു വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

തുടരണമോ എന്നുള്ള കാര്യത്തിൽ സഭയുടെ അഭിപ്രായം അറിയാനുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, വളരെ ചുരുക്കം ബഹുമാനപ്പെട്ട അംഗങ്ങൾ മാത്രമേ ഇനി പ്രസംഗിക്കുവാനുള്ളു എന്നു ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയാണെങ്കിൽ രണ്ടുമണി വരെ ദീർഘിപ്പിക്കുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.

(സഭ രണ്ടുമണിവരെ തുടരാൻ അനുവാദം നൽകി)

ശ്രീ. യു.എ. ബീരാൻ: സർ, നമ്മുടെ ഈ നിയമസഭയുടെ ചരിത്രത്തിൽ ഇന്നു സുപ്രധാനമായ ഒരു സുദിനമാണ്. കാരണം ഒരു വ്യാഴവട്ടക്കാലത്തിനുമുൻപു അന്തരിച്ച അഹമ്മദുകുരിക്കൾ സ്വപ്നം കണ്ടിരുന്ന അധികാരവികേന്ദ്രീകരണത്തിന്റെ നിയമം കുറേക്കാലത്തിനു ശേഷമാണെങ്കിലും, കുറേ മാററത്തോടുകൂടിയാണെങ്കിലും ശ്രീ. നഹാസാഹിബിന്റെ നേതൃത്വത്തിലുള്ള സെലക്ടു കമ്മിററി റിപ്പോർട്ടു ചെയ്തിട്ടുള്ളതിനനുസരിച്ച് ജനാബ് സി. എച്ച്. മുഹമ്മദു കോയാസാഹിബ് അവതരിപ്പിച്ച് ഇന്നു ഈ നിയമസഭ പാസ്സാക്കുകയാണ്. സർ, ഈ സന്ദർഭത്തിൽ ശ്രീമാൻ അച്ച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറു ഈ രാജ്യത്തു ചരിത്രം സൃഷ്ടിച്ചുകൊണ്ട് പല നിയമങ്ങളും കൊണ്ടുവന്നു പാസ്സാക്കിയതുപോലെ ഇന്നു ശ്രീമാൻ പി.കെ. വാസുദേവൻ നായരുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെൻറു ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ വാസ്തവത്തിൽ വളരെയധികം പരിവർത്തനങ്ങൾ സൃഷ്ടിക്കുന്ന ഒരു നിയമമാണ് ഇന്നു പാസ്സാക്കി നടപ്പിലാക്കാൻപോകുന്നതെന്ന കാര്യം ഞാൻ ഓർക്കുകയാണ്. അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളം പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിരിക്കാമെങ്കിലും ഇവിടെ തലസ്ഥാനനഗരിയിൽ മാത്രം കെട്ടിക്കിടന്നിരുന്ന ബ്യൂറോക്രസി ഗ്രാമങ്ങളിലേയ്ക്കു തീരെ പ്രവേശിക്കാതെ കിടക്കുകയായിരുന്നു. ഗ്രാമങ്ങളിലെ ജനങ്ങളിലേയ്ക്കു അധികാരം ഡെമോക്രസിയുടെ രൂപത്തിൽ ചെന്ന് ഒരു പരിവർത്തനത്തിനു കളമൊരുക്കുന്ന ഒരു സുപ്രധാന നിയമമാണിത്. ഈ നിയമം നടപ്പിലാക്കുമ്പോൾ പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാമെങ്കിലും നാട്ടിൻപുറങ്ങളിലെ, ഗ്രാമങ്ങളിലെ ജനങ്ങളെ ഭരണത്തിൽ പങ്കാളികളാക്കുന്നവിധത്തിലുള്ള ഒരു ഭരണം പ്രദാനം ചെയ്യുന്ന ഈ നിയമം കാലതാമസംകൂടാതെ നടപ്പിലാക്കണമെന്ന് ഭ്യർത്ഥിച്ചുകൊണ്ട് ഗവൺമെൻറിനെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ.കെ. ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനനിയമസഭയെസംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമായ ഒരു നിയമമാണ് ഈ ബിൽ ഇന്നു പാസ്സാക്കുന്നതോടുകൂടി നമ്മുടെ സംസ്ഥാനത്തിലെ വികേന്ദ്രീകരണത്തിനുവേണ്ടി ദാഹിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു നൽകാൻ സാധിച്ചിട്ടുള്ളത്. ഈ നിയമനിർമ്മാണത്തിനു ആദ്യമായി മുൻകൈയെടുത്ത ദിവംഗതനായ അഹമ്മദ്കുരിക്കളെയും അതിനെത്തുടർന്നു ഈ നിയമം ഇവിടെ പൈലററു ചെയ്യാൻ മുന്നോട്ടുവന്ന നഹാസാഹിബ്ബിനേയും ശ്രീ. സി.എച്ച്. മുഹമ്മദുകോയയേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. എത്രയോ വർഷങ്ങൾക്കുമുൻപു തന്നെ സോഷ്യലിസ്ററു ആചാര്യനായ ഡോ. റാം മനോഹർ ലോഹ്യ വിഭാവന ചെയ്ത അതിമഹത്തായ ഒരു സിദ്ധാന്തമായിരുന്നു ചതുഷ്സ്തംഭ ഭരണവ്യവസ്ഥ നമ്മുടെ രാജ്യത്തു നടപ്പിലാക്കണമെന്നുള്ളത്. അതു ഒരു പരിധിവരെയെങ്കിലും കേരളസംസ്ഥാനത്തെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ചിടത്തോളം നമുക്കു നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. ഈ നിയമത്തിൽ തീർച്ചയായും അപാകതകളുണ്ടായിരിക്കാം. നാം ആഗ്രഹിക്കുന്ന തരത്തിൽ ഒട്ടും പുരോഗമനപരമായി നമുക്കിതിനെ കൊണ്ടുപോകാൻ സാധിച്ചില്ലെന്നുവരാം. എന്നാൽ ഒരു തുടക്കമെന്ന നിലയിൽ നിശ്ചയമായും ഈ നിയമത്തെ എല്ലാപേരും സ്വാഗതംചെയ്യുകയാണ്. ഈ നിയമത്തിനാവശ്യമായ ഭേദഗതികൾ നിശ്ചയമായും ഇനിയും വരുത്താൻകഴിയുമെന്നുള്ളതുകൊണ്ട് ഇന്നത്തെ ഈ നിയമത്തെ സ്വാഗതം ചെയ്യുകയും കൂടുതൽ പുരോഗമനപരമായ നിയമമായി ഇതിനെ മാററാൻ പരിശ്രമിക്കുകയും ചെയ്യാവുന്നതാണ്. ഒരു കാര്യം എനിക്കഭ്യർത്ഥിക്കുവാനുണ്ട്. ഈ നിയമം പാസ്സാകുന്നതോടുകൂടി ഇതു കോൾഡ് സ്റേറാറേജിലേയ്ക്കു പോകാതെ ഏററവും വേഗത്തിൽ പ്രാവർത്തികമാക്കാനുള്ള നടപടി നിശ്ചയമായും ഗവൺമെൻറു സ്വീകരിക്കണം. എല്ലാപേരും യോജിച്ചുകൊണ്ട് ഏററവും വേഗത്തിൽ ഈ നിയമം നടപ്പിലാക്കാനും അങ്ങനെ നമ്മുടെ ജില്ലാഭരണകൗൺസിൽ പ്രാവർത്തികമാക്കാനും കഴിയുന്ന ഒരു സാഹചര്യം ഉണ്ടാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ടി. സെബാസ്ററ്യൻ: സർ, ഇൻഡ്യ സ്വതന്ത്രമാകണമെന്നുള്ള ആശയം ഉണ്ടായ കാലഘട്ടത്തിൽ തന്നെ അധികാരവികേന്ദ്രീകരണമുണ്ടാകണമെന്നു അഭിപ്രായവും ഉണ്ടായിരുന്നു. ഗ്രാമങ്ങളുടെ വികസനത്തിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കണമെന്നും ഇൻഡ്യയുടെ മൊത്തമായ വികസനം ഗ്രാമങ്ങളിലാരംഭിക്കണമെന്നുമുള്ള മഹാത്മാഗാന്ധിയുടെ ആശയം പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. 1953-ൽ കേരളത്തിൽ ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുകയുണ്ടായി. പഞ്ചായത്തുകൾക്കുള്ള അധികാരങ്ങളെ സംബന്ധിച്ചെല്ലാം ഇതിനു മുമ്പു പല സന്ദർഭങ്ങളിലും ഈ സഭയിൽ പലയാളുകളും അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. കൂടുതൽ അവകാശാധികാരങ്ങൾ ജില്ലാ കൗൺസിലുകൾക്കും പഞ്ചായത്തുകൾക്കും ഉണ്ടാകുന്നത് പ്രയോജനപ്രദമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏതു നിയമം പാസ്സായാലും അതിലെല്ലാം ഗുണദോഷങ്ങളുണ്ടായി എന്നു വരാം. അതു പ്രാവർത്തികമാക്കുമ്പോൾ മാത്രമേ ഗുണദോഷങ്ങളെപ്പററി വ്യക്തമായി മനസ്സിലാക്കാൻ കഴിയൂ. ഏതു നിയമനിർമ്മാണമായാലും അതിനെല്ലാം ഭേദഗതികൾ പലപ്പോഴും ഉണ്ടായിട്ടുണ്ട് എന്ന കാര്യം നമുക്കറിയാം. അതിന്റെ അടിസ്ഥാനത്തിൻ ഇപ്പോൾ നാം പാസ്സാക്കാൻ പോകുന്ന നിയമത്തിൽ പൂർണ്ണമായ അധികാരവികേന്ദ്രീകരണം ഉണ്ടായിട്ടുണ്ടെന്നുള്ള അഭിപ്രായം എനിക്കില്ല. ഇനിയും പല മാററങ്ങൾ ഈ നിയമത്തിൽ വരുത്തേണ്ടതായി വരും. ഏതായാലും 1968-ൽ ദിവംഗതനായ അഹമ്മദു കുരിക്കൾ ഈ ബിൽ ഈ സഭയിൽ അവതരിപ്പിക്കുകയും ആ കാലഘട്ടത്തിൽ തന്നെ നിലവിലുണ്ടായിരുന്ന പഞ്ചായത്തു നിയമത്തിൽ മാററം വരുത്തി പഞ്ചായത്തുരാജ് നടപ്പിലാക്കണമെന്നാഗ്രഹിക്കുകയും ചെയ്തിരുന്നു. അതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും അദ്ദേഹത്തിന്റെ നിര്യാണത്തോടു കൂടി ആ പ്രവർത്തനങ്ങൾ അസ്തമിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനുശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന നഫീസാഹിബും ഇന്നു ഈ സഭയിൽ ഇതവതരിപ്പിച്ച സി. എച്ച്. മുഹമ്മദ് കോയയും പ്രശംസാർഹരാണെന്നുള്ള കാര്യത്തിൽ സംശയമില്ല. എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, അഹമ്മദു കുരിക്കൾ വിഭാവനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത പഞ്ചായത്ത് രാജ്, മുന്നിൽക്കണ്ട് വിപുലമായ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് ലഭിക്കത്തക്ക രീതിയിലുള്ള ഭേദഗതികൾ പഞ്ചായത്തു നിയമത്തിൽ വരുത്തിക്കൊണ്ട് അധികാര വികേന്ദ്രീകരണം നടത്തി, കേരളത്തെ മൊത്തത്തിൽ വികസിപ്പിക്കുവാനുള്ള നടപടികളുമായി മുന്നോട്ടു പോകണമെന്നാണ്. ഈ ബിൽ ഇവിടെ അവതരിപ്പിച്ച മന്ത്രിക്കു കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടു എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സർ, സുപ്രധാനമായ ഈ നിയമനിർമ്മാണം കൊണ്ടുവരാൻ കഴിഞ്ഞ ഈ ഗവൺമെന്റിനു നിശ്ചയമായും അഭിമാനിക്കാവുന്നതാണ്. 1959-ൽ ഇൻഡ്യാ ഗവൺമെന്റിന്റെ പ്ലാനിംഗ് ഡിവിഷൻ യോഗത്തിൽ വച്ച് രാഷ്ട്രനിർമ്മാതാവായ പണ്ഡിററ് ജവഹർലാൽ നെഹ്റു ജനങ്ങളോടു ആഹ്വാനം ചെയ്തു, ലക്ഷക്കണക്കിനുള്ള ഗ്രാമങ്ങളെ സമുദ്ധരിക്കുവാൻ വേണ്ടി മൂന്നു പരിപാടികളാണ് നാം വിഭാവന ചെയ്യുന്നതെന്ന്. ഒന്ന്, പഞ്ചായത്ത്, രണ്ട് വികസന ബ്ലോക്കുകൾ, മൂന്ന് ജില്ലാ വികസന സമിതി. ഈ നിർദ്ദേശം നടപ്പിലാക്കാൻ പല സംസ്ഥാനങ്ങളും നിയമനിർമ്മാണം കൊണ്ടു വന്നു എങ്കിലും നമ്മുടെ സംസ്ഥാനം വളരെ വൈകിയാണെങ്കിലും അതു കൊണ്ടുവന്നതിൽ ഈ നിയമനിർമ്മാണത്തിനു രൂപം കൊടുത്ത അഹമ്മദ് കുരിക്കളെ സ്മരിക്കുന്നതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ സന്തതസഹചാരിയായ ശ്രീ സി. എച്ച്. മുഹമ്മദ് കോയയേയും ഗവൺമെന്റിനേയും ഞാൻ ഹൃദയംഗമായി അഭിനന്ദിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ ഡിസ്ട്രിക്ററ് അഡ്മിനിസ്ട്രേഷൻ ബില്ല് ഇപ്പോൾ പാസാക്കുന്നതിൽ സന്തോഷമുള്ള ആളാണ്. കാരണം, ഡിസ്ട്രിക്ററിന് എന്തെങ്കിലും വരുമാനമുള്ളതു കൊണ്ടല്ല. ഡിസ്ട്രിക്ററിൽ ഒരു ഭരണസമിതി വേണമെന്ന് നാം ആഗ്രഹിക്കുന്നു എന്നുള്ളതു കൊണ്ടാണ് ഞാൻ ഈ നിയമം പാസ്സാക്കുന്നതിൽ സന്തോഷിക്കുന്നത്. ഇവിടെ അങ്ങേപ്പുറത്ത് ഇരിക്കുന്ന ആളുകൾ ഇതിന്റെ മേൻമയെപ്പററിയും ഇതിന്റെ ചരിത്രപ്രാധാന്യത്തെപ്പററിയും മരിച്ചവരുടെ ആത്മാവിനെപ്പററിയുമെല്ലാം പ്രകീർത്തിച്ചു സംസാരിക്കുന്നതു കേട്ടു. ഇതു 1971-ലെ സെലക്ററ് കമ്മിററി റിപ്പോർട്ടാണ്. ഞങ്ങളാരും അപ്പുറത്തിരുന്നു ഭരിച്ചിട്ടില്ല. 1971-ലെ സെലക്ററ് കമ്മിററി റിപ്പോർട്ടാണ്. നിങ്ങൾ തന്നെയാണ് ഭരിച്ചത്. ഈ നിയമം 7 കൊല്ലം പൂഴ്ത്തിവച്ചതിന് കുരിക്കളുടെ ആത്മാവിനോട് എന്തു പറയണമെന്ന് അവർ ആലോചിച്ചാൽ മതി.

സർ, അതുപോലെ തന്നെ അങ്ങേപ്പുറത്തു നിന്നു സംസാരിച്ച പല ബഹുമാനപ്പെട്ട മെമ്പറൻമാരും ഈ നിയമത്തിന്റെ പേരിൽ അഭിമാനം കൊണ്ടു. എന്നാൽ ഈ നിയമത്തിന് കാരണക്കാരനായിത്തീർന്നത് എന്റെ നേതാവായ സഖാവ് ഇ. എം. എസ്. ആണെന്ന് പറയാൻ എനിക്ക് അഭിമാനമുണ്ട്. ഈ നിയമത്തിന്റെ കാര്യം മാത്രമല്ല കേരളത്തിൽ വന്നിട്ടുള്ള എല്ലാ പുരോഗമനപരങ്ങളായ നിയമനിർമ്മാണങ്ങളുടെയും ജനയിതാവ് സഖാവ് ഇ. എം. എസ്. ആണെന്ന് പറയാൻ എനിക്ക് അഭിമാനമുണ്ട്. അതുകൊണ്ടാണ് അഭിമാനത്തോടുകൂടിതന്നെ 67-ലെ നിയമമല്ലെങ്കിലും ഒരു ഡിസ്ട്രിക്ററ് ഭരണ സമ്പ്രദായം ഇവിടെ വരുന്ന നിയമം പാസാക്കുന്നതിൽ സന്തോഷിക്കുന്നത്. അതിൽ എല്ലാവർക്കും അഭിമാനിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഇതു നീട്ടിക്കൊണ്ടുപോയതിൽ ലജ്ജിക്കേണ്ടതുണ്ട്. അങ്ങേപ്പുറത്ത് ഇരിക്കുന്നവർ ലജ്ജിക്കണം. ആ അർത്ഥത്തിലാണ് ഈ നിയമം പാസാക്കുന്നതിൽ അഭിമാനമുണ്ടെന്ന് ഞാൻ പറയുന്നത്. ഇപ്പോൾ ഈ നിയമം പാസാക്കിയതിൽ ഒരാളെ ഞാൻ അഭിനന്ദിക്കുന്നു. ശ്രീമാൻ എ. കെ. ആൻറണിയെ. ഇപ്പോൾ ഈ നിയമം അഞ്ചാം നിയമസഭ എടുക്കേണ്ടി വന്നത് അയാളുമായി എന്തു അഭിപ്രായവ്യത്യാസമുണ്ടായാലും അതു പാസാക്കണമെന്ന് അയാൾക്ക് ഒരു വാശിയുണ്ടായിരുന്നു, അതു കൊണ്ടാണ് അഞ്ചാം നിയമസഭയിൽ ഇതു പാസാക്കാൻ കഴിയുന്നത്. അതുകൊണ്ട് അതിന് ഞാൻ ശ്രീ. എ. കെ. ആൻറണിയെ അഭിനന്ദിക്കുകയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പുതിയ നീക്കത്തിൻെറ ഫലമാണോ?

ശ്രീ എം. വി. രാഘവൻ: നിങ്ങളുമായിട്ടു ഏതായാലും നമ്മൾ ഒത്തു പോകുകയില്ല. പുതിയ നീക്കമായാലും ദേവസ്സിക്കുട്ടിയും കരുണാകരനും ബേജാറായിട്ടു കാര്യമില്ല. ഏതായാലും ഈ കാര്യത്തിൽ ഞാൻ ആൻറണിയേയും അഭിനന്ദിക്കുകയാണ്. അങ്ങനെ ഒരു ജില്ലാ ഭരണത്തിന് നാം തുടക്കമിടുകയാണ്. ഈ അവസരത്തിൽ ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയയോടും ബഹുമാനപ്പെട്ട വാസുദേവൻ നായരോടും ഒന്നു മാത്രമേ അഭ്യർത്ഥിക്കാനുള്ളു, ഇതു പാസാക്കിയാൽ മാത്രം പോരാ ഇതു നടപ്പിൽ വരുത്തണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഈ സഭയുടെ എല്ലാ ഭാഗത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സന്തോഷിക്കാനും അഭിമാനിക്കാനും വകയുള്ള ഒരു സന്ദർഭമാണ് ഇത്. ഇതുപോലെ ഒരു നിയമം പാസാക്കുമ്പോൾ അതിനുള്ള നേട്ടം അല്ലെങ്കിൽ അതിൻെറ പേരിലുള്ള അവകാശവാദം ഈ ഗവൺമെൻറ് നടത്താൻ ഉദ്ദേശിക്കുന്നില്ല. ഈ നിയമത്തെ സംബന്ധിച്ച് ഇതു പാസ്സാക്കുന്നതു സംബന്ധിച്ച് ഈ സഭയിലെ എല്ലാ കക്ഷികളും ഒരുപോലെയാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതിൻെറ വിശദാംശങ്ങളിൽ തീർച്ചയായും വ്യത്യസ്തമായ സമീപനങ്ങൾ ഇപ്പോഴും ഉണ്ടാകാം. അത് മററൊരു പ്രശ്നം. അതുകൊണ്ട് ഇതുപോലെ ഒരു സന്ദർഭത്തിൽ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ വ്യാഖ്യാനത്തിനോ തർക്കത്തിനോ ഞാൻ ഇല്ല. അങ്ങനെ ഇവിടെ അധികം മെമ്പറൻമാർ സംസാരിച്ച് കേൾക്കാത്തതിൽ സന്തോഷമുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇതിൻെറ ആത്മാവ് നഷ്ടപ്പെട്ടു പോയി എന്നു പറഞ്ഞതുകേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി; അതും അദ്ദേഹം പറഞ്ഞതു കൊണ്ട്. അത്രമാത്രമേ അതിനെപ്പററി എനിക്കു പറയാനുള്ളു. സർ, ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണിയും മററു പല ബഹുമാനപ്പെട്ട മെമ്പറൻമാരും ചൂണ്ടിക്കാണിച്ചതുപോലെ പ്രാധാന്യമുള്ള പല നിയമനിർമ്മാണങ്ങളും ഈ സഭ നടത്തിയിട്ടുണ്ട്. ഒരു പക്ഷേ ഇൻഡ്യയിലെ മററു നിയമസഭകൾ ഒന്നും ഇതുവരെ നടത്തിയിട്ടില്ലാത്തത്രയും പ്രാധാന്യമുള്ള ചില നിയമനിർമ്മാണങ്ങൾ പോലും നടത്തിയിട്ടുണ്ട് ഈ സഭ. അതിൽ ഒന്നാണ് ഒരു പക്ഷേ എൻെറ അഭിപ്രായത്തിൽ നമ്മുടെ കാർഷിക പരിഷ്കാര നിയമം. ഇൻഡ്യയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായി ജന്മിത്തം അവസാനിപ്പിക്കാൻ ഒരു നിയമനിർമ്മാണം പാസ്സാക്കിയത് ഈ നിയമസഭയാണ്. അതുപോലുള്ള മററു നിയമങ്ങളും ഈ സഭ പാസ്സാക്കിയിട്ടുണ്ട്. സർ, കേരള നിയമസഭയുടെ ചരിത്രം പരിശോധിക്കുന്ന ഭാവി ചരിത്രകാരൻമാർ പ്രാധാന്യമുള്ള നിയമങ്ങളുടെ പട്ടികയിൽ ഈ ജില്ലാ ഭരണ നിയമത്തെ ഉൾപ്പെടുത്തുമെന്ന കാര്യം വളരെ തീർച്ചയാണ്. അത്രയും ദൂരവ്യാപകമായ ഫലമാണ് ഈ നിയമനിർമ്മാണത്തിന് ഉള്ളത്. സർ, ഇതിനകത്ത് ജില്ലയിലേക്ക് പകർന്നു കൊടുക്കുന്ന അധികാരം പൂർണ്ണമാണോ ആവശ്യത്തിനു മാത്രമുണ്ടോ കൂടുതൽ കൊടുത്തുകൂടെ എന്നെല്ലാം നമുക്കു ചർച്ച ചെയ്യാവുന്നതാണ്. എന്നാൽ ഞാൻ താരതമ്യപഠനം നടത്തിയിട്ടില്ലെങ്കിലും നമ്മുടെ നിയമത്തിനകത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ മേഖലയിൽ, വികസന പ്രവർത്തനങ്ങളുടെ മേഖലയിൽ സാമാന്യം വിപുലമായ അധികാരങ്ങൾ ജില്ലാ ഭരണ സമിതിക്ക് വിട്ടുകൊടുക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇൻഡ്യയിലെ മററു നിയമങ്ങളെ സംബന്ധിച്ച് എനിക്ക് അറിഞ്ഞുകൂടാ. താരതമ്യ പഠനം നടത്തിയിട്ടില്ല. പക്ഷെ, ഈ നിയമം, തീർച്ചയായും ഇൻഡ്യയിൽ ഇന്നു നിലവിലിരിക്കുന്ന നിയമങ്ങളുടെ എല്ലാം മുൻപന്തിയിലാണ് ഈ കാര്യങ്ങളിൽ എന്ന് നമുക്ക് ഉറപ്പായി അവകാശപ്പെടാൻ കഴിയും.

സർ, ജനാധിപത്യ പ്രക്രിയയിൽ വികസനം ആഗ്രഹിക്കുന്ന നാമെല്ലാം ആഗ്രഹിക്കാറുള്ളത്, നാമെല്ലാം സ്വപ്നം കാണാറുള്ളത് നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഭരണത്തിൽ കൂടുതൽ പങ്കുവേണം, ഭരണ വികേന്ദ്രീകരണം വേണം എന്നെല്ലാമാണ്. അങ്ങനെ ജനങ്ങൾക്ക് ഭരണത്തിൽ കൂടുതൽ പങ്ക് എന്ന ആശയം പ്രാവർത്തികമാകുമ്പോൾ ഇതു പോലെ ഒരു നിയമനടപടിയോടൊപ്പം മററു നിരവധി ഭരണ നടപടികൾ കൂടി ആവശ്യമാണ്. ഈ നിയമനിർമ്മാണം കൊണ്ടു മാത്രമായി എന്ന് ഞാൻ ഒരിക്കലും വിചാരിക്കുന്നില്ല. ഇത്തരുണത്തിൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. പി. ഗോപാലൻ അവതരിപ്പിച്ച പ്രശ്നം വളരെ പ്രസക്തമാണ്. ഭരണ ഭാഷയുടെ പ്രശ്നം. സർ, വിദേശ ഭാഷയിലൂടെ ദീർഘ കാലം ഭരണവും അതു പോലെ തന്നെ നമ്മുടെ വിദ്യാഭ്യാസ മാധ്യമവും പേറി നടക്കാൻ നിർബന്ധിതരായിത്തീർന്ന ഒരു ജനതയാണ് നാം. അത്തരം ഒരു നിർഭാഗ്യത്തിന് വിധേയരായ ഒരു ജനതയാണ് നാം. അതെല്ലാം മാറി നമ്മുടെ ജനതയ്ക്ക് ഭരണത്തിൽ പങ്കുണ്ടാകാൻ കഴിയണമെങ്കിൽ ഈ മണ്ണിന്റെ മണമുള്ള ഒരു ഭരണമുണ്ടാകണമെങ്കിൽ പ്രാഥമികമായ ഒരു ആവശ്യമാണു സർ, എല്ലാ നിലവാരത്തിലും താലൂക്ക്, വില്ലേജ് തലങ്ങളിൽ മാത്രമല്ല ഈ സെക്രട്ടേറിയററ് നിലവാരംവരെ നമ്മുടെ മാതൃഭാഷയിൽ തന്നെ ഭരണം നടത്തണം. അതിന് തടസമുണ്ട്, എതിർപ്പുണ്ട്. വെസ്ററഡ് ഇൻസ്ട്രസ്ററുണ്ട്. എനിക്ക് അതിൽ സംശയമില്ല. അത് എത്ര എളുപ്പമാണെന്നും ഞാൻ വിശ്വസിക്കുന്നില്ല.

സർ, അദ്ധ്യയനത്തെ സംബന്ധിച്ചിടത്തോളം മാതൃഭാഷയിൽ ഏററവും ഉന്നതമായ ബിരുദാനന്തര പഠനം വരെ നടത്താൻ കഴിയുമെന്ന് ലോകത്തിലെ എത്രയോ ജനതകൾ തെളിയിച്ചു കഴിഞ്ഞിട്ടും നമ്മുടെ നാട്ടിൽ അതിന്റെ പ്രായോഗിക വൈഷമ്യത്തെപ്പററി പലരും പറയുന്നതു കേൾക്കാറുണ്ട്. അതുകൊണ്ട് ഈ മാററം ഉണ്ടായേ മതിയാകൂ. ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

ഭരണം മാതൃഭാഷയിൽത്തന്നെ നടക്കണം. അതു നടക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സർ, അതുകൊണ്ട് നമ്മെ സംബന്ധിച്ചിടത്തോളം ഈ നിയമനിർമ്മാണം നിർണ്ണായകമായ ഒരു കാൽവയ്പാണ്. ഈ അവസരത്തിൽ ബഹുമാനപ്പെട്ട കുര്യൻ പറഞ്ഞ കാര്യത്തെപ്പററി എന്റെ ഒരു അഭിപ്രായം പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, അദ്ദേഹം സ്ത്രീകളുടെ പ്രാതിനിധ്യത്തെപ്പററി പറഞ്ഞു. സർ, സ്ത്രീകൾക്കുവേണ്ടി നിയോജകമണ്ഡലങ്ങൾ തന്നെ സംവരണം ചെയ്യണമോ എന്നുള്ളതിനെപ്പററി ഞാൻ സംശയിക്കുന്നു. അത് വാസ്തവത്തിൽ അഭിപ്രായവ്യത്യാസമുള്ള കാര്യമല്ല. വേണമെങ്കിൽ ആലോചിക്കാവുന്ന കാര്യമാണ്. എന്നാൽ എനിക്ക് അതിനകത്തു തോന്നിയ ഒരു അഭിപ്രായം കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്ത് എന്തുകൊണ്ട് തെരഞ്ഞെടുപ്പിൽ കൈവിരലിൽ എണ്ണാൻ മാത്രം സ്ത്രീകൾ സ്ഥാനാർത്ഥികളാകുന്നു. നമ്മളെല്ലാവരും ടോർച്ച് ഉള്ളിലേയ്ക്ക് അൽപ്പം തിരിച്ചു വയ്ക്കേണ്ടതല്ലേ? പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ ഉള്ള രാഷ്ട്രീയ വ്യത്യാസം കൂടാതെ സ്വയം വിമർശനം നടത്തേണ്ടതല്ലേ? ബഹുമാനപ്പെട്ട കുഞ്ഞിക്കണ്ണനോടു ഒന്നു ചോദിക്കട്ടെ, സ്ത്രീകൾക്കു വേണ്ടി ഒരു നിയോജക മണ്ഡലം സംവരണം ചെയ്താലേ സ്ത്രീകൾ സ്ഥാനാർത്ഥികളാകൂ എന്നതാണ് കേരളത്തിലെ അവസ്ഥയെങ്കിൽ നമ്മളെല്ലാവരും ലജ്ജിച്ചു തല താഴ്ത്തേണ്ടതല്ലേ? അതു കൊണ്ടുതന്നെ നമ്മളെല്ലാം ബോധപൂർവ്വം പരിശ്രമിച്ചില്ലെങ്കിൽ അവർ ഉണ്ടാകുകയില്ല. കേരളത്തിൽപോലും ഉണ്ടാകുകയില്ല. സ്ത്രീകൾ വളരെപ്പേർ സ്ഥാനാർത്ഥികാളകണമെങ്കിൽ നമ്മൾ, പാർട്ടികളെല്ലാം അതിനു വേണ്ടി ബോധപൂർവ്വം ശ്രമിക്കണം. അങ്ങനെ വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ സ്ത്രീകൾ ഈ ജില്ലാ കൗൺസിലിൽ അംഗങ്ങളായി വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. എ. പി. കുര്യൻ: ഇതെപ്പററി നമ്മളെല്ലാവരും സംസാരിച്ചു തുടങ്ങിയിട്ടു വളരെക്കാലമായി. പക്ഷേ നിയമസഭാതലത്തിലും മററു തലത്തിലുമൊന്നും ഇതുവരെ പ്രയോഗത്തിൽ വന്നിട്ടില്ല. അതുണ്ടാകുന്നതുവരെ ഈ സംവിധാനം ഉണ്ടാക്കുകയും അതുവന്നാലുടനെ നിറുത്തലാക്കുകയും ചെയ്തുകൂടേ?

ശ്രീ. പി.കെ. വാസുദേവൻ നായർ: എന്റെ അഭിപ്രായത്തിൽ ഇതിനാണു കൂടുതൽ പ്രാധാന്യം. സ്ത്രീകളെ സ്ഥാനാർത്ഥികളാക്കി നിറുത്താൻപററുമോ ഇല്ലയോ എന്നറിയണം. സെലക്ററ്കമ്മിററി സ്ററേജിൽനിന്നും വന്നതിനേക്കാൾ സമ്പന്നമാണ് ഇപ്പോൾ ഈ നിയമം. മററെല്ലാ ബില്ലുകളും സമ്പന്നമായതിനേക്കാളും സമ്പന്നമായിട്ടുണ്ട് ഈ ബിൽ. സർ, ഈ സന്ദർഭത്തിൽ ഈ നിയമത്തിന്റെ ഗുണദോഷങ്ങളെപ്പററിയൊന്നും പറയാൻ ഞാനുദ്ദേശിക്കുന്നില്ല. കേരളനിയമസഭയിൽ ഈ ബില്ലിനു സാക്ഷ്യം വഹിക്കാനുള്ള ഭാഗ്യം നമ്മൾക്കാണല്ലോ ഉണ്ടായത് എന്നകാര്യത്തിൽ നമുക്കെല്ലാവർക്കും കൃതാർത്ഥതയ്ക്കും സന്തോഷത്തിനും അവകാശമുണ്ട്. ഇവിടെ പല മെമ്പർമാരും അനുസ്മരിച്ച യശശ്ശരീരനായ അഹമ്മദുകുട്ടിക്കുരിക്കളെ ഞാനും ഈയവസരത്തിൽ സ്മരിക്കുകയാണ്. ഈ സംവിധാനത്തിൽ വിശ്വാസമർപ്പിച്ചിരുന്ന ആളാണദ്ദേഹം. എന്റെ സഹപ്രവർത്തകനായ നഹാസാഹിബ് ഈ സമയത്ത ഈ സഭയിൽ ഇല്ലാതെപോയതിൽ എനിക്കു കുണ്ഠിതമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹവുംകൂടി ഇപ്പോൾ ഇവിടെ ഉണ്ടായിരിക്കേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ സി.എച്ച്. മുഹമ്മദുകോയ ഇവിടെ തപസ്സിരിക്കുകയാണ്. നാലഞ്ചു ദിവസമായി അദ്ദേഹം ഇവിടെ ഒരേ ഇരിപ്പാണ്. എനിക്കതു കണ്ടപ്പോൾ വാസ്തവത്തിൽ വിഷമം തോന്നി. പക്ഷേ ആ ഇരിപ്പിന് ഗുണമുണ്ടായി. ഈ ബിൽ ഈ നിയമസഭാസമ്മേളനത്തിൽത്തന്നെ പാസാക്കണമെന്നു നമുക്കു നിർബന്ധമുണ്ടായിരുന്നു. സർ, ഇവിടെ ചില ലക്ഷണക്കേടുകളൊക്കെ പറഞ്ഞു ശ്രീമാൻ ദേവസ്സിക്കുട്ടി. അദ്ദേഹത്തിനു കരിനാക്കുണ്ടെന്നു തോന്നുന്നു. അദ്ദേഹം പറഞ്ഞു ഒന്നരമണികഴിഞ്ഞേ ഇതു പാസാക്കാവൂ എന്ന്. അതുകൊണ്ടാണ് ഈ ഒന്നരമണികഴിഞ്ഞുപോയതെന്നാണെനിക്കുതോന്നുന്നത്. എനിക്കൊരപേക്ഷയുണ്ട് ശ്രീമാൻ ദേവസ്സിക്കുട്ടിയോട്. കുറഞ്ഞപക്ഷം നിയമസഭാ സാമാജികൻമാരായ നമ്മളെങ്കിലും ഇനി രാഹുകാലത്തെപ്പററിയും ഗുരുവായൂരപ്പന്റെ കാര്യത്തെപ്പററിയുമൊന്നും പറയരുത്. രാഹുകാലത്തിൽ ഇതുപോലൊരു നിയമം പാസായാൽ ആകാശമിടിഞ്ഞുവീഴുമെന്നോ നമ്മൾ തകർന്നു പോകുമെന്നോ ഒക്കെയുള്ള വാദങ്ങൾ ഇനിയെങ്കിലും ഉന്നയിക്കരുത്. എന്തെല്ലാം പ്രതിബന്ധങ്ങളുണ്ടായാലും ശരി ഇത്തരത്തിലുള്ള നിയമങ്ങൾ പാസാക്കിയെടുക്കേണ്ടത് നമ്മുടെ രാജ്യത്തിന്റെ ആവശ്യമാണ്, ജനാധിപത്യത്തിന്റെ വികസനത്തിനാവശ്യമാണ്. അതുകൊണ്ട് ആണ് ഈ ബില്ലിനു നമ്മൾ ഇത്രയധികം പ്രാധാന്യം കൊടുത്തത്. വളരെ വൈകിപ്പോയി എന്നതു ഞാൻ സമ്മതിക്കുന്നു. അതു നമ്മളെല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. എങ്കിലും ഇപ്പോഴെങ്കിലും ഇതു പാസാക്കിയെടുക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് ഈ നിയമം ഈ നിയമസഭ ഐകകണ്ഠമായി പാസാക്കിത്തരണമെന്നു വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഈ ബില്ലിന്റെ മൂന്നാംവായന, നിയമത്തിൽ ഒതുങ്ങിനിന്നുകൊണ്ടു തന്നെയാണ് നടന്നത്. അതിനു മറുപടി പറയുന്ന ഈ സന്ദർഭത്തിൽ ഈ ബില്ലിന്റെ യഥാർത്ഥ ശില്പിയും ഉപജ്ഞാതാവുമായ യശശ്ശരീരനായ അഹമ്മദുകുരിക്കളുടെ സ്മരണയ്ക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. ഈ ബില്ലിന്റെ സെലക്ട് കമ്മിററിയിൽ വിശ്രമമില്ലാതെ പരിശ്രമിക്കുകയും സമയവും ആരോഗ്യവും ഇതിനുവേണ്ടി നഷ്ടപ്പെടുത്തി ഷൊർണ്ണൂർ ആശുപത്രിയിൽ വിശ്രമിക്കുകയും ചെയ്യുന്ന അവുക്കാദർകുട്ടി നഹയുടെ സേവനങ്ങൾ ഓർമ്മിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കാനാഗ്രഹിക്കുന്നത്. പാദുകപട്ടാഭിഷേകം പോലെ താൽക്കാലികമായി ഈ വകുപ്പിന്റെ ചുമതല ഏറെറടുത്ത് ഈ ബില്ലിനുവേണ്ടി പരിശ്രമിച്ച എനിക്കും കിട്ടി അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ. ഈ ബിൽ പാസാക്കുന്നതിന് ഗവൺമെൻറിനുണ്ടായിരുന്ന നിർബന്ധവും ആത്മാർത്ഥതയും എല്ലാവരും മനസ്സിലാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓർഡിനൻസുകൾപോലും നിയമമാക്കുന്നതിനുമുൻപ് ഈ നിയമം പാസാക്കുന്ന കാര്യത്തിൽ ഗവൺമെൻറ് കാണിച്ച മനഃസ്ഥിതിക്ക്, ആത്മാർത്ഥത എന്നപേര് നൽകാൻ അശേഷവും മടിക്കേണ്ടതില്ല എന്നാണ് എന്റെ സ്നേഹിതൻമാരോടു പറയാനുള്ളത്. നമ്മളെല്ലാവരും ഈ ബില്ലിനു സാക്ഷ്യം വഹിക്കുന്നവരാണ്. ഇതു നടപ്പിലാക്കുന്നതിൽ യാതൊരു കാലതാമസവും ഉണ്ടാകുകയില്ലെന്നും അതിനുള്ള നടപടികൾ ആരംഭിക്കുമെന്നും ഉറപ്പുനൽകാൻ എനിക്കു സന്തോഷമുണ്ട്. സർ, നാം കുറേ അധികാരങ്ങൾ ജില്ലാതല

LIBRARY ARCHIVES Kerala Legislative Assembly

ത്തിലേക്ക് വികേന്ദ്രീകരിച്ചുകൊടുക്കുകയാണ്. ആ അധികാരങ്ങൾ പോരാ എന്നും ഏതാണ്ട് മുഴുവൻ അധികാരങ്ങളും വികേന്ദ്രീകരിച്ച് ജില്ലകളെ പൂർണ്ണമായ അധികാരമുള്ളവയാക്കണമെന്നും ഈ സഭയിൽ ചില മെമ്പർമാർക്കഭിപ്രായമുണ്ടായിരുന്നു. ഇപ്പോൾ കൊടുത്തതുതന്നെ അധികപ്പററാണ്. ഇത്രയൊന്നും കൊടുക്കേണ്ടതില്ല. ക്രമേണക്രമേണയായി കൊടുത്താൽമതി എന്ന അഭിപ്രായമുള്ളവരും ഉണ്ട്. അതിൻെറയെല്ലാം ഒരു മദ്ധ്യമാർഗ്ഗമാണ് ഗവൺമെൻറ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ചില ഭേദഗതികളൊക്കെ സ്വീകരിക്കാൻ സാധിക്കാതെവന്നതിൽ എനിക്കു വളരെ ഖേദമുണ്ട്. ആ ഭേദഗതികൾ അവതരിപ്പിച്ച മെമ്പർമാരോടുള്ള അനാദരവുകൊണ്ടാണ് അങ്ങനെ ചെയ്തത് എന്ന് അവർ ഒരിക്കലും ധരിക്കരുതെന്നുകൂടി ഈയവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്, ഈ ബിൽ നിയമമാക്കുന്നതിനുവേണ്ടി സെലക്ടു കമ്മിററിയിലും ഈ സഭയിലും എല്ലാവരും നൽകിയ സംഭാവനകൾക്ക് ഞാൻ അവരോട് എന്നും കടപ്പെട്ടവനായിരിക്കും. നമ്മുടെയെല്ലാം കൂട്ടായ ഉത്തരവാദിത്വവും പരിശ്രമവുംകൊണ്ടാണ് ഈ നിയമം ഉണ്ടായത്. ഭിന്നാഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തിയവരുണ്ടെങ്കിലും സെലക്ററ് കമ്മിററിയിലെ എല്ലാ മെമ്പർമാരും വളരെ ആത്മാർത്ഥമായി സഹകരിച്ചതുകൊണ്ടാണ് ഈ ബിൽ ഈ വിധത്തിൽ രൂപം കൊണ്ടത്. അഭിനന്ദനങ്ങളെല്ലാം ഞാനാണ് ഏററുവാങ്ങിയതെങ്കിലും ഈ സഭയിലെ എല്ലാ മെമ്പർമാർക്കും അവകാശപ്പെട്ട കുട്ടിയാണ് ഈ ബിൽ എന്നു പറയുന്നതിൽ എനിക്കു വളരെയേറെ സന്തോഷമുണ്ട്. ഈ ബില്ലിനു ജൻമം കൊടുക്കുന്നതിൽ സഹകരിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്ത എല്ലാ മെമ്പർമാരേയും ഞാൻ ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു. സെലക്ററ് കമ്മിററി റിപ്പോർട്ടു ചെയ്തതിനേക്കാൾ അൽപ്പം കൂടി മെച്ചപ്പെട്ട രീതിയിലാണ് ഇതു നിയമമാക്കിയത് എന്നു ഞാൻ അവകാശപ്പെടുകയാണ്. 21 വയസ് പ്രായമുള്ളവർക്ക് ജില്ലാ ഭരണ സമിതിയിൽ അംഗങ്ങളാകാൻ അനുവാദം കൊടുത്തത് വാസ്തവത്തിൽ വലിയൊരു നേട്ടമാണ്. അതിനുവേണ്ടി വാദിച്ചവരോടും അതിൽ സഹകരിച്ചവരോടുമെല്ലാം എനിക്കു നന്ദിയുണ്ട്. സർ, ഈ മാതിരി കാര്യങ്ങളിലൊക്കെ കേരളമാണ് എപ്പോഴും മുന്നണിയിൽ. ചരിത്രത്തിലാദ്യമായി സർവ്വകലാശാലകളുടെ ഭരണത്തിൽ വിദ്യാർത്ഥികൾക്കു പങ്കാളിത്തം നൽകിയത് ഈ സഭയാണെന്ന കാര്യം ഞാൻ ഇത്തരുണത്തിൽ ഓർമ്മിക്കുകയാണ്. ആ കാര്യം പിന്നീടു പല നിയമസഭകളും പകർത്തുകയുണ്ടായി. നമ്മുടെ യുവാക്കൻമാർക്ക് സർവ്വകലാശാലയുടെ ഭരണത്തിൽ പങ്കാളിത്തം കൊടുത്തതുകൊണ്ട് ഗുണമല്ലാതെ ദോഷമൊന്നുമുണ്ടായിട്ടില്ലെന്ന് തെളിയുകയും ചെയ്തു. അതുപോലെ ജില്ലാ ഭരണസമിതിയിലും 21 വയസ്സായവർക്കു പങ്കാളികളാകാൻ അവസരം കൊടുത്തതുകൊണ്ട് ഒരിക്കലും ദോഷമുണ്ടാകുകയില്ല. അതുപോലെതന്നെ നമ്മുടെ സഹോദരിമാരുടെ കാര്യവും സ്ത്രീകൾക്ക് തിരഞ്ഞെടുപ്പിൽ നിൽക്കുന്നതിനോ പ്രസിഡൻറാകുന്നതിനോ യാതൊരു തടസ്സവുമില്ലെങ്കിലും അവർക്കു പ്രാതിനിധ്യം കിട്ടാൻ ഇന്നത്തെ സ്ഥിതിയിൽ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ രണ്ടു സീററ് നോമിനേഷൻ വഴി നൽകാനും ശ്രദ്ധിച്ചിട്ടുണ്ട്. അങ്ങനെ ആക്ഷേപമില്ലാത്ത വിധത്തിൽ നമ്മുടെ സഹോദരിമാർക്ക് ഭരണത്തിൽ പങ്കാളിത്തം നൽകാൻ കഴിഞ്ഞതിലും ഞാൻ അഭിമാനിക്കുകയാണ്. ദീർഘമായ ഒരു പ്രസംഗത്തിനു പററിയ സന്ദർഭമല്ല ഇത്. എല്ലാ ഭാഗത്തു നിന്നും കിട്ടിയ സഹകരണങ്ങളോടുള്ള ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് കേരളത്തിൻെറ ചരിത്രത്തിൽ അതിപ്രധാനമായ ഈ നിയമനിർമ്മാണം ഐകകണ്ഠ്യേന പാസാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The question that the Kerala District Administration Bill, 1978, be finally passed, was put and carried.

The Bill was unanimously passed.

Mr. Deputy Speaker: The Assembly will not meet in the afternoon. The Assembly will now adjourn and meet again tomorrow at 8. 30 a.m.

1979 മാർച്ച് 8-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് രണ്ടു മണിക്ക് പിരിഞ്ഞു.

അനുബന്ധം I

[7–3–1979-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 315 (332) കാണുക]

GOVERNMENT OF KERALA

Abstract

RULES FOR THE GRANT OF SUBSIDY TO FULL LENGTH FEATURE FILMS PRODUCED IN KERALA—AMENDMENT ISSUED

GENERAL ADMINISTRATION (SPECIAL-B) DEPARTMENT

G.O. (Ms.) No. 368/78/GAD. *Dated, Trivandrum, 9th August* 1978.

Read:— 1. G.O. (Ms.) No. 319/78/GAD. dated 5-7-1978.

2. From the Managing Director, Kerala State Film Development Corporation Ltd. letter No. 230/77/T2/KSFDC, dated 29-7-1978.

ORDER

Government are pleased to order that rule 6 (2) of the rules for the grant of subsidy to full length feature films produced in Kerala issued in the G.O. read as first paper above will be substituted by the following:

"(2) on receipt of the sanction from the Government, the Corporation shall obtain an indemnity bond in the form in Annexure III to these rules executed by the producer along with two solvent sureties or sureties of two Gazetted Officers (not in the employment of the Corporation) and satisfy themselves that it has been properly executed. The Corporation will thereafter release the subsidy amount to the producer."

By order of the Governor,

P.P. ACHUTHA MENON,

Joint Secretary.

To

The Managing Director, Kerala State Film Development Corporation Ltd.
The Director of Public Relations.
The Finance Department. (53293-Exp. B2/78/fin. dt. 7-8-1978)
The Accountant General.

2/449—19

LIBRARY ARCHIVES Kerala Legislative Assembly